THE MALANKARA SABHA


# മലങ്കരസഭ

AUGUST 2018

The Official Media of Malankara Orthodox Syrian Church

Price ₹ 20

*August 30 : Birthday Greetings*





# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം


www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com
ലക്കം 8, പുസ്തകം 72, ഓഗസ്റ്റ് 2018




അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 95-ാം ഓർമ്മ; സെപ്റ്റം. 23 ഗോവ പഞ്ചിം സെ. മേരീസ് പള്ളിയിൽ


President
Dr. Geevarghese Mar Yulios
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 20/-


## അകം





മഹാപുരോഹിത സന്ദേശം 4
എഡിറ്റോറിയൽ 6
പ്രൊഫ. പി.സി.ഏലിയാസ് 8
ഫാ. ഡോ. ഒ. തോമസ് 10
ഡോ. ഗീവർഗീസ് മാർ യൂലിയോസ് 12
സഖേർ 14
ഫാ. ഡോ. റെജി മാത്യു 20
ഫാ. ഡോ. റ്റി. ജെ. ജോഷ്വ 22
യൂഹാനോൻ മാർ പോളിക്കാർപ്പോസ് 24
ഫാ. സജി വർഗീസ് അമയിൽ 25
അഡ്വ. ജാസ്മിൻ എബി മാത്യൂസ് 28
ജോസഫ് എം. പുതുശ്ശേരി 32
ഫാ. ഗീവർഗീസ് മേക്കാട്ട് 39
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം 41
ഫാ. തോമസ് രാജു കരുവാറ്റ 42
ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ 46



2018
ഓണം ആശംസകൾ


## മലങ്കരസഭാ മാസിക

● മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണമായി നിക്ഷേപിക്കുന്നവർ ബാങ്ക് ചാർജും കൂടി അടച്ച് 0481-2573234/9947804477 എന്ന നമ്പരിൽ നിർബന്ധമായും വിളിച്ചറിയിക്കണം.

[Bank -S.B.I. Devalokam,
Account Name & Number
-MALANKARA SABHA
(57017053203)
IFSC Code - SBI N 0070820

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**പാമ്പാടി:-** മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 38-ാം ഓർമ്മ ഓഗസ്റ്റ് 31-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ.

**മുളന്തുരുത്തി:-** യുയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 144-ാം ഓർമ്മ സെപ്റ്റംബർ 2-ന് മുളന്തുരുത്തി പള്ളിയിൽ.

**ഗോവ:-** അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 95-ാം ഓർമ്മ സെപ്റ്റം. 23-ന് ഗോവ പഞ്ചിം സെന്റ് മേരീസ് പള്ളിയിൽ.

**ആലുവ:-** ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 21-ാം ഓർമ്മ സെപ്റ്റംബർ 28-ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ.


## EMOTIONAL SUPPORT CENTRE

മനസു തുറന്ന് പ്രശ്നങ്ങൾ പറയാൻ സാധിക്കുന്ന, ക്ഷമയോടെ കേട്ടിരിക്കാൻ മനസ്സുള്ള ഒരു സുഹൃത്ത് മതി ഏതു പ്രതിസന്ധിയിൽ നിന്നും നമ്മൾ കരകയറും. മലങ്കര ഓർത്തഡോക്സ് സഭാ മാനവശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിപാസന വൈകാരിക സഹായകേന്ദ്രം (Vipassana Emotional Support Centre) നിങ്ങൾക്ക് ഉറപ്പു നൽകുന്നുണ്ട് ഇത്തരത്തിലുള്ള സേവനമാണ്. രാത്രിയോ പകലോ ആയിക്കോട്ടെ. നിങ്ങൾക്കു പറയാനുള്ളതെല്ലാം കേട്ടിരിക്കുന്ന സുഹൃത്താണ് വിപാസന.

മാനസിക പിരിമുറുക്കം, തൊഴിൽ സമ്മർദ്ദം, കുടുംബ പ്രശ്നങ്ങൾ, പരീക്ഷാ ഭയം, ആത്മഹത്യാ പ്രവണത, അകാരണ ഭയം, മദ്യ-മയക്കുമരുന്ന് ആഭിമുഖ്യം തുടങ്ങിയ വൈകാരിക പ്രതിസന്ധികൾ നേരിടുന്നതിൽ നിങ്ങൾ പ്രയാസപ്പെടുന്നുണ്ടോ? വിപാസന നിങ്ങളുടെ സഹായത്തിനുണ്ട്. വൈകാരിക പ്രശ്നങ്ങൾ നേരിടുന്ന ആർക്കും ഫോണിലൂടെയോ, നേരിട്ടോ വിപാസനയുമായി ബന്ധപ്പെടാം. വിളിക്കുന്നയാൾ ആരാണെന്നോ എവിടെ നിന്നാണെന്നോ പോലും വെളിപ്പെടുത്താതെ പ്രശ്നം പങ്കുവയ്ക്കാം. വിഷമങ്ങൾ തുറന്നു പറയാം. ടെലിഫോൺ ഹെൽപ്പ്ലൈൻ, മുഖാമുഖ ചർച്ചകൾ, ആത്മഹത്യാ പ്രതിരോധ പ്രവർത്തനങ്ങൾ, കുടുംബ സംഗമങ്ങൾ, ബധവൽക്കരണ-പരിശീലന പരിപാടികൾ തുടങ്ങി വ്യത്യസ്തമായ വഴികളിലൂടെയാണ് വിപാസനയുടെ പ്രവർത്തനങ്ങൾ. ഉറ്റവരുടെ വേർപാട് തളർത്തിയവരെ പഴയ ജീവിതത്തിലേക്കു തിരികെക്കൊണ്ടുവരാനും വിപാസന കൂടെയുണ്ട്. വിപാസനയുടെ സേവനങ്ങൾ തികച്ചും സൗജന്യമാണ്. മാനസിക സംഘർഷങ്ങളിൽപ്പെട്ട് ജീവിതം കൈവിട്ടുപോകുന്നതിനായി തോന്നിയാൽ വിപാസനയിലേക്കു വിളിക്കാം. *ഫോൺ:* 0481 2584533, 8078752574, *email:* vipassana.mohe@ gmail.com, *Address:* Vipassana Emotional Support Centre, MGOCSM Student Centre, CMS College Junction, Kottayam-1

# മലങ്കരസഭ

10 ഓഗസ്റ്റ് 2018

എല്ലാ മാസവും മലങ്കരസഭയുടെ അക്ഷര പ്രകാശം



## EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ
Phone: 0481- 2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
അഡ്വ. ബിജു ഉമ്മൻ
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*Cover & Graphic Designing:-*
Jinto Kurichy @
Malankara Sabha

www.malankarasabhaonline.in


## വരിസംഖ്യ

**ഇന്ത്യയിൽ**
ഒറ്റപ്രതി : 20 രൂപ
ഒരുവർഷം: 200 രൂപ
5 വർഷം: 900 രൂപ

**വിദേശത്തേക്ക്**
ഒരു വർഷം : 3000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

# മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

ഏറെ ഹൃദയഭാരത്തോടെയാണ് നാം ഇതെഴുതുന്നത്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നതുപോലെ- ''എനിക്ക് വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന് എന്റെ മന:സാക്ഷി എനിക്ക് പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു'' (റോമ. 9:2) അടുത്ത കാലത്തായി സഭയിലും സമൂഹത്തിലും ഉണ്ടായിവരുന്ന ചില സംഗതികൾ നമുക്ക് വളരെ ദു:ഖം ഉളവാക്കുന്നു. നമ്മുടെ ക്രൈസ്തവ സാക്ഷ്യത്തിന് നേരെപോലും ഏറെ ചോദ്യങ്ങൾ ഉയരുന്നുണ്ട്. സകല പ്രതിബന്ധങ്ങളിലും കണ്ണിലെ കൃഷ്ണമണിപോലെ നമ്മെ കരുതുന്ന കർത്താവിലാണ് നാം ആശ്രയം വച്ചിരിക്കുന്നത്. ഈ മാർഗത്തിലൂടെ നമ്മെ നയിച്ചിട്ടുള്ളത് ദൈവാശ്രയത്തോടെ ജീവിച്ചിട്ടുള്ളവരും ജീവിക്കുന്നവരുമായ പിതാക്കന്മാരാണ്. അവരുടെ പ്രാർത്ഥനയും കണ്ണുനീരും ജാഗരണവും അജപാലന ശുശ്രൂഷയും നാമേവർക്കും ബലമുള്ള അഭയ സങ്കേതമാണ്. എന്നാൽ ഇന്ന് ചില വൈദികസ്ഥാനികൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള പരാതികൾ നമ്മെ ഏറെ ഭാരപ്പെടുത്തുന്നു. ആരോപണ വിധേയരായ വൈദികരെ അന്വേഷണവിധേയമായി അവരുടെ ചുമതലകളിൽനിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. കുറ്റം ചെയ്തതായി ബോദ്ധ്യപ്പെടുന്നപക്ഷം കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാട് നാമോ പരിശുദ്ധ സഭയോ കൈക്കൊള്ളുന്നതല്ല. കർശനമായ ശിക്ഷണ നടപടി അവർക്കെതിരെ കൈക്കൊള്ളുന്നതാണ്. എന്നാൽ ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടുന്നില്ല എന്നുറപ്പാക്കാനും നമുക്ക് ബാദ്ധ്യതയുണ്ട്. വൈദികരെ സംബന്ധിച്ച് പരാതി ഉന്നയിച്ചിട്ടുള്ളവർക്ക് അധികാരികളെ സമീപിക്കാവുന്നതാണെന്നും കുറ്റം ചെയ്തിട്ടുള്ളപക്ഷം ആരെയും സംരക്ഷിക്കുന്നതല്ലായെന്നുമുള്ള നിലപാട് നാം അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ നീതിയുക്തമായും സത്യസന്ധമായും അന്വേഷണം പൂർത്തീകരിക്കപ്പെടണം എന്ന് തന്നെയാണ് നാം ആഗ്രഹിക്കുന്നത്. അതിനായി ഏവരും പ്രാർത്ഥിക്കുകയും ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യണം.

നമ്മുടെ വാത്സല്യ മക്കളെ, വളരെ ഗൗരവമുള്ള സംഗതിയാണ് നമ്മുടെ വൈദികരുടെമേൽ ആരോപിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പൊതുസമൂഹവും ക്രൈസ്തവ സഭകളും അത് ചർച്ച ചെയ്യുന്നത് സ്വാഭാവികമാണ്. എങ്കിലും ഈ അവസരം ഉപയോഗിച്ചുകൊണ്ട് സ്വാർത്ഥ ലക്ഷ്യങ്ങൾ നേടുവാനും സഭയെ തേജോവധം ചെയ്യുന്നതിനും പൗരോഹിത്യത്തെ മുഴുവനായും അവഹേളിക്കുന്നതിനും കൂദാശകളെ നിരാകരിക്കുന്നതിനും ആസൂത്രിതപ്രചാ

രണം നടക്കുന്നുവോ എന്നത് അനേകരുടെയും മനസ്സിൽ ഉളവായിട്ടുള്ള സംശയമാണ്. ഇവയ്ക്കെതിരെ സഭാമക്കൾ ജാഗരൂകരാകണം. സഭാമക്കളേവരും തികഞ്ഞ ഐക്യത്തോടെ പ. സഭയുടെ കെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കണം. സഭയ്ക്കെതിരെയുണ്ടാകുന്ന ആസൂത്രിത നീക്കങ്ങളെ നാം തിരിച്ചറിയണം. പരിശുദ്ധ സഭ മുഴുവനായും ദൈവാശ്രയത്തിൽ വിശുദ്ധിയോടെ മുമ്പോട്ട് പോകണം. വി. കുമ്പസാരം പോലെയുള്ള കൂദാശകളെ ലാഘവപ്പെടുത്തുന്നതിന് ഇടയാകരുത്. ദൈവവചനത്തിന്റെ വെളിച്ചത്തിൽ, പിതാക്കന്മാർ കൈമാറിത്തന്ന ദിവ്യകൂദാശകളെ വിശുദ്ധിയോടെ അനുഷ്ഠിക്കണം.

കർത്താവിൽ വാത്സല്യമുള്ളവരെ, ചില സംഗതികൾ ഗൗരവപൂർവ്വം ഓർമ്മിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. പൗരോഹിത്യം എന്നത് ദൈവം തന്റെ കൃപയാൽ നൽകുന്ന വലിയ ദാനമാണ്. വൈദികരിൽ ബഹുഭൂരിപക്ഷവും ദൈവാശ്രയത്തോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നവരാണ്. എന്നാൽ ഒരു ചെറിയ ന്യൂനപക്ഷത്തിലെങ്കിലും ആരോപിക്കപ്പെട്ടിരിക്കുന്ന കുറവുകൾ സഭയ്ക്ക് ഏറെ വേദനയ്ക്ക് കാരണമായിരിക്കുന്നു. പൈശാചിക പരീക്ഷണങ്ങൾ ഏറെ വർദ്ധിച്ചിരിക്കുന്ന കാലമാണിത്. പരിശുദ്ധനായ പത്രോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ "പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു". അതുകൊണ്ട് "ഉണർന്നിരിക്കുവാനും, നിർമ്മദരായിരിക്കുവാനും" നാം കടപ്പെട്ടവരാണ്. നമ്മുടെ പൗരോഹിത്യ സ്ഥാനികൾ എല്ലാവരും പരിപൂർണ്ണ ദൈവാശ്രയത്തോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കണം. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിന്റെ മാതൃക പിൻപറ്റണം. ഇടവകയിലും സമൂഹത്തിലും തങ്ങളുടെ ഉത്തമസാക്ഷ്യം ഉയർത്തിപ്പിടിക്കുവാൻ അഭിവന്ദ്യരായ മേല്പട്ടക്കാർക്കും വൈദികർക്കും വിശ്വാസികൾക്കും കടമയുണ്ട്. സഭയിലെ എല്ലാ വൈദിക സ്ഥാനികളും ദയറാകളിലെയും കന്യാസ്ത്രീമഠങ്ങളിലെയും അംഗങ്ങളും, വിശ്വാസികളും തങ്ങളുടെ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുവാൻ പ്രാർത്ഥനയോടെ പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം നിങ്ങളെ പ്രബോധിപ്പിക്കുന്നു.

ദൈവീകരായ പിതാക്കന്മാർ കൈമാറിത്തന്ന പാരമ്പര്യങ്ങളെ പെട്ടെന്നുള്ള വികാരങ്ങളുടെ പേരിൽ വിമർശിക്കുവാനും പരിശുദ്ധ സഭയുടെ ശുശ്രൂഷകൾ തികഞ്ഞ സമർപ്പണത്തോടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ബഹുഭൂരിപക്ഷം വൈദികരെയും വിശ്വാസികളെയും ദു:ഖിപ്പിക്കുന്നതിനുമിടയാകരുത്. നിങ്ങളുടെ വേദനയും ആശങ്കകളും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പൂർണ്ണമനസ്സോടെ സഭ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ സമാധാനം ഏവരുടെയും ഹൃദയങ്ങളെ നിറയ്ക്കുവാൻ നാം പ്രാർത്ഥിക്കുന്നു. ദൈവജനത്തിന്റെ അദ്ധ്യക്ഷന്മാരും, ദൈവം അവരെ അദ്ധ്യക്ഷന്മാരാക്കിയിരിക്കുന്ന ആട്ടിൻകൂട്ടവും കാലഘട്ടത്തിന്റെ സൂചനകൾ തിരിച്ചറിഞ്ഞ് അങ്ങേയറ്റം അച്ചടക്കത്തോടും ദൈവാശ്രയത്തോടും കൂടെ വർത്തിക്കണം. എന്നാൽ സമൂഹ മാദ്ധ്യമങ്ങളും ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ചിലർ ദുരുപയോഗം ചെയ്യുന്നത് നമുക്ക് ഭയവും ആശങ്കയും ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ നമ്മുടെ വൈദികർ പ്രാർഥനാ ജീവിത നിഷ്ഠയോടെ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ദൈവജനത്തെ അഭ്യസിപ്പിക്കുവാൻ കൂടുതൽ ഉത്സാഹിക്കണം. അപ്രകാരം തന്നെ നിഷ്ഠയോടെ കുടുംബാരാധന നടത്തുവാനും, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവ പൂർണ്ണതയോടെ നിർവ്വഹിക്കുവാനും നാമേവരും ശ്രമിക്കണം. പ. സഭയുടെ നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയും മേൽപട്ടക്കാരുടെയും വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും ഉന്നതിക്കും വെണ്മയ്ക്കും വേണ്ടിയും ഏവരും പ്രാർത്ഥിക്കണം.

പ്രിയമുള്ളവരെ, പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ നിങ്ങളുടെ സ്നേഹത്തോട് നാം ഹൃദയപൂർവ്വം വീണ്ടും ഓർമിപ്പിക്കുന്നു: "നിങ്ങളുടെ സ്നേഹം നിർവ്യാജം ആയിരിക്കട്ടെ, തീയതിനെ വെറുത്ത് നല്ലതിനോട് പറ്റിക്കൊൾവിൻ, സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ, പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ". ഇപ്പോഴുള്ള വേദനകൾ താത്കാലികമാകുന്നു; കരുണയുള്ളവനായ കർത്താവ് അവയിൽ നിന്ന് നമ്മെ വിടുവിക്കും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

AUGUST **EDITORIAL**

# INDIA

# മത സ്വാതന്ത്ര്യം



## Right to FREEDOM OF RELIGION

72nd Independence Day

Freedom in the mind
Faith in the words
Pride in our hearts
Memories in our Souls

Let's Salute the Nation

'

**ഇ**ന്ത്യയിൽ ഒരു മതത്തിനും മുൻഗണനാ പദവിയോ പ്രശസ്ത നിലയോ അനുവദിച്ചു കൂടാ. അത് ജനാധിപത്യത്തിന്റെ മൗലിക തത്ത്വങ്ങളുടെ ലംഘനവും മതത്തിന്റെയും ഗവണ്മെന്റിന്റെയും ഉത്തമ താൽപ്പര്യങ്ങൾക്ക് വിരുദ്ധവുമായിരിക്കും.

- ഡോ. എസ്. രാധാകൃഷ്ണൻ (മുൻ രാഷ്ട്രപതി)

* * *

**വി.** കുമ്പസാരം നിർത്തലാക്കണമെന്ന നിർദ്ദേശം വ്യക്തിയുടെ വിശ്വാസ സ്വാതന്ത്ര്യം നിഷേധിക്കാനുള്ള നീക്കമായെ കാണാനാകൂ. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണിത്.

- പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

* * *

**ന**മുക്ക് ആവശ്യമായിട്ടുള്ളത് മതനിരപേക്ഷ സമൂഹമോ സെക്കുലർ സമൂഹമോ അല്ല. മത വൈവിധ്യത്തെ ഉൾക്കൊള്ളുന്നതും എല്ലാ മതങ്ങൾക്കും ഒരുപോലെ സർഗ്ഗാത്മക സ്വാതന്ത്ര്യമുള്ളതും, എന്നാൽ ഒരു പ്രത്യേക മതത്തിനും മുൻതൂക്കം കൊടുക്കാത്തതുമായ ഒരു വിശ്വ നാഗരികതയാണ്.


- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

**മ**ത സ്വാതന്ത്ര്യത്തെക്കുറിച്ച് അതിശക്തമായ വ്യവസ്ഥകളുള്ള ഇന്ത്യൻ ഭരണഘടന *മതസ്വാതന്ത്ര്യത്തിനുള്ള അവകാശം* ഉറപ്പാക്കുന്നു. ഏതൊരാൾക്കും തന്റെ മനഃസാക്ഷി അനുസരിച്ച് ഏതു മതം സ്വീകരിക്കുവാനും (to profess) ആ മതവിശ്വാസ പ്രകാരം ജീവിക്കുവാനും (to practice) അത് പ്രചരിപ്പിക്കുവാനും (to propagate) സ്വാതന്ത്ര്യമുണ്ട്. ഇത് ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പുകളിലാണ് വിശദീകരിക്കുന്നത്. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ് (Secular State). മതത്തിന്റെയൊ വിശ്വാസത്തിന്റെയോ അടിസ്ഥാനത്തിലുള്ള വിവേചനത്തിന് എതിരെയുള്ള തത്ത്വമാണ് ഭരണഘടനയിൽ മതേതരത്വം വിഭാവനം ചെയ്യുന്നത്.

എല്ലാ മതവിശ്വാസികളോടും തികച്ചും നിഷ്പക്ഷമായ മനോഭാവം പുലർത്തുന്നതും ഔദ്യോഗികമായി ഒരു മതം അംഗീകരിക്കാത്തതുമായ രാഷ്ട്രം എന്നാണ് ഇത് അർത്ഥമാക്കുന്നത്. ഇതിൽ എല്ലാ മതങ്ങളോടും നിഷ്പക്ഷമായ സമീപനം ഉൾക്കൊള്ളുന്നു. ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാ മതങ്ങളോടും തുല്യ സമീപനമാണുള്ളത്. എല്ലാ മതങ്ങളെയും സമഭാവനയോടെ സമീപിക്കുവാനും മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുവാനും ഭരണഘടന ആഹ്വാനം ചെയ്യുന്നു. മത സ്വാതന്ത്ര്യം ഭരണഘടനയുടെ അടിസ്ഥാന തത്ത്വമാണെങ്കിലും 25-ാം വകുപ്പിൻ പ്രകാരം പൊതുവിലുള്ള ക്രമസമാധാനം, സന്മാർഗ്ഗപരത, പൊതു ആരോഗ്യം എന്നിവയെ ബാധിക്കാത്ത തരത്തിൽ മാത്രമെ മത സ്വാതന്ത്ര്യം വിനിയോഗിക്കുവാനും കഴിയൂ. ഇതിൻ പ്രകാരം ഇതര വിശ്വാസങ്ങളെയോ, അനുഷ്ഠാനങ്ങളെയോ മനഃപൂർവ്വം അവഹേളിക്കുവാൻ ആർക്കും സ്വാതന്ത്ര്യമില്ല. എന്നാൽ വ്യത്യസ്ത മതം, ആചാരം, സംസ്ക്കാരം, ഭാഷ എന്നിവയുടെ ഏതെങ്കിലും ഒന്നിന്റെ അടിസ്ഥാനത്തിൽ ഒരു പൗരനും അയോഗ്യത കല്പിക്കുവാനും കഴിയുന്നില്ല. അതിനാൽ ഇന്ത്യൻ ഭരണഘടനാ ശില്പികൾ നിലനിർത്തിയത് വിശാലമായ ജനാധിപത്യ ദർശനമാണ്.

മതേതര ജനാധിപത്യത്തിന്റെ ശ്രദ്ധേയമായ സവിശേഷതകൾ ഇവയാണ്: *സ്റ്റേറ്റ് ഏതെങ്കിലും ഒരു മതവുമായി ഇണങ്ങിച്ചേരുകയോ ഏതെങ്കിലും മതത്തിന്റെ നിയന്ത്രണത്തിന് വിധേയമാവുകയോ ചെയ്യില്ല. 2. ഒരാൾ അവലംബിക്കാനാഗ്രഹിക്കുന്ന ഏതു മതവും സ്വീകരിക്കാനുള്ള അവകാശത്തിന് സ്റ്റേറ്റ് ഉറപ്പു നൽകുന്നതോടൊപ്പം അവയിലൊന്നിനോടും മുൻഗണന വച്ചുകൊണ്ടുള്ള പെരുമാറ്റം അനുവദിക്കയുമില്ല. 3. ഒരാളുടെ മതമോ വിശ്വാസമോ മൂലം അയാൾക്കെതിരായി സ്റ്റേറ്റ് യാതൊരു പക്ഷപാതവും കാണിക്കയില്ല. 4. പൊതുവായ ഏതു വ്യവസ്ഥയ്ക്കും വിധേയമായി ഏതു പൗരനും ഗവണ്മെന്റിൽ ഏത് ഉദ്യോഗത്തിലും പ്രവേശിക്കാനുള്ള അവകാശം അയാളുടെ സഹപൗരന്റേതിനോടു തുല്യമായിരിക്കും. ഏത് ഇന്ത്യൻ പൗരനും ഏതു പരമോന്നതോദ്യോഗവും നേടാനർഹത നൽകുന്ന രാഷ്ട്രീയ സമത്വം ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള മതേതരത്വത്തിന്റെ ഹൃദയവും ആത്മാവുമത്രേ.*

ഇന്ത്യൻ ഭരണ സംവിധാനത്തിൽ മതസ്വാതന്ത്ര്യം ഒരു രാഷ്ട്രീ




## EDITORIAL

യവും നിയമപരവുമായ അവകാശവുമാണ്. മതപരമായ മനുഷ്യാവകാശം എന്നും വ്യാഖ്യാനിക്കുവാൻ കഴിയും. മനുഷ്യാവകാശങ്ങൾ നിക്ഷേധിക്കപ്പെടുമ്പോഴും നിയന്ത്രിക്കപ്പെടുമ്പോഴും മതസ്വാതന്ത്ര്യവും ഹനിക്കപ്പെടും. അതിനാലാണ് മനുഷ്യാവകാശങ്ങളിൽ മതസ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകിയിരിക്കുന്നത്. മതസ്വാതന്ത്ര്യത്തിന്റെ രണ്ട് മുഖമാണ് വ്യക്തിപരതയും സംഘാത്മകതയും. ഭരണഘടനയിലെ മൗലിക നിയമങ്ങൾ വ്യക്തിപരമായ അവകാശമാണെങ്കിൽ മതസ്വാതന്ത്ര്യത്തിൽ രണ്ടും ഉൾച്ചേരുന്നു. വ്യക്തികൾക്കും മതങ്ങൾക്കും വിശ്വാസം പ്രതിഫലിപ്പിക്കുന്നതിനുള്ള അവകാശവും അധികാരവും ഭരണഘടന വാഗ്ദാനം ചെയ്യുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ 1948-ലെ മനുഷ്യാവകാശ പ്രഖ്യാപനത്തിലാണ് മതസ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് അവതരിപ്പിക്കുന്നത്. ഇതിൽ മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യങ്ങളും വിവേചന രഹിതമായി പ്രോത്സാഹിപ്പിക്കപ്പെടണമെന്നും പരിരക്ഷിക്കപ്പെടണമെന്നും വ്യക്തമാക്കുന്നു. മതത്തിന്റെ പേരിലുള്ള വിവേചനങ്ങളും ഉണ്ടാകാൻ പാടില്ല എന്നർത്ഥം.

എന്നാൽ മതത്തിന്റെയും മതപാരമ്പര്യത്തിന്റെയും പേരിൽ മനുഷ്യാവകാശങ്ങൾ നിയന്ത്രിക്കുവാനും നിഷേധിക്കുവാനും പലരും ശ്രമിച്ചിട്ടുണ്ട്. മതം എപ്പോഴും സംരക്ഷിക്കേണ്ടത് ലിംഗഭേദമെന്യേ മനുഷ്യന്റെ അന്തസ്സാണ്. മതത്തിന്റെ പേരിൽ മനുഷ്യന്റെ അന്തസ്സ് പ്രതിരോധിക്കുവാനും നിഷേധിക്കപ്പെടുവാനും പാടില്ല. എല്ലാ നിയമങ്ങളും ഭരണ സംവിധാനങ്ങളും ഏതൊരു മനുഷ്യന്റെയും അന്തസ്സ് പരിരക്ഷിക്കുവാൻ ബാധ്യസ്ഥമാണ്. മതസ്വാതന്ത്ര്യം ഉറപ്പാക്കുവാനുള്ള അധികാരം രാഷ്ട്രത്തിനാണ്. ഇന്ത്യൻ ഭരണഘടനയിൽ മതസ്വാതന്ത്ര്യ വ്യവസ്ഥകൾ സുവ്യക്തമാണ്. മതനിരപേക്ഷ രാഷ്ട്രത്തിന്റെ സവിശേഷത മതസ്വാതന്ത്ര്യമാണ്. വിഭിന്ന മതവിശ്വാസികൾ സഹവർത്തിത്വത്തിലും സഹിഷ്ണുതയിലും മതസ്വാതന്ത്ര്യത്തിലും ജീവിക്കുവാൻ മതനിരപേക്ഷ രാഷ്ട്രം വിഭാവനം ചെയ്യുന്നു. എല്ലാവർക്കും നിയമ സംരക്ഷണം, ഒരു മതത്തോടും പ്രത്യേകം ആഭിമുഖ്യമില്ലായ്മ, മതവിശ്വാസത്തിലും നടപടി ക്രമങ്ങളിലും സർക്കാരിന്റെ ഇടപെടലുകൾ ഇല്ലായ്മ എന്നിവയെല്ലാം മതനിരപേക്ഷതയുടെ ഭാഗമാണ്.

ഇന്ത്യയിൽ നിയമം ഉണ്ടാക്കുക, നടപ്പിലാക്കുക, പരിപാലിക്കുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നത് യഥാക്രമം നിയമ നിർമ്മാണ സഭ (Legislature), ഭരണ നിർവ്വഹണ വിഭാഗം (Executive), നീതി ന്യായ വകുപ്പ് (Judiciary) എന്നിവയാണ്. ജനാധിപത്യത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങളായ ഇവ തുല്യ പ്രാധാന്യം അർഹിക്കുന്നതും ഒന്ന് മറ്റൊന്നിൽ നിന്ന് സ്വതന്ത്രവുമാണ്. ഒരേ സ്ഥാപനത്തിന്റെ അനുപൂരകങ്ങളായ മൂന്നു വിഭാഗങ്ങളായി ഇവ പ്രവർത്തിക്കുന്നു. എന്നാൽ ജനാധിപത്യത്തിന്റെ നാലാം ശക്തിയായി (Forth Power) വിശേഷിപ്പിക്കുന്ന മാധ്യമങ്ങൾ (News Media) സർവ്വസ്വാതന്ത്ര്യത്തോടെയാണ് നിയമ നിർമ്മാണവും വിശകലനവും *മാധ്യമ വിചാരണയിൽ* നിർവ്വഹിക്കുന്നത്. സമൂഹത്തിന്റെ കാവൽഭടന്മാരാകേണ്ട മാധ്യമങ്ങൾ ചിലപ്പോഴെല്ലാം പക്ഷം ചേർന്ന് ചാനൽ ഭീമന്മാരായി തീരുന്നു. മതവിശ്വാസത്തേയും ആചാരനുഷ്ഠാനങ്ങളേയും *മാധ്യമ വിചാരണ* ചെയ്ത് ഭീകരത സൃഷ്ടിക്കുവാനുള്ള ശ്രമവും മതസ്വാതന്ത്ര്യത്തിനും ജനാധിപത്യ മൂല്യങ്ങൾക്കും വെല്ലുവിളിയാണ്. ഇന്ത്യൻ ഭരണഘടനയുടെ വരികളിൽ നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമാണ് ഇന്ത്യൻ ജനാധിപത്യം.

മതേതരത്വവും ജനാധിപത്യവും നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുകയാണ്. ആഗോളവൽക്കരണ സ്വാധീനത്താൽ സൃഷ്ടിക്കപ്പെട്ട കമ്പോളവും വർഗ്ഗീയതയും ഭീകരതയും നീതി നിഷേധത്തിന്റെ ദുരന്തമുഖങ്ങളാണ്. ദേശീയ പാർട്ടികൾ മതാധിഷ്ഠിത സ്വഭാവം പുലർത്തിയാൽ മതേതരത്വവും മതസ്വാതന്ത്ര്യവും തകരാറിലാകും. മതാധിഷ്ഠിത ദേശീയത വളർന്നാൽ മതനിരപേക്ഷതയെ തളർത്തും. മനുഷ്യാവകാശ ലംഘനങ്ങളും ന്യൂനപക്ഷ പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിക്കും. അതിനാൽ ജനാധിപത്യവും മതേതരത്വവുമാണ് ഇന്ത്യൻ ഭരണഘടനയുടെ മഹത്വം. ഇവ സ്വാതന്ത്ര്യത്തിന്റെ അടയാളങ്ങളാണ്. എന്നാൽ ഇതിൽ നിന്നും മതേതരത്വവും സോഷ്യലിസവും നീക്കം ചെയ്യണമെന്ന വാദമുഖങ്ങൾ ഇപ്പോൾ ഉയരുന്നുണ്ട്. ബഹുസ്വരത, നാനാത്വം, മതേതരത്വം എന്നിവ നിരന്തരം വിമർശിക്കപ്പെടുന്ന ഭരണകൂട വ്യവസ്ഥിതിയാണ് വളർന്നു വരുന്നത്. *പുതിയ ദേശീയതയിൽ* എല്ലാവരുടെയും അന്തസ്സും സമത്വവും സ്വാതന്ത്ര്യവും അവകാശവും സംരക്ഷിക്കപ്പെടുവാൻ കഴിയാതെ പോകുന്നതായി കാലത്തിന്റെ സൂചനകൾ വിധിയെഴുതുന്നു. രാഷ്ട്രം ഐക്യത്തിലും സഹിഷ്ണുതയിലും മുന്നേറണം. മതവിദ്വേഷവും വംശീയ ശത്രുതയും വർഗീയ കലാപങ്ങളും മതസ്വാതന്ത്ര്യത്തിന് എതിരാണ്.

*മതവൈവിധ്യത്തെ ഉൾക്കൊള്ളുന്നതും എല്ലാ മതങ്ങൾക്കും തുല്യ സ്വാതന്ത്ര്യമുള്ളതും ഒരു മതത്തിനും മുൻഗണന കൊടുക്കാത്തതുമായ സർവ്വമത സംഗ്രാഹിയായ വിശ്വനാഗരികതയാണ് രാഷ്ട്രീയ വ്യവസ്ഥിതിയിൽ യാഥാർത്ഥ്യമാക്കേണ്ടതെന്നാണ്* ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പക്ഷം. ഈ വിശ്വനാഗരികതയിൽ *എല്ലാ മതങ്ങളെയും ബഹുമാനിക്കയും ഒരു മതത്തേയും അധിക്ഷേപിക്കുകയോ നീതീകരിക്കുകയോ ചെയ്യാത്തതുമാണ്. മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികളും ഉണ്ടാകാൻ പാടില്ല.* മതസ്വാതന്ത്ര്യ നിഷേധങ്ങൾ ശക്തിപ്പെടുമ്പോൾ ഇത്തരം ദർശനങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്.

> “ രാഷ്ട്രവും അനുബന്ധ സ്ഥാപനങ്ങളും ഏകപക്ഷീയമായി മതവിശ്വാസത്തേയും നടപടി ക്രമങ്ങളേയും വിമർശിക്കുമ്പോൾ സൃഷ്ടിക്കുന്നത് മതവിദ്വേഷ പ്രചരണമാണ്. നീതിയിലും ശാന്തിയിലുമുള്ള മതസഹിഷ്ണുതയും ബഹുസ്വരതയും സംരക്ഷിക്കപ്പെടണം. ”

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com



# കൃപയുടെ തണലിൽ

■ പ്രൊഫ. പി.സി. ഏലിയാസ്

മലങ്കരസഭയെ നയിക്കുന്നതിന് കുന്നംകുളം മലങ്കരസഭയ്ക്ക് നൽകിയ മൂന്നാമത്തെ പ്രധാന മേൽപട്ടക്കാരനാണ് മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

തിരുവല്ലയിൽ 1982 ഡിസംബർ 28-ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എറണാകുളം സെന്റ് മേരീസ് പള്ളിയുടെ സഹവികാരി (1976–1983) ഫാ. കെ. ഐ. പോളിനെ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുമ്പോൾ പ്രായം 36 വയസ് മാത്രം. 1985-ൽ ആരംഭിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല 39-ാം വയസ്സിൽ സ്വീകരിച്ചു. നിയുക്ത കാതോലിക്കാ സ്ഥാനം 60-ാം വയസ്സിൽ ലഭ്യമായി. നാലു വർഷം നിയുക്ത കാതോലിക്കായായി ശുശ്രൂഷിച്ചു (2006–2010). 2010 നവംബർ 1-ന് 64-ാം വയസ്സിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി സ്ഥാനമേൽക്കുവാനുള്ള വിളിയും നിയോഗവും ലഭിച്ചു.

> സഭയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. 1934 ലെ സഭാ ഭരണഘടനയും ബഹു. സുപ്രീംകോടതിയുടെ വിധിയും അംഗീകരിച്ച് ശാശ്വതമായ സമാധാനം സ്ഥാപിക്കണം.

**ഒരു ജന്മദിനം കൂടി ആചരിക്കാൻ അവസരം ലഭിക്കുകയാണല്ലോ. മങ്ങാട് ഗ്രാമം മുതൽ ദേവലോകം വരെയുളള ജീവിതം തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു ?**

നാളിതുവരെ ലഭിച്ച അളവറ്റ ദൈവ കൃപയ്ക്കായി നന്ദി സമർപ്പിക്കുന്നു. കുന്നംകുളത്തെ മങ്ങാട് എന്ന ഗ്രാമത്തിൽ തികച്ചും ഗ്രാമീണരായ മാതാപിതാക്കളുടെ മകനായി പിറന്ന എനിക്ക് പാരമ്പര്യ സ്വത്തായി ലഭിച്ചത് അവരുടെ സത്യസന്ധതയാണ്. അവിടത്തെ മാർ ഗ്രീഗോറിയോസ് പള്ളിയിൽ അൾത്താര ശുശ്രൂഷകനായിട്ടാണ് എന്റെ ആത്മീയ ജീവിതം ആരംഭിക്കുന്നത്. പിന്നീട് ജീവിതത്തിൽ സംഭവിച്ചതൊക്കെ യാദൃശ്ചികമായിട്ടാണ്.

**ജന്മദിന ആഘോഷങ്ങൾക്ക് വഴങ്ങാതെ അനാഥാലയങ്ങളിലോ അഗതി മന്ദിരങ്ങളിലോ അന്തേവാസികളോടൊപ്പം ചെലവഴിക്കാൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ടാണ് ?**

പൊതുവെ വ്യക്തിജീവിതത്തിൽ ആഘോഷങ്ങളോട് എനിക്ക് ആഭിമുഖ്യമില്ല. സമൂഹത്തിൽ അങ്ങിനെയുളളവരോടൊപ്പം സമയം ചെലവഴിക്കുന്നതിൽ സംതൃപ്തി തോന്നാറുണ്ട്.

**നിർദ്ധനരായ കാൻസർ രോഗികൾക്ക് സഹായം നൽകുന്നതിനായി ആരംഭിച്ച *സ്നേഹസ്പർശം* എന്ന പദ്ധതി കുറെകൂടി വിപുലമാക്കാൻ ആഗ്രഹിക്കുന്നുണ്ടോ ?**

നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ സഹായമെത്തിക്കുന്നതിനായി ആരംഭിച്ച *സ്നേഹ സ്പർശം* വലിയ ജനപിന്തുണ ലഭിച്ച പദ്ധതിയാണ്. ഈ വർഷം കാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായം എത്തിക്കുന്നതിൽ ഊന്നൽ നൽകി സ്നേഹസ്പർശം വിപുലീകരിക്കണമെന്ന് അതിന്റെ പ്രവർത്തകർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനായുള്ള പദ്ധതികളുടെ ആസൂത്രണം നടന്നുകൊണ്ടിരിക്കുകയാണ്.

**സഭയിലെ ചില വൈദികരെക്കുറിച്ചുണ്ടായ കുറ്റാരോപണങ്ങൾ മാധ്യമങ്ങളിൽ വലിയ വാർത്തയായിരിക്കുകയാണല്ലോ. ഇക്കാര്യത്തിൽ സഭയുടെ നിലപാട് എന്തായിരിക്കും?**

കുമ്പസാരം ദുരുപയോഗപ്പെടുത്തി എന്ന കുറ്റാരോപണമാണ് ഉയർന്നിരിക്കുന്നത്. വളരെ ഗൗരവത്തോടെയാണ് സഭ ഈ വിഷയം പരിഗണിക്കുന്നത്. കുറ്റക്കാരെന്ന് തെളിഞ്ഞാൽ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ കിട്ടണമെന്നുതന്നെയാണ് സഭ ആദ്യം മുതലെടുത്ത നിലപാട്. അതിൽ മാറ്റമില്ല. നിരപരാധികൾ ശിക്ഷിക്കപ്പെടരുത്. ഇതിന്റെ പേരിൽ പുരോഹിതസ്ഥാനികളെ ഒന്നടങ്കം ആക്ഷേപിക്കുന്നതിൽ അർത്ഥമില്ല.

**ദേശീയ വനിതാകമ്മീഷൻ വി. കുമ്പസാരം നിരോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടല്ലോ?**

അധികാരവും അവകാശവും ഇല്ലാത്ത കാര്യത്തിൽ അനാവശ്യ ഇടപെടലായേ ആ നിർദ്ദേശത്തെ കാണാൻ കഴിയു. വ്യക്തിയുടെ വിശ്വാസ സ്വാതന്ത്ര്യം നിഷേധിക്കാനുള്ള നീക്കമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണത്. സ്ത്രീ-പുരുഷ ഭേദമെന്യ വിശ്വാസികളുടെ പശ്ചാത്താപ



ത്തിനും പാപമോചനത്തിനും ആത്മീയ വളർച്ചയ്ക്കും ഉപകരിക്കുന്നതെന്ന നിലയിൽ ക്രൈസ്തവ സഭകൾ പാലിച്ചു വരുന്ന കർമ്മമാണത്. ആധുനിക കാലത്ത് കൗൺസിലിങ്ങ് വ്യാപകമായി നടക്കുന്നുണ്ട്. ഏതെങ്കിലും കൗൺസിലർ അത് ദുരുപയോഗപ്പെടുത്തിയാൽ കൗൺസിലിംഗ് നിരോധിക്കാനാകുമോ ? കുമ്പസാര പിതാക്കന്മാരെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിശ്വാസികൾക്കുണ്ട് എന്ന വസ്തുത മറക്കരുത്.

**2017 ജൂലൈ 3 ലെ സുപ്രീം കോടതി വിധി അനുഗ്രഹകരവും അനുകൂലവും ആയിരുന്നിട്ടും സഭയിൽ സമാധാനം പുന:സ്ഥാപിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തിയില്ല എന്ന് പരാതി പറയുന്നവരോട് എന്താണ് നിർദ്ദേശിക്കുവാനുള്ളത് ?**

സുപ്രീംകോടതി വിധി അനുഗ്രഹകരവും അനുകൂലവുമായിരുന്നു. സഭയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. 1934 ലെ സഭാ ഭരണഘടനയും ബഹു. സുപ്രീംകോടതിയുടെ വിധിയും അംഗീകരിച്ച് ശാശ്വതമായ സമാധാനം സ്ഥാപിക്കണം. ഭാരതത്തിലെ ഒരു പൗരാണിക ദേശീയ സഭ എന്ന തനിമ നിലനിർത്തിക്കൊണ്ടുവേണം സഭാ സമാധാനം കൈവരിക്കാൻ. അതിനായി എല്ലാവരും സഹകരിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

**വിദ്യാലയങ്ങളും കലാലയങ്ങളും തുറന്ന് പുതിയ വിദ്യാഭ്യാസ വർഷം ആരംഭിക്കുന്ന കാലമാണല്ലോ. വിദ്യാർത്ഥികൾക്ക് നൽകാനുള്ള സന്ദേശമെന്താണ് ?**

വിദ്യാർത്ഥികൾ-വിദ്യ അർത്ഥിക്കുന്നവരാകണം. പഠിക്കുന്നതിലാകണം മുഖ്യശ്രദ്ധ. ക്രിയാത്മകമായ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിത്വ വികസനം നേടണം. വിദ്യാർത്ഥികളുടെ സ്കിൽസ് വികസിപ്പിക്കുന്നതിനുള്ള പരിപാടികളും ആവിഷ്ക്കരിക്കണം. മാതാ-പിതാ-ഗുരു ദൈവം എന്ന ഭാരതീയ വീക്ഷണം ഉൾക്കൊളളണം. മാതാവ് പിതാവിനെയും, പിതാവ് ഗുരുവിനെയും, ഗുരു ദൈവത്തെയും കാണിച്ചുകൊടുക്കണം എന്ന പാരമ്പര്യചിന്ത പുലർത്തണം. ദൈവാശ്രയത്തോടെ വളരാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം.

**സഭയ്ക്ക് രാഷ്ട്രീയമുണ്ടോ ?**

സഭയ്ക്ക് കക്ഷി രാഷ്ട്രീയമില്ല. എന്നാൽ രാഷ്ട്രിയ നിലപാടുകളുണ്ട്. യേശുക്രിസ്തുതുടങ്ങിവച്ചതും സഭ തുടരുന്നതുമായ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് അനുകൂലമായ നിലപാട് എടുക്കണം. ദരിദ്രരുടെയും ദുർബലരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അനുകൂലമായ രാഷ്ട്രീയ നിലപാടുകൾ കൈക്കൊളളണം. സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ സമീപനം കൈക്കൊള്ളുമ്പോൾ സർക്കാരിന് കക്ഷി പരിഗണന കൂടാതെ പിന്തുണ നൽകും. ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിയുടെ കാവലാളാകാൻ സഭയ്ക്ക് ആകില്ല. ■

ആത്മാർത്ഥമായും സുതാര്യമായും സഭയെ നയിക്കുക എന്നതാണ് പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രമാണം. കൃത്രിമത്വമില്ലാത്ത സംഭാഷണ ശൈലിയും സത്യസന്ധമായ പ്രതിപാദനരീതിയും വെളിപ്പെടുത്തുന്നത് ജീവിതത്തിന്റെ സുതാര്യതയാണ്. കൗശലങ്ങൾ ഉപയോഗിക്കാതെ സത്യസന്ധമായും സുതാര്യമായും ഇടയ ദൗത്യം നിർവഹിക്കുന്നു. ജീവിതത്തിൽ ആത്മാർത്ഥതയും സത്യസന്ധതയും മുറുകെ പിടിക്കുവാനുള്ള ബാലപാഠം കുടുംബത്തിൽ നിന്നും ലഭിച്ചതാണ്. സാമൂഹിക സഭാ ശുശ്രൂഷകളിൽ ഉറച്ച നിലപാടുകളും നീതിപൂർവ്വമായ സമീപനങ്ങളുമാണ്. ജീവിത നിഷ്ഠകളിലും ഇടപെടലുകളിലും നിറഞ്ഞുനിൽക്കുന്ന ലാളിത്യം ദൈവകൃപയുടെ പ്രകാശമാണ്. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സമീപനത്തിന്റെ അകവും പുറവും സുതാര്യം. തെറ്റെന്ന് തോന്നിയാൽ ആരോടും നേരിട്ട് അത് പറയും. അവയുടെ അവതരണത്തിലും ഭാഷയിലും കാപട്യമോ തന്ത്രങ്ങളോ ഉണ്ടായിരിക്കില്ല. അവ തുറന്ന മനസ്സോടും ആത്മാർത്ഥതയോടുമുള്ള നിരീക്ഷണങ്ങളായിരിക്കും.

പ്രത്യേകിച്ച് സഭയുടെയും സമൂഹത്തിന്റെയും പൊതുനന്മയ്ക്ക് ഏവർക്കും ആത്മാർത്ഥതയും സുതാര്യതയും ഉണ്ടാകണമെന്നും പ. ബാവാ ഉറച്ചു വിശ്വസിക്കുന്നു.

എക്യുമെനിക്കൽ-സഭാന്തരബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിരവധി രാജ്യാന്തര യാത്രകളും സംവാദങ്ങളും പ. പൗലേസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തി. കെയ്റോ (2012), എത്യോപ്യ (2013), വത്തിക്കാൻ (2013), ലാംബത്ത് (2013), വിയന്ന (2013), അർമ്മീനിയ (2015), ബെയ്റൂട്ട് (2015), ജർമ്മനി (2017) എന്നിവിടങ്ങളിലെ സമ്മേളനങ്ങളും ചർച്ചകളും ശ്രദ്ധേയമാണ്. പ. ഫ്രാൻസിസ് മാർപാപ്പായുമായും (2013), പ. പോപ്പ് തെവദ്രോസുമായും (2012), പ. മത്ഥ്യാസ് പാത്രിയർക്കീസ് ബാവായുമായും (2013), പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുമായും (2015, 2017) പ. കരേക്കിൻ, പ. അരാം എന്നീ കാതോലിക്കാമാരുമായും (2015) പ. ഇഗ്നാത്തിയോസ് യൗനാൻ പാത്രിയർക്കീസ് ബാവായുമായും (2015) കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്.

സഭയിൽ പവിത്രമായ ക്രിസ്തീയ ഉത്തരവാദിത്വം നിർവഹിക്കപ്പെടുവാൻ ഫലപ്രദമായ പദ്ധതികളും മാർഗ്ഗങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 72-ന്റെ നിറവിലാണ്.

**- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

കുമ്പസാരവും
പുരോഹിതരുടെ നിയമബാധ്യതകളും




CONFESSION

# വിശുദ്ധ കുമ്പസാരം വിചാരണ ചെയ്യപ്പെടുമ്പോൾ...

## നിയമത്തിന്റെ അധാർമ്മിക വ്യാഖ്യാനം

■ ഫാ. ഡോ. ഒ. തോമസ്
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി)

**രഹസ്യം വെളിപ്പെടുത്തുന്നത് കുമ്പസാരത്തിൽ മാത്രമാണെന്ന ധാരണ എത്രയോ പരിമിതമാണ്. കൗൺസലർ, മനശ്ശാസ്ത്രജ്ഞൻ, മനോരോഗവിദഗ്ധൻ തുടങ്ങിയവരൊക്കെ മറ്റുള്ളവരുടെ എത്രയോ രഹസ്യങ്ങൾ സൂക്ഷിക്കാൻ കടപ്പെട്ടവരാണ്.**



പണ്ഡിതനും വളരെയേറെ അനുഭവ പരിജ്ഞാനവുമുള്ള ബഹു. ജസ്റ്റീസ് കെ. റ്റി. തോമസിന്റെ വി. കുമ്പസാരത്തെപ്പറ്റിയുള്ള ഒരു നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടു. ലേഖനത്തിലെ ശ്രദ്ധേയമായ രണ്ടു നിരീക്ഷണങ്ങൾ ഉദ്ധരിക്കട്ടെ.

1. ഇന്ത്യൻ എവിഡൻസ് ആക്ടിലെ വകുപ്പുപ്രകാരം കുമ്പസാര രഹസ്യം വെളിപ്പെടുത്തരുതെന്ന അവകാശത്തിന് പരിരക്ഷയില്ലാത്ത പുരോഹിതൻ. അതു ചെയ്യാതെ വരുമ്പോൾ ശിക്ഷ സ്വീകരിച്ച് രക്തസാക്ഷിയായിമാറുന്നത് അധാർമ്മികവും നിയമവിരുദ്ധവും ഒരർത്ഥത്തിൽ കോടതിയലക്ഷ്യവും അല്ലേ? 2. കുമ്പസാരത്തിലെ ക്രിമിനൽ കുറ്റങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്നു പുരോഹിതൻ ഒഴിവാക്കപ്പെടുന്നത് ഭരണഘടനാവിരുദ്ധവും അധാർമ്മികവുമാണ്.

ഇതിൽ നിയമവിരുദ്ധം കോടതിയലക്ഷ്യം, ഭരണഘടനാവിരുദ്ധം എന്നീ പരാമർശനങ്ങൾക്ക് മറുപടിപറയാനുള്ള നിയമ പരിജ്ഞാനം എനിക്കില്ല. എന്നാൽ കുമ്പസാര രഹസ്യം സൂക്ഷിക്കുന്നത് എങ്ങനെ അധാർമ്മികമാകുമെന്ന് മനസ്സിലാകുന്നില്ല. ആ വിധത്തിൽ ചിന്തിക്കുമ്പോൾ ഈ വിഷയത്തെ കുറച്ചുകൂടി ആഴത്തിൽ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. മൂന്ന് ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്.

**1. രാജ്യത്തിന്റെ നിയമങ്ങൾ എല്ലാ പൗരന്മാരും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ് എന്നപൊതുതത്വം സ്വീകരിക്കുമ്പോഴും രാജ്യങ്ങൾ കാലാകാലങ്ങളിൽ സൃഷ്ടിക്കുന്ന നിയമങ്ങൾ ആത്യന്തികമായി നീതിയും സത്യവും ധാർമ്മികതയും പുലർത്തു ന്നതായിരിക്കുമോ?**

ഒന്നാമത്തെ ചോദ്യത്തിൽ രാജ്യത്തിന്റെ നിയമങ്ങൾ മുഴുവനും ആത്യന്തികമായി നന്മയും നീതിയും ഉള്ളതാണോ എന്നാണ്? ലോക ചരിത്രവും സമകാലീന ചരിത്രവും പരിശോധിച്ചാൽ മനസ്സിലാകുന്നത് നിയമങ്ങൾ എപ്പോഴും ആപേക്ഷികമാണെന്നാണ്. നിയമ ലംഘനം നടത്താൻ ആഹ്വാനം ചെയ്യുന്നു എന്ന് അതിന് അർത്ഥമില്ല. ചരിത്രത്തിലെ വ്യക്തമായ ഉദാഹരണം പറയാം. റോമാ ചക്രവർത്തിമാരെ ആരാധിക്കണമെന്ന് അവരിൽ ചിലർക്കെങ്കിലും നിർബന്ധമുണ്ടായിരുന്നു. ക്രിസ്തുവിനെ മാത്രമെ ആരാധിക്കുകയുള്ളൂ എന്ന് നിർബന്ധ വിശ്വാസമുള്ള ക്രിസ്തീയ വിശ്വാസികൾ ഈ നിയമം ലംഘിച്ചു. അവർ ക്രൂരമായി പീഡനങ്ങൾക്കുവിധേയരായി. ആയിരങ്ങൾ രക്തസാക്ഷികളായി. പുരാതന സഭകൾ അവരെ വിശുദ്ധന്മാരായി കണക്കാക്കുകയും ചെയ്യുന്നു. റോമാസാമ്രാജ്യത്തിന്റെ നിയമം അവർ ലംഘിച്ചതുകൊണ്ട് അവർ അധാർമ്മികരാണെന്ന് വിധിക്കാൻ സാധിക്കുമോ? ഇന്നും ഭരണകൂടങ്ങൾ മതം, ജാതി, വർണ്ണം, വർഗ്ഗം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമങ്ങൾ നിർമ്മിക്കാറില്ലേ? അധികാരം ഭരണകൂടങ്ങൾക്ക് ഉള്ളതുകൊണ്ട് അവർക്ക് നടപ്പാക്കാനും സാധിക്കുന്നു. എന്നാൽ രാജ്യത്തിലെ എല്ലാ പൗരന്മാർക്കും അത്തരം നിയമങ്ങൾ നീതിയും ധർമ്മവും ഉറപ്പാക്കുന്നതാണ് എന്ന് പറയാനാവുമോ? ആനുകാലിക സമൂഹത്തിൽ ഗോവധവുമായി കേന്ദ്രവും സംസ്ഥാനങ്ങളും ഉണ്ടാക്കിയ നിയമങ്ങൾ സമൂഹത്തിലെ എല്ലാവർക്കും നീതിയും ധർമ്മവും ഉറപ്പാക്കുന്ന നിയമങ്ങളാണോ? ചുരുക്കത്തിൽ സമൂഹത്തിൽ ക്രമസമാധാനം നിലനിർത്താൻ ജനങ്ങൾ നിയമത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോഴും

എല്ലാ നിയമങ്ങളും ധാർമ്മികമായി അടിസ്ഥാനമുള്ളതാകണമെന്ന് നിർബന്ധമില്ല.

നിയമവും ധർമ്മവും തമ്മിലുള്ള ബന്ധത്തിലെ ക്ലിഷ്ടത മനസ്സിലാക്കാൻ മറ്റൊരു ഉദാഹരണം കൂടി ചൂണ്ടിക്കാണിക്കട്ടെ. വധശിക്ഷ ശരിയോ എന്നകാര്യത്തിൽ ലോകരാജ്യങ്ങളും ന്യായാധിപന്മാരും, സമൂഹവും രണ്ടു തട്ടിലാണെന്നുള്ളത് വ്യക്തമാണ്. ചില രാജ്യങ്ങൾ വധശിക്ഷ നിർത്തൽ ചെയ്തിരിക്കുന്നു. ഇന്ത്യ പോലുള്ള മറ്റ് കുറേ രാജ്യങ്ങൾ അത് നിലനിർത്തിയിരിക്കുകയാണ്. ന്യായാധിപന്മാരും നിയമജ്ഞന്മാരും ഈ കാര്യത്തിൽ രണ്ടുതട്ടിൽ തന്നെയാണ്. അനുകൂലിക്കുന്നവരും എതിർക്കുന്നവരുമുണ്ട്. വധശിക്ഷയെ അനുകൂലിക്കാത്ത ഒരു ന്യായാധിപൻ താൻ അനുഭവിച്ച മാനസിക സംഘർഷം എന്നോടു തുറന്നു പറഞ്ഞത് ഓർക്കുന്നു. നിയമത്തിന്റെ തെളിവുകൾ വെച്ചുകൊണ്ട് കീഴ്ക്കോടതിയിൽ വധശിക്ഷ വിധിക്കാതിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്നാൽ പ്രതിക്കുവേണ്ടി അദ്ദേഹം നിരന്തരം പ്രാർത്ഥിച്ചിരുന്നു അത്രെ. മേൽക്കോടതിയിൽ ശിക്ഷ ഇളവുകിട്ടാനായി. ഒടുവിൽ ഹൈക്കോടതി പ്രതിക്കു ജീവപര്യന്തം ശിക്ഷയായി ഇളവു കിട്ടിയപ്പോൾ അദ്ദേഹം അതിനായി പ്രത്യേകം ദൈവത്തെ സ്തുതിച്ചു. ചുരുക്കത്തിൽ നിയമം ഒരുവഴിക്കും നീതിയും ധർമ്മവും മറുഭാഗത്തുമായി നിലകൊള്ളുന്നതിലെ വൈരുദ്ധ്യം ഇന്നും ഒരുസമൂഹവും മറികടന്നിട്ടില്ല.

**2. നിയമങ്ങൾ കൃത്യമായി രേഖപ്പെടുത്താത്ത ഒട്ടനവധി പ്രശ്നങ്ങൾ ഓരോ സമൂഹത്തിലും ഉണ്ടാകാറില്ലേ? അത്തരം സന്ദർഭങ്ങളിൽ നിലവിലുള്ള നിയമങ്ങളെ ന്യായാധിപന്മാർ വ്യാഖ്യാനിച്ചല്ലേ വിധി തീർപ്പുണ്ടാക്കുന്നത്? അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ മുഴുവനും ധാർമ്മികമാണെന്ന് നിശ്ചയിക്കാനാവുമോ?**

രണ്ടാമത് ഉന്നയിച്ചത്, നിയമത്തിൽ വരാത്ത ഒട്ടേറെ സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകളെപ്പറ്റിയാണ്. കുമ്പസാരത്തിൽ വെളിപ്പെടുത്തുന്ന ക്രിമിമനൽ കുറ്റങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിച്ചില്ലെങ്കിൽ അത് തെറ്റാണെന്നാണല്ലോ നിയമം? ഇവിടെ ഒട്ടേറെ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാനുണ്ട്. കത്തോലിക്ക, ഓർത്തഡോക്സ്, യാക്കോബായ സഭകളിൽ ആയിരക്കണക്കിന് വിശ്വാസികൾ കുമ്പസാരിക്കുന്നുണ്ട്. ആ കൂട്ടത്തിൽ ക്രിമിനൽ കുറ്റവാളികളും കാണും. അയാൾ കുമ്പസാരത്തിൽ അതേപ്പറ്റിയൊന്നും പറഞ്ഞിട്ടുണ്ടാവില്ല. എന്നാൽ പോലീസിന്റെ നോട്ടപ്പുള്ളിയായതിനാൽ അദ്ദേഹം തന്റെ ക്രിമിനൽ പശ്ചാത്തലം വിവരിച്ചുകാണുമെന്നുകരുതി അച്ചനെ ചോദ്യം ചെയ്യാൻ നിയമം അനുവദിക്കുന്നുണ്ടോ? ക്രിമിനൽ സ്വാഭാവമുള്ളതൊന്നും ആ ആൾ പറഞ്ഞിട്ടില്ലാ എന്നു അച്ചൻ സൂചിപ്പിച്ചാൽ മുൻവിധിയോടെ വരുന്ന അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് അതു സ്വീകാര്യമാകുമോ?

രഹസ്യ കുമ്പസാരം ഇല്ലാത്ത പ്രൊട്ടസ്റ്റന്റ് സഭകളിലെ വൈദികരോടും, പെന്തക്കോസ്തു സഭകളിലെ പാസ്റ്റന്മാരോടും വിശ്വാസികൾ അവരുടെ സ്വകാര്യ ജീവിതത്തിലെ പ്രയാസങ്ങൾ പങ്കിടാറുണ്ട്. പാപമോചനം അല്ലാ പ്രാർത്ഥനാ സഹായമായിരിക്കാം അവർ ആവശ്യപ്പെടുന്നത്. അവിടെ വെളിപ്പെടുത്തുന്ന ക്രിമിനൽ സ്വഭാവമുള്ള കാര്യങ്ങൾ പോലീസിനെ അറിയിക്കാൻ അവരും ബാദ്ധ്യസ്ഥരല്ലേ? രഹസ്യങ്ങൾ പങ്കിടുന്നത് വി. കുമ്പസാരത്തിൽ മാത്രമല്ലല്ലോ? അപ്പോൾ ഇതും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതല്ലേ?

ജീവിതത്തിലെ ചിലവീഴ്ചകൾ ഉറ്റ സ്നേഹിതരോടായിരിക്കും ചിലർ പങ്കിടുന്നത്? അതും പോലീസിനെ അറിയിക്കുമെന്ന സ്ഥിതിവന്നാൽ സുഹൃദ്ബന്ധത്തിന് എന്ത് ആഴമുണ്ടായിരിക്കും. വ്യക്തിയുടെ സ്വകാര്യദു:ഖങ്ങൾ പങ്കിടാൻ ക്രിസ്തീയ സഭയിൽ പുരോഹിതന്മാർ ഉള്ളതുപോലെ ഹിന്ദുമതത്തിൽ തത്തുല്യമായി ആരും ഇല്ലാത്തത് ഒരുവലിയ കുറവായി ഗുരുനിത്യചൈതന്യയതി എഴുതിയിട്ടുണ്ട്. മാനസിക സംഘർഷങ്ങൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ മനസ്സു തുറക്കാൻ സ്നേഹിതരോ, ആത്മീയ ആചാര്യന്മാരോ, ഗുരുക്കന്മാരോ ഇല്ലാതെ വരുന്ന സാഹചര്യം സമൂഹത്തിന് പൊതുവെ ഗുണം ചെയ്യുന്നതായിരിക്കുമോ? കുമ്പസാരത്തിലല്ലാതെയും മറ്റു സഭകളിലെ വൈദികരോടും പാസ്റ്ററന്മാരോടും പങ്കിടുന്ന ക്രിമിനൽ സ്വഭാവമുള്ള രഹസ്യങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്തേണ്ടതല്ലേ? ഇതിൽ കുമ്പസാരത്തെ മാത്രം ഒറ്റതിരിഞ്ഞ് ആക്രമിക്കുമ്പോൾ നിയമത്തേക്കാളുപരി പുരാതനമായ ഒരു വിശ്വാസത്തോടുള്ള അസഹിഷ്ണുതയായി കാണേണ്ടിവരുന്നു.

നിയമത്തിന് വ്യക്തതയുണ്ടെങ്കിലും ധാർമ്മികതയിൽ വ്യക്തതയില്ലാത്ത മറ്റു പലകാര്യങ്ങളും ഉണ്ട്. വിധ

## സൈബർ കുറ്റങ്ങൾ തടയണം

### പരിശുദ്ധ കാതോലിക്കാ ബാവാ

കേരളം ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമാണെന്ന് അഭിമാനിക്കുമ്പോൾ തന്നെ സൈബർ ലോകത്തെ നീചവിളയാട്ടങ്ങൾ മൂലം ലജ്ജിക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. സൈബർ പടയാളികൾ എന്ന് സ്വയം വിളിക്കുന്നവരും അജ്ഞാതരായി തുടരാൻ ആഗ്രഹിക്കുന്നവരും വ്യാജ നാമധാരികളുമായ ചിലർ സൈബർ ലോകത്ത് നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് തടയിടാനും കുറ്റവാളികളെ നീതിപീഠത്തിനുമുന്നിൽ കൊണ്ടുവരാനും അധികാരികൾ സത്വര നടപടികൾ കൈക്കൊള്ളണം.

വ്യാജ ആപ്പുകളിലൂടെ പണവും സ്വകാര്യവിവരങ്ങളും തട്ടിയെടുക്കുക, വ്യാജസന്ദേശങ്ങൾ പ്രചരിപ്പിക്കുക, വ്യക്തികളെയും, സംഘടനകളെയും അപഹസിക്കുക തുടങ്ങിയ കുത്സിത പ്രവൃത്തികൾ ചെയ്യുന്നവരെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ആത്മഹത്യാപ്രേരണ ചെലുത്തുന്ന ബ്ലൂ വെയിൽ ഗെയിം പോലെയുള്ള അപകടകരമായ കളികളെക്കുറിച്ചും ദോഷകരമായ സൈബർ ഉപയോഗത്തെക്കുറിച്ചും കുട്ടികളെ ബോധവത്കരിക്കാൻ ശ്രദ്ധിക്കണം. ജീവകാരുണ്യപ്രവർത്തനങ്ങൾ ഉൾപ്പടെ സാമൂഹ്യസേവന രംഗത്ത് സജീവമായ സേവനമനുഷ്ഠിക്കുന്ന ഇന്റർനെറ്റ് കൂട്ടായ്മകളെ മാതൃകയാക്കാവുന്നതാണെന്നും പരിശുദ്ധ കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു.

## OVBS @ 2019

2019-ലെ ഒ.വി.ബി.എസ്. ചിന്താവിഷയം *നല്ലതു തെരഞ്ഞെടുപ്പീൻ* (ലൂക്കോസ് 10:42) എന്നതാണ്.

ഒ.വി.ബി.എസ്. ഗാന ശില്പശാല സെപ്റ്റംബർ 21-22 തീയതികളിൽ കോട്ടയം സോഫിയ സെന്ററിൽ നടത്തും. ഫാ.ഡോ. ജേക്കബ് കുര്യൻ, ഡോ. പോൾ മണലിൽ, ഫാ. മാത്യു കോശി, പി.കെ. ഗോപി എന്നിവർ നേതൃത്വം നൽകും.

വയായ ഒരു സ്ത്രീയുടെ ഏകമകൻ രാത്രിയിൽ വിജനമായ വഴിയിലൂടെ കാറോടിച്ച് വരുന്നു. കാറിനു കുറുക്കു ചാടിയ ഒരാളിനെ ഇടിച്ചു. കാർ നിർത്താതെ പോയി. വെപ്രാളത്തിൽ അയാൾക്ക് അങ്ങനെ ചെയ്യാൻ പറ്റുന്ന ഒരു മാനസികാവസ്ഥയായിരുന്നു. പിറ്റേ ദിവസം പത്രം വായിച്ചപ്പോഴാണ് അജ്ഞാത വാഹനം ഇടിച്ച് മരിച്ച ആളിനെക്കുറിച്ചുള്ള വാർത്ത ഈ മകൻ വായിക്കുന്നത്? മനസ്സ്, അസ്വസ്ഥമായപ്പോൾ അമ്മയോട് ഈ മകൻ വിവരം പറയുന്നു. തന്റെ ഏകമകനോടുള്ള സ്നേഹാധിക്യം കൊണ്ട് “മോൻ ഇതാരോടും പറയേണ്ട”, എന്നുപറഞ്ഞ് അമ്മ ആശ്വസിപ്പിക്കുന്നു. ഈ അമ്മ ഉടനെ തന്നെ പോലീസിനെ വിളിച്ചു വിവരം പറയണമോ? നിയമം അങ്ങനെ അനുശാസിക്കുന്നെങ്കിലും ഒരു മാതൃ ഹൃദയത്തിന്റെ വികാരങ്ങൾ അതിനെതിരായിപ്പോയാൽ, മാതൃസ്നേഹത്തിനോ, നിയമത്തിനോ ഏതിനാണ് കൂടുതൽ വിലനൽകേണ്ടത്. രഹസ്യം വെളിപ്പെടുത്തുന്നത് കുമ്പസാരത്തിൽ മാത്രമാണെന്ന ധാരണ എത്രയോ പരിമിതമാണ്. കൗൺസലർ, മനശ്ശാസ്ത്രജ്ഞൻ, മനോരോഗവിദഗ്ധൻ തുടങ്ങിയവരൊക്കെ മറ്റുള്ളവരുടെ എത്രയോ രഹസ്യങ്ങൾ സൂക്ഷിക്കാൻ കടപ്പെട്ടവരാണ്. ക്രിമിനൽ സ്വഭാവമുള്ളവയും അതിൽ കാണാതിരിക്കയില്ല. എന്തിനധികം, റിട്ടേർഡ് പോലീസ് ഉദ്യോഗസ്ഥന്മാർ, ന്യായാധിപന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, ഭരണകേന്ദ്രങ്ങളിൽ പിടിപാടുള്ളവർ എന്നിവരുടെ അടുക്കൽ ഉറ്റസ്നേഹിതരും, ബന്ധുമിത്രാദികളും, ക്രിമിനൽ നടപടികളിൽനിന്ന് ഒഴിഞ്ഞിരിക്കാൻ ഉപദേശം തേടാറുണ്ട്.

തങ്ങളെ വിശ്വസിച്ചും ആശ്രയിച്ചും വരുന്നവരുടെ കാര്യങ്ങൾ ഉടനെ അന്വേഷണ ഉദ്യോഗസ്ഥന്മാരെ വിളി ച്ചു പറയുമോ? ഇന്ത്യയൊട്ടാകെ എടുക്കാമെങ്കിൽ ഇത്തരം കേസ്സുകൾ ലക്ഷക്കണക്കിനുവരും. അവർക്കാർക്കും ബാധകമാകാത്ത നിയമം മുകളിൽ പറഞ്ഞതിന്റെ .001% പോലും സംഭവിക്കാൻ സാദ്ധ്യതയില്ലാത്ത കുമ്പസാരത്തിൽ മാത്രം കർക്കശമാക്കണമെന്ന ശാഠ്യം സാമാന്യബുദ്ധിക്കോ ധാർമ്മികതയ്ക്കോ നിരക്കുന്നതാണോ? ചുരുക്കത്തിൽ ക്രിമിനൽ സ്വഭാവമുള്ള രഹസ്യങ്ങൾ കുമ്പസാരത്തിൽ പങ്കിടുന്നതിന്റെ എത്രയോ, ആയിരങ്ങളുടെ പെരുപ്പമാണ് പൊതുസമൂഹത്തിൽ നിലകൊള്ളുന്നത്. അത്തരം സന്ദർഭങ്ങളെപ്പറ്റി ഒന്നും അറിയാത്ത ആളല്ലല്ലോ ബഹു. ജസ്റ്റീസ് കെ. റ്റി. തോമസ്. അത്തരം സാഹചര്യങ്ങളെയൊന്നും പരിഗണിക്കാതെ കുമ്പസാരത്തിൽ മാത്രം ഇന്ത്യൻ പീനൽ കോഡിലെ നിയമം നിർബന്ധമാക്കണമെന്ന പ്രസ്താവനയിൽ ദുരൂഹത തോന്നുന്നു.

**3. ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം രാജ്യത്തിന്റെ നിയമങ്ങൾ പ്രധാനമാണെങ്കിലും, കൂടുതൽ നന്മയിലും മനുഷ്യസമൂഹത്തിന് പ്രയോജനകരമായി ജീവിക്കുന്നതിനും ദൈവരാജ്യമൂല്യങ്ങൾ ഉപകരിക്കുമെങ്കിൽ അത് സ്വീകരിച്ചാൽ അത് അധാർമ്മികമാവുമോ? ഇവയോരോന്നും അല്പം കൂടി വിശദമായി ചർച്ചചെയ്യേണ്ടിയിരിക്കുന്നു.**

മൂന്നാമത് ചൂണ്ടിക്കാണിച്ചത് നിയമവും ക്രിസ്തീയ വിശ്വാസിയുടെ ധാർമ്മികതയുടെ മാനദണ്ഡവും തമ്മിലുള്ള ബന്ധമാണ്. പൗരനെന്നുള്ള നിലയിൽ ഏതൊരു വിശ്വാസിയും നിയമം അനുസരിക്കാൻ കടപ്പെട്ടവനാണെങ്കിലും തെറ്റും ശരിയും തമ്മിലുള്ള വേർതിരിവിന്റെ മാനദണ്ഡം വിശ്വാസിയേ സംബന്ധിച്ചിടത്തോളം ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ആണ്. സെക്കുലർ ലോകത്തിലെ ഏതുനിയമങ്ങളേക്കാളും തത്വത്തിൽ മൂല്യമേറിയതാണ് ദൈവരാജ്യ മൂല്യങ്ങൾ കൊലചെയ്യരുതെന്നേ നിയമം അനുശാസിക്കുന്നുള്ളൂ. എന്നാൽ കോപിക്കപോലും അരുതെന്നാണ് ദൈവരാജ്യമൂല്യങ്ങൾ കല്പിക്കുന്നത്. ഉഭയസമ്മതത്തോടെ പ്രായപൂർത്തിയായവർ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ നിയമത്തിനു മുമ്പിൽ കുറ്റമേ അല്ല. ലൈംഗിക ബന്ധം വേണ്ടാ സ്ത്രീയ കാമത്തോടെ നോക്കിയാൽ അതുപോലും തെറ്റാണെന്നാണ് ദൈവരാജ്യമൂല്യങ്ങൾ പഠിപ്പിക്കുന്നത്. അയൽക്കാരന്റെ പട്ടിണി മാറ്റാനും, കൂരവെച്ചുകൊടുക്കാനും, അഗതികളെ പോറ്റിപുലർത്താനും അവയവം ദാനം ചെയ്യാനും, രക്തം കൊടുക്കാനും ഒന്നും നിയമം ആരെയും നിർബന്ധിക്കുന്നില്ല. ഒരു കരണത്തടിച്ചാൽ മറ്റെകരണം കൂടി കാണിച്ചുകൊടുക്കാൻ നിയമം പഠിപ്പിക്കുന്നില്ല. കൊലപാതകിയോട് ക്ഷമിക്കണമെന്നും നിയമം അനുശാസിക്കുന്നില്ല. കൂട്ടുകാരനു വേണ്ടി തന്റെ ജീവനെ തന്നെ ആവശ്യമെങ്കിൽ കൊടുക്കണമെന്നും നിയമം ആരെയും നിർബന്ധിക്കുന്നില്ല. എന്നാൽ നിയമത്തിനപ്പുറമായി ഇപ്രകാരം പ്രവർത്തിക്കുന്നവർ എല്ലാ മതങ്ങളിലുമുണ്ട്. മതമില്ലാത്തവരും കാണും. ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം നിയമത്തിനുമപ്പുറമുള്ള ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കുവേണ്ടി നില

# PRIME TIME വേദവിചാരം

■ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ

**ബൈ**ബിൾ വിശ്വാസികൾക്ക് വെളിച്ചം പകരുന്ന ഗ്രന്ഥമാണ്. മറ്റൊരു പുസ്തകവും ഏറെ വായിച്ചിട്ട് കാര്യമില്ല. നമ്മുടെ പ്രൈം ടൈം (Prime Time) വേദപുസ്തകം വായിക്കുന്നതിലേയ്ക്ക് മാറ്റപ്പെടണം. അപ്പോൾ മാധ്യമങ്ങളിലെ പ്രൈം ടൈമിന്റെ റേറ്റിംഗ് ഇല്ലാതാകും. അമേരിക്കയിൽ പല പത്രങ്ങളുടെയും പ്രസിദ്ധീകരണം അവസാനിച്ചു. ഉദാഹരണത്തിന് ഡിട്രോയിറ്റ് എന്ന പട്ടണത്തിലെ പ്രശസ്തമായ *ഡിട്രോയിറ്റ് ന്യൂസ്* എന്ന പ്രശസ്തമായ പത്രസ്ഥാപനം അടച്ചു പൂട്ടി. അവിടെ ഉണ്ടായിരുന്ന *ഡിട്രോയിറ്റ് ഫ്രീ പ്രസ്* എന്ന പത്രവും പൂട്ടി. കള്ളം പറയുന്ന പ്രൈം ടൈമുകളും മാധ്യമങ്ങളും ഇല്ലാതാക്കപ്പെടും. ചരിത്രത്തിൽ ഇന്നുവരെ അതാണ് നടന്നിട്ടുള്ളത്. ആര് ചീത്ത ഫലം പുറപ്പെടുവിച്ചാലും അത് ചുവടോടെ വെട്ടി തീയിൽ ഇടപ്പെടും. മാധ്യമങ്ങൾ നടത്തുന്ന നുണപ്രചരണങ്ങൾ നാം തിരിച്ചറിയണം.

സഭയുടെ സത്യവിശ്വാസത്തെയോ കൂദാശയെയോ ഇല്ലാതാക്കാം എന്ന്




ആരെങ്കിലും തെറ്റിദ്ധരിക്കുന്നെങ്കിൽ അത് സാധ്യമാവുകയില്ല. നന്മയിൽ നിന്ന് നന്മ പുറപ്പെടുവിക്കാൻ കഴിയണമെന്ന് കർത്താവ് പഠിപ്പിക്കുന്നു. നന്മ ഹൃദയത്തിൽ നിറഞ്ഞു കവിയണം.

നമ്മുടെ പ്രൈം ടൈമുകൾ ബൈബിളിലേക്ക് തിരിക്കാനും (face to Book) പ്രാർത്ഥനയ്ക്കായി വേർതിരിക്കുവാനും കഴിയണം. ഇല്ലായെങ്കിൽ ചരിത്രം നമ്മോട് ക്ഷമിക്കുകയില്ല. ദൈവത്തിന്റെ സഭയെ ആർക്കും തകർക്കുവാൻ കഴിയുകയില്ല. അത് തെക്കെ ഇന്ത്യയിൽ അവസാനിച്ചാൽ മറ്റൊരിടത്തു ശക്തമായി വളരും. അതാണ് ചരിത്രം. ആർക്കും അതിനെ നിശ്ശേഷം തകർക്കുവാൻ കഴിയുകയില്ല. ബൈബിളിലേയ്ക്ക് അനേകർ തിരിയുന്ന കാലമാണ്. പരുമല തിരുമേനി ദൈവവചനത്തിൽ നിന്ന് സത്യം ഉൾക്കൊണ്ട് ആ സത്യം ജനങ്ങളെ പഠിപ്പിച്ച വിശുദ്ധനാണ്. നന്മ പുറപ്പെടുവിക്കാൻ കഴിയണം. തിന്മയിൽ നിന്ന് അകന്നിരിക്കണം. ഏതാണോ തിന്മ അതിൽ നിന്നും അകലണം.

ഇന്ന് നെഗറ്റീവ് ന്യൂസും ഫോർവേഡ് ചെയ്യുന്ന കാലമാണ്. ബൈബിൾ വായിച്ച് നന്മയും സത്യവും ഫോർവേഡ് ചെയ്യുവാനാണ് പഠിക്കേണ്ടത്. നന്മ പകർന്നു കൊടുക്കുവാൻ കഴിയണം.

സഭയെക്കുറിച്ച് ആരും കരയേണ്ട. സഭയ്ക്ക് ഒരു ദോഷവും വരുകയില്ല. നമ്മെ ഒന്ന് നന്നാക്കുവാൻ കഴിയുമെങ്കിൽ എല്ലാം നന്നാകും. നമ്മളാണ് സഭ.

നമ്മിൽ നിന്നാണ് വൈദികർ ഉണ്ടാകുന്നത്. നമ്മിൽ നിന്നാണ് മെത്രാപ്പോലീത്തന്മാരും പരിശുദ്ധന്മാരും ജനിക്കുന്നത്. അതിനാൽ ദൈവത്തിന്റെ ജീവനുള്ള ഗ്രന്ഥത്തിലേയ്ക്ക് നോക്കി നന്മകൾ ഉൾക്കൊള്ളുവാൻ കഴിയണം.

നന്മ ജഢം ധരിച്ചു എന്നാണ് വേദപ്രമാണം. അത് കൃപയും സത്യവും നിറഞ്ഞ് നമ്മുടെ ഇടയിൽ പാർത്തു. വചനത്തെ ഗർഭം ധരിക്കുവാൻ, വചനത്തെ ധ്യാനിക്കുവാൻ ദൈവം നമ്മെ കരുതുകയും വഴി നടത്തുകയും ചെയ്യും. ശാന്തിയിലും സമാധാനത്തിലും നമുക്ക് ജീവിക്കാം.

(പരുമല സെമിനാരിയിൽ 2018 ജൂലൈ 23-നു ചെയ്ത പ്രസംഗത്തിൽ നിന്നും)

കൊള്ളുവാനും ആ തലത്തിൽ ഉയരാനുമാണ് വിശ്വാസം നിർബന്ധിക്കുന്നത്. അങ്ങനെ ഉയരാതെ നിയമം അനുശാസിക്കുന്ന തത്വങ്ങൾ പോലും പാലിക്കാതെ ജീവിക്കുന്നവർ കണ്ടേക്കാം. അതുകൊണ്ട് ദൈവരാജ്യ മൂല്യങ്ങളെ തള്ളിക്കളയുവാൻ ക്രിസ്തീയ വിശ്വാസികൾക്കാവില്ല. ഈ ഉന്നത തലത്തിലേക്കു ഉയരുവാൻ വിവിധ സഭകൾ, വിവിധമായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും സ്വീകരിച്ചിരിക്കുന്നു. കൂദാശകളും, അവ അനുഷ്ഠിക്കാനുള്ള പൗരോഹിത്യ നൽവരവും, വി. കുമ്പസാരത്തിൽക്കൂടി അനുതാപികൾക്കു പാപമോചനം നൽകുന്നതുമെല്ലാം വിശ്വാസത്തിന്റെ ഭാഗമാണ്. പുരാതന സഭകളുടെ, ഈ അടിസ്ഥാനത്തിൽ നിന്ന് വ്യത്യസ്തമായ ചില പ്രമാണങ്ങളാണ് നവീകരണ സഭകൾ അനുഷ്ഠിച്ചുവരുന്നത്. ഇതിൽ യുക്തമായത് സ്വീകരിക്കാനുള്ള വിശ്വാസികളുടെ അവകാശത്തെ ആരും വിലക്കിയിട്ടില്ല. അതുകൊണ്ടുതന്നെയാണല്ലോ പോർച്ചുഗീസുകാരുടെ വരവുവരെ ഇവിടെ ഉണ്ടായിരുന്ന ഏകസഭ, പലതായി ഭിന്നിക്കുവാൻ കാരണമായത്. രഹസ്യ കുമ്പസാരത്തിൽ മാത്രമല്ലാ, മറ്റു പല വിശ്വാസങ്ങളിലും അടിസ്ഥാനപരമായി പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ട്. എന്നാൽ നമ്മിൽ പോരടിച്ചു അവരവരുടെ വിശ്വാസം മാത്രം ശരിയെന്നു സ്ഥാപിക്കാൻ ആത്മീയ പക്വതയുള്ളവർ ശ്രമിക്കുകയില്ല. അതേസമയം ആത്മീയ വളർച്ചയ്ക്കു നല്ലതെന്നു ബോദ്ധ്യമുള്ള അനുഷ്ഠാനങ്ങൾ ആരും വിട്ടുകളയുകയുമില്ല. വി. കുമ്പസാരത്തെ സംബന്ധിച്ചിടത്തോളം ഓർത്തഡോക്സ് വിശ്വാസികളുടെ ബോദ്ധ്യം അതാണ്.

## ഉപസംഹാരം

നിയമത്തിനപ്പുറം, വിശ്വാസത്തിന്റെ തലം എല്ലാ മത വിശ്വാസികൾക്കുമുണ്ട്. ക്രിസ്തീയ വിശ്വാസികൾക്ക് (ഏതു സഭയായാലും) പൊതുവെയുള്ള ഒരുകാര്യം സൂചിപ്പിക്കാം. നിയമത്തിന്റെ മുൻപിൽ പ്രാബല്യമുണ്ടാകണമെങ്കിൽ ഭാരതത്തിലെ എല്ലാ സ്ത്രീ പുരുഷന്മാരും സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് വിവാഹ സർട്ടിഫിക്കേറ്റ് വാങ്ങണം. ഈ സർട്ടിഫിക്കേറ്റിനു മാത്രമെ ലോകത്തിലെ ക്രയവിക്രയങ്ങൾക്കു വിലയുള്ളൂ. നിയമത്തിന്റെ പരിരക്ഷയോടുകൂടി അവർക്കു കുടുംബമായി ഈ ഭാരതത്തിൽ വസിക്കാം. അങ്ങനെയെങ്കിൽ സഭകളിൽപ്പെട്ടവർ എന്തിന് അവരവരുടെ പള്ളികളിലോ, ഫെയ്ത്ത് ഹോമുകളിലോ പോയി ഒരു കാർമ്മികനെക്കൊണ്ട് വിവാഹം കഴിപ്പിക്കണം? അവിടെ നിന്നുതരുന്ന സർട്ടിഫിക്കേറ്റിന് സെക്കുലർ ലോകത്തു വിലയില്ലതാനും. നവീകരണസഭകളിൽ പാപം മോചിക്കാൻ പട്ടക്കാർ ആവശ്യമില്ല. പക്ഷേ വിവാഹം നടത്താൻ പട്ടക്കാർ/പാസ്റ്ററന്മാർ വേണം. അവർ വിവാഹം നടത്തുമ്പോൾ ദൈവം കൂട്ടിച്ചേർത്തു എന്നു വിശ്വസിക്കുകയും ചെയ്യുന്നു. കത്തോലിക്കർക്കും, ഓർത്തഡോക്സുകാർക്കും, വിവാഹം കഴിപ്പിക്കുന്നതിനും, പാപം മോചിക്കുന്നതിനും മറ്റു പലതിനും പട്ടക്കാർ വേണം. നവീകരണ സഭകൾക്കും പെന്തക്കോസ്തു വിഭാഗങ്ങൾക്കും ചിലതിനു കാർമ്മികർ വേണം. മറ്റുപലതിനും വേണ്ട. ഇത് സഭകൾ തമ്മിലുള്ള വിശ്വാസത്തിലെ അന്തരത്തിന്റെ പ്രശ്നമാണ്. അതിന് ചരിത്രപരവും വേദപുസ്തക, വേദശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ ഉണ്ട്. തൽക്കാലം അതിലേക്കു ഞാൻ കടക്കുന്നില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം നിയമവും, വിശ്വാസവും തമ്മിലുള്ള ബന്ധമാണ്. നിയമം തരുന്ന പരിരക്ഷയുടെ തണലിൽ മാത്രം നിൽക്കാതെ വിശ്വാസത്തിന്റെ തലത്തിൽ നിന്നുകൊണ്ടാണ് ക്രൈസ്തവ സഭകളിലെ ബഹുഭൂരിപക്ഷവും വിവാഹിതരാകുന്നത്. ചുരുക്കത്തിൽ നിയമവും വിശ്വാസവും ഒരുമിച്ചു ചേർത്തുള്ള ജീവിതമാണ് എല്ലാ മതവിശ്വാസികൾക്കും സഭാവി

ശേഷം 27-ാം പേജിൽ

# "Darkness is Dawn not yet Born".*

## "ഇനി പിറക്കേണ്ട പുലരി മാത്രമാണ് ഇരുട്ട് "


**'മറ്റുള്ളവരുടെ മുഖത്ത് ഇനി എങ്ങനെ നോക്കും' എന്ന ഉപരിപ്ലവമായ സങ്കടത്തിനപ്പുറത്തേയ്ക്ക് നാം സഞ്ചരിക്കണം. നാമിപ്പോൾ നേരിട്ട സാമൂഹികമായ അവമതിപ്പിനേക്കാൾ നമ്മെ ഭാരപ്പെടുത്തേണ്ടത് നമുക്ക് കൈമോശം വന്ന സ്വത്വബോധമാണ്; വ്യക്തിപരമായും സമുദായമായും ക്രിസ്തുവിൽ നിന്നുള്ള നമ്മുടെ അകലമാണ്.**

■ സഖേർ

I

ആരോപണങ്ങളുടെ പെരുമഴക്കാലം. കുറ്റവിചാരണകളുടെ തുടർപെയ്ത്ത്. അധിക്ഷേപങ്ങളുടെ പ്രളയം. പ്രചണ്ഡമായ പ്രചാരണ കൊടുങ്കാറ്റിൽപ്പെട്ട് സഭാജീവിതമാകുന്ന നൗക ഒന്നുലഞ്ഞു. അത്യന്തം ഭീതിദവും വ്യഥയാർന്നതുമായ നിമിഷങ്ങൾ നമ്മെ ചൂഴ്ന്നു. വൈദീക- അവൈദിക ഭേദമന്യേ ഉള്ളിലൊരാന്തൽ! ചിലർ അവിരാമ പ്രാർത്ഥനയിൽ മുഴുകി. മറ്റു ചിലർ സ്വയനീതീകരണത്തിന്റെ അവതാരകന്മാരായി. ചിലർ നിരാശയുടെ വർത്തമാനം പരത്തി. വേറെ ചിലർ കുറ്റകരമായ നിശബ്ദത പുലർത്തി. ചിലർ വെല്ലുവിളിച്ചു. മറ്റു ചിലർ കെട്ടുകഥകളുടെ പ്രവാചകന്മാരായി. ഇങ്ങനെ വ്യത്യസ്ത പ്രതികരണങ്ങളാൽ കലുഷിതമായ അന്തരീക്ഷം. ഒരർത്ഥത്തിൽ ഈ നേരം ഒരു നല്ല നേരം തന്നെയാണ്. കാരണം ഇത്തരം സംഘർഷഭരിതമായ നാളുകളിലാണ് സഭ എക്കാലവും അടിസ്ഥാന ധാർമ്മിക ബോധ്യങ്ങളിൽ നങ്കൂരമിട്ട് ഉറച്ച് നിന്നിട്ടുള്ളത് എന്നതിനു ചരിത്രം സാക്ഷി! നഷ്ടമായ ദിശാബോധം തിരികെപ്പിടിച്ചിട്ടുള്ളതും ബഹു കലക്കത്തിന്റെ ദുർഭഗ നിമിഷങ്ങളിൽ തന്നെയാണ്.

ആദിമ ക്രൈസ്തവർ നേരിട്ട അതിക്രൂര പീഡകളുടെ നടുവിൽ സഭയ്ക്കുണ്ടായിരുന്ന സ്വത്ത് പൊന്നും വെള്ളിയുമല്ല; നസ്രായനായ യേശു മാത്രമായിരുന്നു. പിൽക്കാലത്ത് അധികാര രാഷ്ട്രീയത്തിന്റെ അവിഹിത ബാന്ധവങ്ങൾ നല്കിയ സുഖാനുഭവങ്ങൾ ക്രിസ്തുയേശുവിന്റെ ഭാവത്തിൽ നിന്നും സഭയെ എത്രമേൽ അകറ്റിയെന്നതിന് മിലാൻ വിളംബരം (എ.ഡി.




313) മുതല്ക്കുള്ള കാലം സാക്ഷി! ശത്രുവിനെ സ്നേഹിക്കേണ്ടവൻ സഹോദരനോട് കുരിശുയുദ്ധം പ്രഖ്യാപിച്ചു. ആനന്ദത്തിന്റെ അവകാശികൾ അധിനിവേശത്തിന്റെ അപ്പോസ്തലന്മാരായിത്തീർന്നു. ഫ്യൂഡലിസത്തിന്റെ അവശേഷിപ്പുകളെ തുടച്ചു നീക്കുന്നതിന് പകരം ന്യൂനപക്ഷപ്രീണനത്തിന്റെയും വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെയും തണ്ണീർപന്തലൊരുക്കുകയാണ് പില്ക്കാലത്ത് ജനാധിപത്യവും ചെയ്തിട്ടുള്ളത്. എന്നിട്ടും ഈ നാളുകളത്രയും ക്രിസ്തുവിനെ മറക്കാതെ അവന്റെ ജീവിതത്തെ ചരിത്രത്തിൽ പേർത്തും പേർത്തും പകർത്തിയെഴുതിയ അനേകായിരം പേരില്ലാമനുഷ്യരുടെ സമാന്തരജീവിതങ്ങളുടെ ആന്തരികബലമാണ് ക്രിസ്തുവെന്ന മൂലക്കല്ലിന്മേൽ സഭയെ ഇന്നും നിലനിർത്തുന്നതെന്ന് നാം വിസ്മരിക്കരുത്. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിച്ചവരുടെ സംഖ്യയേക്കാൾ അനേകമടങ്ങ് വലുതാണ് അറിയപ്പെടാത്ത അസംഖ്യമാളുകളുടെ നിഷ്കളങ്ക വിശ്വാസത്തിന്റെ കരുത്തും കരുതലും! അതിലൂന്നി വേണം നാം ഈ നിമിഷങ്ങൾ താണ്ടേണ്ടത്. ഈ ദുഷ്ക്കാലം നാം തക്കത്തിൽ ഉപയോഗിക്കണം.

ഇഹപരലോകങ്ങളിലെ തീക്കടലുകൾ തരണം ചെയ്യാൻ ഓരോ തീർത്ഥാടകനെയും വീണ്ടെടുക്കുന്ന യാനപാത്രമാണ് സഭ. അതിന്റെ സനാതനഗതിയെ ഓർത്തെടുക്കാനും അതിലേയ്ക്ക് പുനരാകാനുമുള്ള അസുലഭനിമിഷങ്ങളാണ് ഓരോ പ്രതിസന്ധി ഘട്ടവും ! ഇവിടെ തളരുകയല്ല വേണ്ടത്. ഇവിടെയാണ് നാം ആന്തരികമായി വളരേണ്ടത്. ഉയരുന്ന പ്രശ്നങ്ങൾക്കതീതമായി നാം ഉയരേണ്ടതുണ്ട്. അതിന് നാം ആരെന്ന സ്വയാവബോധമുണ്ടാകണം. എന്താണ് സ്വജന്മത്തിന്റെ അർത്ഥം എന്ന ചിരന്തനമായ അന്വേഷണമുണ്ടാകണം. വ്യക്തികളോടും സംഭവങ്ങളോടുമുള്ള പ്രതികരണം എല്ലായ്പോഴും നിങ്ങളുടെ യഥാർത്ഥ സത്തയിൽ നിന്നാണ് ഉണ്ടാകേണ്ടത്. " Don't treat people as bad as they are, treat them as good as you are " എന്നൊരു ചൊല്ലോർക്കുന്നു. ആകയാൽ നാമിപ്പോൾ നേരിട്ട സാമൂഹികമായ അവമതിപ്പിനേക്കാൾ നമ്മെ ഭാരപ്പെടുത്തേണ്ടത് നമുക്ക് കൈമോശം വന്ന സ്വത്വബോധമാണ്; വ്യക്തിപരമായും സമുദായമായും ക്രിസ്തുവിൽ നിന്നുള്ള നമ്മുടെ അകലമാണ്.


'മറ്റുള്ളവരുടെ മുഖത്ത് ഇനി എങ്ങനെ നോക്കും' എന്ന ഉപരിപ്ലവമായ സങ്കടത്തിനപ്പുറത്തേയ്ക്ക് നാം സഞ്ചരിക്കണം. സഭയുടെ ഐഹിക സംഘടനാപരമായ നിലനിൽപിനെയും അന്തസ്സിനെയും കുറിച്ചുള്ള പ്രലാപങ്ങൾക്കപ്പുറം നാം ആദ്യം ഏറ്റുപറഞ്ഞ് കുമ്പസാരിക്കേണ്ടത് നമ്മിൽ നിന്നന്യ

---

* Khalil Gibran


മാകുന്ന ക്രിസ്ത്വാനുകരണത്തിന്റെ അടയാളങ്ങളെക്കുറിച്ചാണ്. നിന്ദകളും പരിഹാസങ്ങളും നമ്മെ പ്രകോപിപ്പിക്കേണ്ടവയല്ല. തെറ്റു ചെയ്തിട്ടായാലും തെറ്റ് ചെയ്യാതെയായാലും ട്രോളിനും പോസ്റ്റിനും വിധേയരാകുമ്പോൾ ഒരു തെറ്റും ചെയ്യാതെ തുപ്പലേറ്റും ചെകിട്ടത്തടിയേറ്റും നിന്ന ക്രിസ്തുവിനെ മാത്രം ധ്യാനിക്കണം. കല്ലേറുകൾക്ക് പകരം പ്രാർത്ഥനയെറിഞ്ഞു നല്കിയ ആദ്യ രക്തസാക്ഷി സ്തേഫാനോസിനെ ഓർക്കണം. അനന്തരം എത്രയോ മഹാരഥികളായ പൂർവ്വികരുടെ ചുടുനിണമൊഴുകിയ ചോരപ്പുഴയുടെ ഓരത്തുകൂടിയാണ് നാം നടക്കുന്നത് എന്നറിയണം.

ഈ മഹാഗാഥയിൽ പൗരോഹിത്യം പലവട്ടം അധിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. 'ചെകുത്താന്റെ ജാരസന്തതികളെന്നും ' 'നുണയന്മാരായ തടിയൻ പന്നികളെന്നും' 'പിശാചിന്റെ പങ്കുകച്ചവടക്കാരനെന്നും', 'പരാന്നഭോജികളെന്നു'മെല്ലാം പലതരം ചീത്തപ്പേരുകൾ വിളിച്ചവരുണ്ട്. അവരിൽ ഫയദോർ ദസ്തയേവിസ്കിയും കസൻദ്സാക്കിസും ഖലീൽ ജിബ്രാനും തുടങ്ങി ഗുരുനിത്യ വരെയുണ്ട്. എന്നാൽ ഫാദർ സോസിമ എന്ന കഥാപാത്ര സൃഷ്ടി നടത്തിയതും അസീസിയിലെ ഫ്രാൻസിസിന്റെ അപദാനങ്ങൾ വർണ്ണിച്ചതും മനുഷ്യപുത്രനായ യേശുവിന്റെ ചരിത്രമെഴുതിയതും ഇവരൊക്കെത്തന്നെ!. ആകയാൽ ക്രിസ്തുവിന്റെ ആറാം തിരുമുറിവും ഡാവിഞ്ചി കോഡും ചാനൽ ചർച്ചകളും നിരോധിക്കാനല്ല നാം തത്രപ്പെടേണ്ടത്; പിന്നെയോ 'വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറയുവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്കേണ്ടതിനാണ്' നാം ഉത്സുകരാവേണ്ടത് (Titus 2:7).




## II

അപ്രതീക്ഷിതമായി വീട്ടിലൊരാൾ രോഗബാധിതനാകുന്നു. തലേന്ന് വരെയും അയൽവീട്ടിലെ ആതുരതകളെച്ചൊല്ലി അന്തിചർച്ചകൾ കൊഴുപ്പിച്ചുപോന്ന നമ്മുടെ മിണ്ടാട്ടം മുട്ടിപ്പോകും. എന്നാൽ ആ സ്തംഭനാവസ്ഥയിൽ നാം തുടരില്ല. അതിവേഗം തുടർപരിശോധനകളിലേയ്ക്കും ചികിത്സാവിധികളിലേയ്ക്കും കടക്കുന്നു. ഇനി ഒരു റോഡപകടത്തിന്റെ കാര്യം നോക്കുക. സിഗ്നലുകൾ തെറ്റിച്ചോ അശ്രദ്ധമായ ഡ്രൈവിംഗ് കൊണ്ടോ സംഭവിച്ചതാകാം. അവിടെയും ആദ്യം ചെയ്യുക പ്രാണരക്ഷാർത്ഥമുള്ള നടപടികളാണ്. തുടർന്ന് അപകടകാരണം അന്വേഷിക്കുന്നു. ഉചിതമായ തിരുത്തലുകളിലേയ്ക്കും ശിക്ഷണങ്ങളിലേയ്ക്കും പ്രവേശിക്കുന്നു. ശസ്ത്രക്രിയയ്ക്കിടെ ഒരു ഡോക്ടറുടെ പിഴവ് മൂലം രോഗിയുടെ നില വഷളാകുന്ന പക്ഷം എല്ലാ ആശുപത്രികളും അടച്ചുപൂട്ടുന്നതിനെക്കുറിച്ചാണോ തീരുമാനമെടുക്കുക! മേൽപറഞ്ഞ സാഹചര്യങ്ങളിൽ ഓരോന്നിലും നോക്കുക. രോഗബാധിതനെ മരണത്തിനേല്പ്പിക്കുകയോ റോഡപകടം നടന്ന വഴിയിൽ ഗതാഗതം നിരോധിക്കുകയോ സർജറികൾ നിർത്തലാക്കുകയോ അല്ല സാമാന്യബുദ്ധിയുള്ളവർ ചെയ്യുക. കുമ്പസാരം നിരോധിക്കൽ വാദമൊക്കെ ഇത്തരത്തിൽ സാമാന്യബുദ്ധിക്ക് നിരക്കാത്തവിധം ബാലിശം മാത്രം. സെ. ജോൺ ക്രിസോസ്റ്റത്തിന്റെ പാഠങ്ങളിലൊന്ന് നോക്കുക. "Church is the Hospital. Priest is the surgeon. Confession is the surgery. Holy Qurbana is the Medicine" നിശ്ചയമായും ആത്മാവിന്റെ പാപരോഗങ്ങളെ ചികിത്സിക്കുന്ന തിരുസഭയെന്ന ആതുരാലയത്തിലെ വൈദ്യനുണ്ടാകുന്ന പിഴവ് ഗുരുതരമാണ്. അത് ഗൗരവമായി ചിന്തിക്കേണ്ടതുമാണ്. പൗരബോധമുള്ള ഒരാളും താൻ വസിക്കുന്ന നാട്ടിലെ നിയമം അനുസരിക്കാൻ വിമുഖത കാട്ടില്ല. ചെയ്ത തെറ്റുകൾക്ക് വിചാരണ നടപടികൾ ഉണ്ടാവണം. അതിനെ തടസ്സപ്പെടുത്തുന്നവിധം സഭകൾ ആരെയും സംരക്ഷിക്കേണ്ടതുമില്ല.




എന്നാൽ കാടടച്ചുള്ള വിമർശനങ്ങൾക്കിടയിൽ അടിസ്ഥാന ക്രിസ്തീയ സമീപനം വിസ്മരിക്കാനിടയാകരുത്. ശിക്ഷണ നടപടികൾ എല്ലായ്പോഴും പശ്ചാത്താപത്തിനും സ്വയം തിരുത്തലിനുമുള്ള മാർഗ്ഗങ്ങളാണ്. ക്രിസ്തുവചനത്തെ നമുക്ക് തുച്ഛീകരിക്കാനാവില്ല. ക്രിസ്തീയ സമീപനത്തിന്റെ ഒരു ദൃഷ്ടാന്തം നോക്കുക. രണ്ട് ദുരന്തങ്ങളെക്കുറിച്ചുള്ള വിശകലനമാണ്. (Lk. 13) "ശീലോഹാമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടു പേർ യെറുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നുവെന്ന് തോന്നുന്നുവോ? അല്ല!" എന്നാണ് യേശു ഉറപ്പിച്ചു പറഞ്ഞത്. പിന്നെയോ ശിഷ്ടസമൂഹത്തിനാകമാനം ഉളവാകേണ്ട സത്യസന്ധമായ പശ്ചാത്താപത്തിന്റേയും ഗുണപരമായ മാനസാന്തരത്തിന്റെയും അനിവാര്യതയാണ് താൻ വിശദീകരിച്ചത്.

വൈയക്തികമായ എല്ലാ വീഴ്ചകൾക്കും സാമൂഹികമായ ഒരു തലമുണ്ട്. അടുത്തിടെ നടന്ന അഖില ലോക കാല്പ്പന്തുകളി നോക്കുക. വ്യക്തിഗതമികവിൽ കൊട്ടിഘോഷിക്കപ്പെട്ട സെലിബ്രിറ്റി കളിക്കാരുടെ ടീമുകളെല്ലാം പാതിയെത്തിയപ്പോഴേക്കും പുറത്തായി. അതവരുടെ സ്വന്തം മികവിന്റെ പരാജയം മാത്രമല്ല: പിന്നെയോ ടീമംഗങ്ങളുടെ സഹകരണത്തെ ആശ്രയിച്ചാണ് ഏതൊരു കളിക്കാരന്റെയും പൂർണ്ണ മികവ് വെളിപ്പെടുന്നത്. കളിയിലും കാര്യത്തിലും 'ടീം സ്പിരിറ്റ്' ഇല്ലാതെയായാൽ തോൽവി അകലെയാവില്ല.


ഇതിനൊരു മറുവശം കൂടിയുണ്ട്. വ്യക്തികളുടെ ഇടർച്ചകൾ ഒരു സമൂഹത്തിന്റെ പൊതുസ്വഭാവമായി ലേബൽ ചെയ്യുന്ന പ്രവണത. അങ്ങനെയാണ് സകല ബിഷപ്പന്മാരും കന്യാസ്ത്രീകളും വൈദീകരും "മഹാന്മാരായ പാപികളും പരാക്രമികളും വെറും കൊഞ്ഞാണന്മാരല്ലാത്തവരു"മാകുന്നത് (ചാനലുകളോട് കടപ്പാട്). ആരോഗ്യ കാരണങ്ങളാൽ ഫോർമാലിൻ ഇട്ടുവച്ച മത്സ്യം കഴിക്കുന്നത് നാം നിർത്തി. അതിനേക്കാൾ ഭയാനകമാണ് ഫോർമാലിൻ ഇട്ടു വച്ച വാർത്തകളുടെ ഒടുങ്ങാത്ത ചർച്ചകൾ കേട്ടിരിക്കേണ്ടി വരിക. ആദ്യത്തേത് ശരീരത്തിന് എത്ര ഹാനികരമാണോ അത്രമേൽ ദോഷകരമാണ് ഇത്തരം കേട്ടുകേഴ്വികളുടെ തുടർ ഫീഡിംഗ് നമ്മുടെ മനസ്സിനുണ്ടാക്കുക. Demoralizing ലൂടെ ഒരു സമൂഹത്തിന്റെ വിശ്വാസദൃഢതയെയും ആർജ്ജവത്തെയും ഉന്മൂലനം ചെയ്യാനുള്ള ശ്രമങ്ങൾക്ക് പിന്നിൽ പല രാഷ്ട്രീയ പശ്ചാത്തലങ്ങൾ ഉണ്ട്. ഭാരതത്തിന്റെ ബഹുസ്വരതയെ തകർക്കുന്ന അസഹിഷ്ണുതയുടെ പുത്തൻ പാഠങ്ങളുണ്ട്. നിരീശ്വരചിന്തയെ പിൻതാങ്ങുന്ന പ്രത്യയശാസ്ത്രങ്ങളുണ്ട്. ഗ്രൂപ്പു സമവാക്യങ്ങളുടെ പിന്നാമ്പുറങ്ങളുണ്ട്. ഇവയെല്ലാം ചേർ

ന്നൊരുക്കുന്ന നിക്ഷിപ്ത രാഷ്ട്രീയ അജണ്ടകളെ പ്രതിരോധിക്കേണ്ടത് കുറുക്കുവഴികളിലൂടെയല്ല. മറിച്ച് നാം വിശ്വസിക്കുന്ന പ്രമാണത്തിനനുസൃത മായ ജീവിത ശൈലികൊണ്ടാകണം.

നവമാനവികതയുടെ ശാശ്വത അട യാളമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസം ഏറ്റു പറയുന്നവർ പോരാ ടുന്നതും മാനവികതയുടെ അന്ത സ്സിനെ ഉയർത്തിപ്പിടിക്കുന്നതിനാണ്. അതിനായി പൊതുസമൂഹവുമായി നിരന്തരം സംവദിക്കുകയും വൈയ ക്തികവും സാമൂഹികവുമായ ആവശ്യ ങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കു കയും ചെയ്യുക എന്ന ബാധ്യത നമു ക്കുണ്ട്. അത്തരം ഉദാത്തപ്രതികരണ ങ്ങളുടെ ദൃഷ്ടാന്തങ്ങളായിരുന്നു ക്രിസ്ത്യൻ പള്ളിക്കൂടങ്ങളും ആതുരാ ലയങ്ങളും! പിൽക്കാലത്തുണ്ടായ മൂല്യാപചയങ്ങളുടെ പേരിൽ വിമർശന വിധേയമാകുന്നുണ്ടെങ്കിലും കേരളന വോത്ഥാനധാരയെപ്പോലും പള്ളിക്കൂട ത്തിലെ അയിത്തനിബദ്ധമല്ലാതിരുന്ന അറിവിന്റെ വിതരണം സ്വാധീനിച്ചുവെ ന്നത് നവകേരള ചരിത്രം. സഹസ്രാ ബ്ദങ്ങളുടെ പൈതൃകം ഈ മണ്ണിൽ നമുക്കുണ്ട്. ജ്ഞാനപ്രസരണത്തി ന്റെയും കാരുണ്യാതിരേകത്തിന്റെയും പടപ്പുറപ്പാടുകളുടെയും കഥനങ്ങളിൽ ഇടമില്ലാത്തവരല്ല നസ്രാണികൾ!

അഴീക്കോട് മാഷ് പറഞ്ഞതു പോലെ, ഒരു മുണ്ട് കീറി എന്നോ, അതിൽ കറയുണ്ട് എന്നോ നിങ്ങൾ പറ യുമ്പോൾ അതിലൊന്ന് സൂക്ഷിച്ച് നോക്കണം. നൂലിലാണ് കറ പറ്റിയിരി ക്കുന്നത്, നൂലാണ് പിഞ്ചിപ്പോയിരിക്കു ന്നത്. ആകയാൽ എന്റെ സഭയ്ക്ക് എന്തെങ്കിലും കറയോ, ചുളിവോ, കീറലോ ഉണ്ട് എന്നെനിക്ക് തോന്നുന്ന പക്ഷം അത് അടിസ്ഥാനപരമായി മതി വരായ്കയുടെ പുതിയ കാലത്തിൽ ജീവിക്കുന്ന എന്റെ സ്വാർത്ഥതയുടെയും അശുദ്ധിയുടെയും ആർത്തിയുടെയും പ്രതിഫലനം കൂടെയാണ് എന്ന് നാം ഓരോരുത്തരും ഏറ്റുപറഞ്ഞ് കുമ്പസാ രിക്കണം.

സത്യമായും സഖാവേ, ഭയകൂടീര ങ്ങളിൽ ഒളിച്ചു പാർക്കുന്നതിന് പകരം സ്വയം തിരുത്തലിന്റെയും സ്വയം സംസ്ക്കരണത്തിന്റെയും സ്വയം സജ്ജ മാകലിന്റെയും നാളുകളായി നാമി തിനെ പരിവർത്തിപ്പിക്കണം. നിരാശ ഭീരുക്കൾക്കാണ്. പോരാളികൾക്ക് മുറി വുകൾ അലങ്കാരങ്ങളാണ്. നമുക്ക് പോരാട്ടമുള്ളത്, സകലത്തിലും നീതി മാന്മാരായ ചാനൽ അവതാരകന്മാ




രോടും സർവ്വ ജ്ഞരായ സ്ഥിരം ചർച്ചാതൊഴിലാ ളികളോടും വാട് സാപ്പ്/ഫേസ്ബു ക്കിലെ വിശുദ്ധ ന്മാരായ വിമർശ കന്മാരോടുമല്ല, പിന്നെയോ അന്ധ കാരലോക ത്തിന്റെ സേനാ ധിപതികളോടാ ണ്. തികഞ്ഞ വിശ്വാസത്തോടെ നാം ഈ പോരാട്ടത്തെ തിരിച്ചറിയണം.


ബേത്‌ലഹേമിലെ യേശുവിന്റെ ഒന്നാം വരവിനും നാളും നാഴികയുമ റിയാത്ത രണ്ടാംവരവിനുമിടയിലുള്ള യഥാർത്ഥ്യമാണ് സഭ . ഇത് ദൈവരാ ജ്യത്തിന്റെ ഭൂമിയിലെ പ്രത്യക്ഷപ്രതീ കമാണ്. സഭയെ ചിതറിക്കേണ്ടത് സാത്താന്യ ലക്ഷ്യമാണ്. കത്തീഡ്രലു കളുടെയും അരമനകളുടെയും ദൃശ്യമായ ഒരു തലത്തിനപ്പുറത്തേക്ക് സഭയെ അറിയുക. പുണ്യപിതാക്കന്മാർ സൂചി പ്പിച്ചിരുന്ന അദൃശ്യപോരാട്ടമാണ് (unseen warfare) ഇതെന്നറിയുക.

ഒരു രാജ്യത്തിലെ ജനങ്ങൾ സ്വത ന്ത്ര്യമായും സമാധാനപൂർണ്ണമായും താന്താങ്ങളുടെ വ്യവഹാരങ്ങളിലും വ്യാപാരങ്ങളിലും ഏർപ്പെടുന്നത് കുറ്റമറ്റ ഒരു സുരക്ഷാസംവിധാനം അവരെ കാക്കുന്നതിനാലാണ്. രാജ്യാതിർത്തിയിൽ പ്രത്യേക പരിശീ ലനം നേടിയ സൈനികർ നിതാന്ത ജാഗ്രതയോടെ അവർക്ക് കാവലേകു ന്നു. ദൈവരാജ്യത്തിന്റെ കാവൽ ഭട നാണ് ഓരോ അഭിഷിക്തനും. കഠിന മായ തപശ്ചര്യകളിലേക്കും ആത്മസം യമനത്തിലേക്കുമാണ് അവന്റെ വിളിയും തെരഞ്ഞെടുപ്പും. ദുർഘട മായ സാഹചര്യങ്ങളിലും പരിമിതമായ സൗകര്യങ്ങളിലും അവൻ നിയോഗിക്ക പ്പെടുന്നു. വ്രത ബദ്ധമായി ജീവിതം വേർതിരിക്കപ്പെട്ടവനാണവൻ. നോമ്പും പ്രാർത്ഥനയുമാകുന്ന ആയുധങ്ങളുടെ മൂർച്ചവരുത്തലിൽ അലസത ലേശം ബാധിച്ചാൽ കാര്യങ്ങൾ അശുഭമാകും. പിശാച് അലറുന്ന സിംഹം പോലെ വീഴ്ത്താൻ ചുറ്റിത്തിരിയുന്നു. ഈ യുദ്ധത്തിൽ ആദ്യം വെട്ടേല്ക്കുക മുന്നണിപ്പോരാളികൾക്കാണ്. ഇടയനെ വെട്ടിയാൽ ആടുകൾ ചിതറും എന്നേത് പിശാചിനാണ് അറിയാത്തത്.

തെരഞ്ഞെടുക്കപ്പെട്ടവന്റെ വീഴ്ച വലുതാണ്. 'വ്യക്തിഗതമായ ബലഹീ നത' എന്നൊരു സാമാന്യവത്ക്കരണം ഇന്ന് ക്ലീഷേയായിട്ടുണ്ട്. ഏറ്റവും നല്ല വസ്തു ചീത്തയാകുമ്പോഴാണ് വലിയ ദുർഗന്ധമുണ്ടാവുക. എന്നാൽ പാപമി ല്ലാത്തവൻ ആരുമില്ലല്ലോ. നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നുവെ ങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി (1 jn 1:8). ആകയാൽ 'വിധിക്കരുത്' എന്ന പഞ്ചാക്ഷര മന്ത്രം എന്നും ഹൃദയ ത്തിൽ സൂക്ഷിക്കണം. കാരണം 'മോഹിക്കരുത്' എന്നു പറഞ്ഞവൻ തന്നെയാണ് സഖേ, 'വിധിക്കരുത്' എന്നും പറഞ്ഞിട്ടുള്ളത്. വീണുപോയ പ്പോഴൊക്കെ നാമെന്താണ് ചെയ്തിട്ടു ള്ളത്. മുറിവിൽ മരുന്ന് പുരട്ടുകയാണ് ചെയ്യുക. മുറിവിന്റെ വ്യാപ്തിക്കനു സൃതമായി ചികിത്സ നേടുന്നു. അല്ലാതെ പൊട്ടിയൊഴുകുന്ന ചല ത്തിന്റെ ദുർഗന്ധത്തെക്കുറിച്ച് തർക്ക വിതർക്കങ്ങൾ ഉന്നയിച്ച് നേരം കളയു കയല്ല ചെയ്യുക.

തെരഞ്ഞെടുക്കപ്പെട്ടവനായ ശീമോൻ ക്രിസ്തുവിനെ മറന്ന് ഇത്തിരി ചൂടിനരികിൽ നിന്നു. എന്നാൽ സത്യമഹാപുരോഹിതനായ ക്രിസ്തു അവനെ നോക്കി തന്നിലേക്ക് പുനരാ ക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവനായ യൂദാ ക്രിസ്തുവിനെ മറന്ന് നാണയതു ട്ടുകൾക്ക് പിന്നാലെ കൂടി. എന്നാൽ അയാൾ ക്രിസ്തുവിന്റെ കൺവെട്ടത്ത് വരുന്നതിന് പകരം നുണയന്മാരായ പുരോഹിതന്മാരുടെ മുമ്പിലെത്തി. അയാൾ തൂങ്ങി ചത്തു. നാമാരുടെ പക്ഷത്താണ് നില്ക്കേണ്ടത്! ക്രിസ്തു വിന്റെയോ പരീശപ്രമാണികളുടെയോ? സിസ്റ്റർ ആൻമരിയയ്ക്കു അയച്ച കത്തിൽ ചെഗുവേര കുറിച്ചതുപോലെ, ക്രിസ്തുവിന്റെ പക്ഷത്തല്ലാതെ നിങ്ങൾക്കെങ്ങനെ നില്ക്കാനാവും!

തിരികെ നേടാനാവാത്ത വിധം ഒന്നും നഷ്ടമാവുന്നില്ല എന്നാണ് സുവിശേഷമത്രയും! ദൈവത്തെ യോർത്ത് കല്ലുകൾ താഴെയിടണം. പാപമില്ലാത്തവർ ആരുമില്ല എന്നറി യാവുന്നകൊണ്ടാണ് നാമോരോരുത്ത രെയായി ചൂഴ്ന്ന് നോക്കാതെ ഇന്നും മനുഷ്യപുത്രൻ മുഖം കുനിച്ച് നില ത്തെഴുതുന്നത്. നമ്മുടെ പരസ്പര വേട്ടകൾക്കറുതിയുണ്ടാവണം. അശ്ലീല പോസ്റ്റുകളും അസഭ്യ കമന്റുകളും കൊണ്ട് ഒരു തലമുറയുടെ വിചാരലോ കത്തെ എത്രമേൽ നാം മലീനമാക്കു ന്നു. വിഭാഗീയതയുടെ പാരമ്യത്തിൽ പുലമ്പുന്ന ഓരോ പൊട്ട ചൊല്ലും ചീത്തത്തരവും കളിവാക്കും നമ്മുടെ ജീവന പരിസരങ്ങളെ എത്രമേൽ ദുർഗ ന്ധപൂരിതമാക്കുന്നു. സഹോദരനെ മൂഢാ എന്നോ നിസ്സാരാ എന്നോ





വിളിക്കുന്ന ഏതൊരുവനും ന്യായവിധിയുണ്ട് എന്നു പറഞ്ഞത് നാമിപ്പോൾ ആരുടെ നാമത്തിൽ ഇങ്ങനെ പരസ്പരം വേട്ടയാടുന്നുവോ ആ സാക്ഷാൽ നസ്രായനായ യേശു തന്നെയാണ്. വേട്ടക്കാരും ഇരകളും നിരന്തരം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. ഇരയുടെ നീതി ഒരിക്കലും ആരുടെയും ഔദാര്യമല്ല; അവകാശമാണ്. ഇരയാകുന്നവർക്കൊപ്പം നിന്ന് നീതി ഉറപ്പാക്കേണ്ടതാണ്. എന്നാൽ 'ഇരകളെ' മറ്റ് ചില വേട്ടകൾക്കുള്ള 'മറ്റൊരു ഇര'യാക്കലിലെ അനീതി എതിർക്കപ്പെടുകയും വേണം. Sapiens ന്റെ ചരിത്രം പോലെ 70000 ത്തോളം വർഷങ്ങളിലെ 'വേട്ട'യുടെ വാസന അങ്ങനെ പെട്ടന്നൊന്നും പോകില്ല. പതിനായിരം വർഷങ്ങളുടെ കാർഷിക സംസ്കൃതിയുടെയും 200 വർഷങ്ങളുടെ വ്യാവസായിക നാഗരികതയുടെയും സമീപ ദശകങ്ങളിലെ സാങ്കേതിക-മാധ്യമ വിപ്ലവത്തിന്റെയും പുറത്ത് കോട്ടിട്ടാലും കുപ്പായമിട്ടാലും 'വേട്ട'യുടെ വാസന പ്രബലം തന്നെയാണ്. വാസനാക്ഷയത്തിന്റെ അദ്ധ്യാത്മ പാഠങ്ങളെല്ലാം മനുഷ്യ പരിണാമത്തിന്റെ പുരോഗമനത്തെക്കുറിച്ചാണ് വാചാലമായിട്ടുള്ളതത്രയും.

മനുഷ്യനെക്കുറിച്ചുള്ള പൗരസ്ത്യ ക്രൈസ്തവ ദൈവശാസ്ത്രധാരണകൾ കേവലം യുക്തിഹീനമല്ല. മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള സെന്റ് ബേസിലിന്റെയും സെന്റ് ഗ്രിഗറി നിസ്സായുടെയും പാഠങ്ങൾ അത് സ്പഷ്ടമാക്കുന്നുണ്ട്. പാപ്പാ ഫ്രാൻസിസ് പറഞ്ഞതുപോലെ ദൈവം മാജിക്കുകാരനല്ലല്ലോ. ദൈവം സത്യമാണ്. മതം അതിലേയ്ക്കുള്ള അന്വേഷണമാണ്. സത്യാന്വേഷണത്തിലേക്കുള്ള ഉത്കൃഷ്ട പരിണാമഗതിയിൽ സർവ്വസ്വാതന്ത്ര്യം മനുഷ്യന് നല്കപ്പെട്ടിട്ടുണ്ട്. നന്മയിൽ പുരോഗമിക്കുന്നതിനുള്ള ഈ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ് നമ്മെ മുറിപ്പെടുത്തുന്നത്; ചിലപ്പോൾ മുറിവേല്പിക്കുന്നവരാക്കുന്നത്. ആകയാൽ പശ്ചാത്താപമെന്ന വിസ്മൃതമായ ഔഷധം നാം പുരട്ടേണ്ടകാലമാണിത്. സത്യഅനുതാപമെന്ന ഔഷധ ലേപനമാണ് നമ്മുടെ ആന്തരികജീർണ്ണതകളെ ശമിപ്പിക്കുക. സത്യമായും പശ്ചാത്തപിക്കണം. നിശ്ചയമായും ഈ നിമിഷങ്ങൾ നമ്മുടെ സത്യകുമ്പസാരത്തിനുള്ളത് തന്നെയാണ്.

## III

എന്നാൽ, കുമ്പസാരം ഒരു പാപകർമ്മം എന്ന നിലയിലേക്കാണ് പ്രതിയോഗി കാര്യങ്ങളെത്തിച്ചിരിക്കുന്നത്. സിനിമാക്കഥകളിലെ കുമ്പസാരങ്ങളാണ് പൊതുജനത്തിന് പരിചിതം. കുമ്പസാരരഹസ്യം പറയാതിരുന്നതിന്റെ പേരിൽ ജീവത്യാഗം ചെയ്ത സമർപ്പിതരുടെ ചരിത്രം സമാന്യജനത്തിന് അപരിചിതവുമാണ്. ലക്ഷോപലക്ഷം മനുഷ്യരുടെ സ്വകാര്യ വ്യഥകളെ സ്വഹൃത്തിലേറ്റുവാങ്ങി ഇനിയൊരിക്കലും താൻപോലും ഓർക്കാത്തവിധം അന്തരാത്മാവിന്റെ ആഴങ്ങളിൽ സംസ്ക്കരിച്ച് മണ്ണടിഞ്ഞുപോയ അനേകായിരം വൈദിക ജന്മങ്ങളുടെ മഹാസാഗരത്തെ ഒറ്റപ്പെട്ട വൈകൃതങ്ങളുടെ ചെളിത്തുള്ളികൾ കൊണ്ട് കലക്കാമെന്ന മൗഢ്യത്തെ നാം ഭയപ്പെടരുത്. തിരുവത്താഴത്തിൽ സംബന്ധിക്കാനെത്തിയവരുടെ കാൽ കഴുകിയ ക്രിസ്തുവിനെ ഓർക്കുക. ശിഷ്യന്മാരുടെ അഹന്തകളെ ക്ഷാളനം ചെയ്തു കൊണ്ടാണവൻ അവൻ അവരെ പന്തിക്കിരുത്തിയത്.സത്യ അനുതാപത്തിലൂടെ സാധ്യമാകുന്ന ആന്തരിക നൈർമ്മല്യത്തോടെയല്ലാതെ തിരുശരീര രക്തങ്ങളെ സമീപിക്കുന്നതെങ്ങനെ? പാപങ്ങളുടെ ശുദ്ധീകരണത്തെക്കുറിച്ചുള്ള നിരവധി സൂചനകൾ തിരുവെഴുത്ത് നല്കുന്നുണ്ട്. (Numb 5:7, Neh 9:2-3, Mathew 3:6, Mrk 1:5, James 5:16, acts 19:18, 1 Timothy 6:12, 1 Jn 1:9)




ഇന്ന് കുമ്പസാരത്തെക്കുറിച്ചുള്ള വായ തെറ്റിദ്ധാരണകളിലൊന്ന് പുരോഹിതന്റെ ശ്രവണസുഖവുമായി ബന്ധപ്പെട്ടതാണ്. കാമവികാരങ്ങളുടെ ഉദ്ദീപകമായി കുമ്പസാരക്കൂട് മാറുന്നുവത്രേ! വിക്ടോറിയൻ സദാചാരബോധത്തിന്റെ പ്രേതബാധയുള്ള ഉത്തരാധുനിക സദാചാര പോലീസുകാരുടെ അബദ്ധധാരണകളിലൊന്നുമാത്രമാണിത്. നിഗളം മുതൽ അലസത വരെയുള്ള മരണകരമായ ഏഴുപാപങ്ങളിലൊന്നു മാത്രമാണ് മോഹം. മനുഷ്യ മോഹങ്ങളിൽ ലൈംഗിക മോഹത്തിന്റെ മാത്രം ആഘോഷത്തിന് ലഭിക്കുന്ന വൻ റേറ്റിംഗിന് മറവിൽ തമസ്ക്കരിക്കപ്പെടുന്ന ഇതര പാപങ്ങൾ നമ്മെ ഭാരപ്പെടുത്തുന്നില്ല എന്നതു ഭയാനകമാണ്.

നിഗളം മുതൽ നിരാശവരെയുള്ള മരണകരമായ പാപങ്ങളിൽ പുണ്ട് ഉള്ളിൽ പത്തിവിടർത്തിയാടുന്ന 'പരീശത്വം' വല്ലാതെ ഭയപ്പെടുത്തുന്നു. അഹന്തയുടെ മരണ വേളയിലേക്കാണ് നമ്മുടെ അദ്ധ്യാത്മക്ലേശമത്രയും എന്ന ബോധ്യമുണ്ടാവണം. ശബ്ദസ്പർശ രസരൂപഗന്ധങ്ങളിലൂടെ ഉള്ളിലൂറുന്ന കാമക്രോധലോഭമോഹാദികളാകുന്ന മനോമാലിന്യങ്ങളുടെ ദൂരീകരണമാണ് 'കൂദാശ'യാവുന്നത്; ശുദ്ധീകരണ ക്രീയയാവുന്നത്. ആന്തരിക നൈർമല്യത്തെ കെടുക്കുന്ന ഇത്ര യേറെ 'മല'ങ്ങളിൽ ഒന്നായ ജഡമോഹത്തിന്റെ മറവിൽ തകർക്കപ്പെടുന്നത് സത്യകുമ്പസാരത്തിന്റെ സത്തയും സാരാംശവുമാണ്.

പൗരസ്ത്യക്രൈസ്തവരുടെ ആദ്ധ്യാത്മസാധനയെക്കുറിക്കുന്ന ക്ലാസ്സിക് ഗ്രന്ഥമായ സാധകന്റെ സഞ്ചാരത്തിന്റെ (The way of a Pilgrim) രണ്ടാം ഭാഗത്തിലൊരു വിവരണമുണ്ട്. സിദ്ധിനാഥാനന്ദ സ്വാമികളുടെ പരിഭാഷയിൽ 'പശ്ചാത്തപിക്കാൻ കഴിയാത്തതിൽ പശ്ചാത്തപിക്കുക' എന്ന ശീർഷകത്തിന് കീഴിലാണത്. സാധകന്റെ കുമ്പസാരത്തിനുള്ള ഒരുക്കമാണ് പറയുക. യൗവ്വനാരംഭം മുതൽ ചെയ്തുപോയ പാപങ്ങളെല്ലാം ഓർത്തെടുത്ത് സവിസ്തരം അയാൾ ഒരു വലിയ കടലാസിൽ കുറിക്കുന്നു. തപസ്വിയും വിവേകിയുമായ ഒരു പുരോഹിതനെക്കുറിച്ച് കേട്ടറിഞ്ഞ് അദ്ദേഹത്തിന്റെ സമീപമെത്തി തന്റെ കുറിപ്പുകൾ പുരോഹിതന് നല്കി. അത് വായിച്ചിട്ട് അദ്ദേഹം പറഞ്ഞുവത്രേ, "പ്രിയ സ്നേഹിതാ, താങ്കൾ എഴുതിയിരിക്കുന്ന ഇതിൽ ഒട്ടേറെയും വെറും വ്യർത്ഥമാണ്. ഒന്നാമതായി, പശ്ചാത്തപിച്ചു കഴിയുകയും മാപ്പ് നല്കപ്പെടുകയും ചെയ്തു കഴിഞ്ഞ പാപങ്ങൾ വീണ്ടും കുമ്പസാരത്തിൽ കൊണ്ടു വരരുത്. അവയെക്കുറിച്ച് വീണ്ടും ഓർക്കരുത്. എന്തെന്നാൽ അങ്ങനെ ചെയ്യുന്നത് പ്രായ്ശ്ചിത്ത വിധിയുടെ പ്രയോജനത്തെ സംശയിക്കുകയായിരിക്കും. രണ്ടാമത്; നിങ്ങളുടെ പാപങ്ങളുമായി ബന്ധപ്പെട്ട ആളുകളെ ഓർമ്മയിൽ കൊണ്ടുവരരുത്. മൂന്നാമത്; പാപാചരണത്തിന്റെ ചുറ്റുപാടുകൾ മുഴുവൻ പറഞ്ഞുപോകരുതെന്നും അവയെ പൊതുവേ പ്രസ്താവിക്കുക മാത്രമേ പാടുള്ളുവെന്നും പരിശുദ്ധപിതാക്കന്മാർ അനുശാസിക്കുന്നു. നമുക്കും പുരോഹിതനും പ്രലോഭനം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ്

അവർ അങ്ങനെ നിരോധിച്ചിരിക്കുന്നത്. നാലാമത്, നിങ്ങൾ പശ്ചാത്തപിക്കാനാണ് വന്നിരിക്കുന്നത്; എങ്കിലും പശ്ചാത്തപിക്കാൻ കഴിയുന്നില്ല എന്ന കാര്യത്തെക്കുറിച്ച് നിങ്ങൾ പശ്ചാത്തപിക്കുന്നില്ല. അതായത് നിങ്ങളുടെ പശ്ചാത്താപം നിർജ്ജീവവും അശ്രദ്ധവുമാകുന്നു.അഞ്ചാമത്; ഈ വക ചില്ലറ കാര്യങ്ങളൊക്കെ നിങ്ങൾ അനുസ്മരിക്കുന്നു.; എന്നാൽ മുഖ്യമായ സംഗതി വിട്ടുകളഞ്ഞു. എല്ലാറ്റിലും ഗൗരവാവഹമായ പാപം നിങ്ങൾ വെളിവാക്കിയിട്ടില്ല. നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നില്ലെന്ന് ! അയൽക്കാരനെ വെറുക്കുന്നുവെന്ന്! ദൈവശാസനത്തിൽ നിങ്ങൾക്ക് വിശ്വാസമില്ല എന്ന്! അഹങ്കാരവും അത്യാഗ്രഹവും നിറഞ്ഞവനാണ് നിങ്ങൾ എന്ന് ! ഈ വക സംഗതികൾ നിങ്ങൾ കുറിക്കുകയോ പറയുകയോ ചെയ്തിട്ടില്ല." ഇങ്ങനെ പറഞ്ഞ ശേഷം ആ പുരോഹിതൻ അദ്ദേഹത്തിന്റെ കുമ്പസാരക്കുറിപ്പ് സാധകന് വായിക്കാൻ നല്കുന്നു. സാധകൻ അതിങ്ങനെ വായിക്കുന്നു. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നില്ല; സ്നേഹിച്ചിരുന്നെങ്കിൽ അനവരതം അവനെ ധ്യാനിച്ചേനേ. അവനോടുള്ള സംഭാഷണമായ പ്രാർത്ഥനയിൽ വിരസത തോന്നാതിരുന്നേനേ. ഇപ്പോഴത്തേത് പോലെ ആലസ്യം തോന്നാതെ ആനന്ദമറിഞ്ഞേനേ! പ്രാർത്ഥന ചുരുക്കി നിസ്സാര കാര്യങ്ങളിൽ ഏർപ്പെടാതിരുന്നേനേ. അദ്ധ്യാത്മദാഹത്തെക്കാൾ പരകാര്യങ്ങളും രാഷ്ട്രീയ സംഭവങ്ങളും ഇഷ്ടപ്പെടാതിരുന്നേനെ. ഞാൻ അയൽക്കാരനെ എന്നെപ്പോലെ സ്നേഹിച്ചിരുന്നെങ്കിൽ അയാളുടെ ദുർഗതികൾ എന്നെ ദുഃഖിപ്പിച്ചേനെ. അയാളുടെ സുഖം എന്നെ ആനന്ദിപ്പിക്കുകയും ചെയ്തേനെ. എന്നാൽ നേരെ മറിച്ചാണ് കാര്യങ്ങൾ. അവന്റെ ശ്രേയസ്സും മാനവും എന്നിൽ അസൂയയും അവജ്ഞയും ഉത്പാദിപ്പിക്കുന്നു. എനിക്ക് മതപരമായ വിശ്വാസമില്ല. അമരത്വത്തിലും സുവിശേഷത്തിലും വിശ്വാസമില്ല. നിത്യജീവനെക്കുറിച്ചുള്ള ബോധമുണ്ടായിരുന്നെങ്കിൽ ഒരു പരദേശിയെപ്പോലെ ഞാനിവിടെ കഴിഞ്ഞേനെ. ലൗകീക വിഷയങ്ങളെക്കാൾ സുവിശേഷം ധ്യാനിച്ചേനേ. അഹങ്കാരവും ഭോഗലാലസതയും നിറഞ്ഞവനാണ് ഞാൻ! എന്നിലെന്തെങ്കിലും നന്മ കണ്ടാൽ അത് വെളിവാക്കാൻ ഞാൻ വെമ്പുന്നു. അല്ലെങ്കിൽ അന്യരുടെ മുമ്പിൽ വച്ച് ഞാനതിനെക്കുറിച്ച് അഭിമാനം കൊള്ളുന്നു. പുറമെ വിനയമൊക്കെ കാണിക്കുമെങ്കിലും അതൊക്കെ എന്റെ കഴിവുകൊണ്ട് നേടിയതാണെന്നാണ് ഞാൻ കരുതുന്നത്. മറ്റുള്ളവരെക്കാൾ കേമനെന്ന് സ്വയം വിചാരിക്കുന്നു. എന്നിലെ കുറ്റങ്ങൾക്ക് മാപ്പ് നല്കുന്നു. എന്നോട് ബഹുമാനപൂർവ്വം പെരുമാറാത്തവരോട് ദേഷ്യം തോന്നുന്നു. എന്റെ വില അറിയാൻ കഴിവില്ലാത്തവരാണ് എന്ന് കരുതുന്നു. എന്റെ കഴിവുകളെക്കുറിച്ച് സ്വയം വീമ്പു പറയും. ഞാൻ പിറുപിറുക്കുന്നു. എതിരാളികളുടെ കഷ്ടപ്പാടിൽ എനിക്ക് സന്തോഷം തോന്നുന്നു. ഞാനെന്തെങ്കിലും നല്ല കാര്യത്തിന് വേണ്ടി പ്രയത്നിക്കുന്നുണ്ടെങ്കിൽ അത് പ്രശംസ സമ്പാദിക്കുന്നതിനാണ്. തുടർച്ചയായി ഞാൻ എന്നെ ഒരു വിഗ്രഹമാക്കുന്നു; അതിനെ നിരന്തരം ആരാധിക്കുന്നു." പുരോഹിതൻ നല്കിയ ഈ കുമ്പസാര രീതി വായിച്ചപ്പോൾ സാധകൻ നടുങ്ങിപ്പോയി. ആലസ്യമാണ് ഏതൊരു ആത്മാന്വേഷകന്റെയും പരമശത്രു. ആന്തര മനുഷ്യനെ വിനയത്തിലേയ്ക്ക് നയിക്കുന്നതാണ് ശരിയായ കുമ്പസാരം. ഈ പാഠങ്ങൾ ഓതുന്ന ആ പുരോഹിതന്റെ കുമ്പസാരക്കുറിപ്പ് സാധകനിലും നമ്മിലും ഒരുപോലെ ഭയം ഉണർത്താൻ പോന്നതാണ്.

## IV

"Not all storms come to disrupt your life, some come to clear youth path". നമ്മുടെ ആലസ്യങ്ങളെ തട്ടിയുണർത്തുന്ന ഈ തീക്കാറ്റിൻ പ്രഹരത്തിൽ നാം ചഞ്ചലരാവരുത്. പ്രിയ സഖാക്കളെ, "അല്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾ വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിപ്പിൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന സ്വർണ്ണത്തെക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം"(1 pet 1:6,7).

ശിഷ്യന്മാരുടെ നടപടികളെ ധ്യാനിക്കുക. അപ്പോൾ മാത്രമാണ് ക്രിസ്ത്യാനുകരണമെന്നാൽ കേവലമൊരു ക്ലബ് മെമ്പർഷിപ്പ് അല്ലെന്ന് നിനക്ക് ബോധ്യം വരിക. ക്രിസ്ത്യാനുകരണമെന്നാൽ കംഫർട്ട് സോണുകളുടെ നിർമ്മിതിയല്ലെന്ന് നീ ഗ്രഹിക്കുക. ക്രിസ്ത്യാനുകരണമെന്നാൽ കപടമാന്യതയുടെ മുഖപടമണിഞ്ഞുള്ള അപവാദമെഴുത്തല്ല എന്ന് നീ അറിയുക. വെള്ള മില്ലാത്ത കിണറുകളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങളുമാകാതിരിപ്പാൻ നാം ക്രിസ്തുവിന്റെയും സഖാക്കളുടെയും കാല്ച്ചുവടുകൾ പിന്തുടരേണ്ടതുണ്ട്.

ഒരു മനമോടെ ജീവിച്ചവരുടെ കൂട്ടമാണ് സഭ. സകലവും പൊതുവക എന്നെണ്ണിയവരുടെ കൂട്ടം. സ്വകാര്യ ട്രസ്റ്റുകൾ ഇല്ലാതിരുന്നവരുടെ തിരുസംഘം. പണം വാങ്ങി കൈവയ്പ്പ് നല്കാതിരുന്നവർ. തിരുവെഴുത്തിന്റെ പൊരുൾ പകരാൻ എത്ര ദൂരവും കൂട്ടുപോയവർ. പരസ്പരമുള്ള തർക്കങ്ങൾ പറഞ്ഞുതീർക്കാൻ ഉൾബലമുണ്ടായിരുന്നവർ. തെരുവോരങ്ങളിൽ സ്വയം സുവിശേഷമായി ജീവിച്ചവർ. ഹൃത്തിൽകുത്തുകൊള്ളുന്ന പ്രഭാഷണങ്ങൾക്ക് ഉടമകൾ. സാമൂഹിക തിന്മകളെ നിർഭയം ശാസിച്ചവർ. നന്മയ്ക്ക് പകരം തിന്മ ലഭിച്ചതിൽ ആനന്ദിച്ചവർ. ദേവതുല്യം ബഹുമാനം നല്കാനെത്തിയവരിൽ നിന്നൊഴിഞ്ഞുമാറിയവർ. വാഴ്ത്തലുകളെയും ഇകഴ്ത്തുകളെയും ഋഷിതുല്യമായ ആന്തരിക സ്വച്ഛതയോടെ അതിജീവിച്ചവർ. വന്നുപോയ പിഴവുകളെ ഏറ്റുപറഞ്ഞ് തിരുത്താൻ കരുത്തുണ്ടായിരുന്നവർ. അവനോടൊപ്പം മരിക്കാൻ തുനിഞ്ഞിറങ്ങിയവർ. ഈ കൂട്ടത്തിന്റെയും കൂട്ടിന്റെയും പേരാണ് ശിഷ്യത്വം! ഇതാണ് സഭേ അപ്പോസ്തലിക പൈതൃകം! ഇതാവണം സഖാവേ, നാം പിന്തുടരേണ്ട ശ്ലൈഹീക പാരമ്പര്യം!

**ശേഷിപ്പ് :** *തന്നെ അനുസരിക്കാതിരുന്ന കർദ്ദിനാൾ കോൺസായിയോട് നെപ്പോളിയൻ ചക്രവർത്തി ക്ഷുഭിതനായി:-*

*"എന്റെ വാക്ക് കേൾക്കുന്നില്ലെങ്കിൽ ഞാൻ സഭയെ നശിപ്പിക്കും!"*

*ബിഷപ്പ് തന്റെ കുംഭയിൽ തടവി പറഞ്ഞത്രേ:*

*"കുറേ നൂറ്റാണ്ടുകളായി ഞങ്ങളെല്ലാം ചേർന്ന് പരമാവധി ശ്രമിച്ചിട്ടും സഭ തകർന്നില്ല! പിന്നെയല്ലേ, ഇത്തിരിപ്പോന്ന **നീ**"!*


പുതിയ പുസ്തകം

**പടിയോലകൾ**

(മലങ്കരസഭയിലെ പടിയോലകളെക്കുറിച്ചുള്ള സമഗ്ര പഠനം)

വില: ₹ 280

**കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണം**

**ഗ്രന്ഥകർത്താവ്: അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**

ആവശ്യപ്പെടുക: **അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ, മെയിൻ റോഡ്, കുന്നംകുളം, പിൻ – 680503, ഫോൺ: 04885 222216**

# CONFESSION

# വിശുദ്ധ കുമ്പസാരം ചർച്ച ചെയ്യപ്പെടുമ്പോൾ...

■ ഫാ. ഡോ. റെജി മാത്യു
(സെക്രട്ടറി, കേരളാ കൗൺസിൽ ഓഫ് ചർച്ചസ്)

**മാധ്യമ-ചാനൽ ചർച്ചകളിൽ കുമ്പസാരം എന്ന കൂദാശ നിരോധിക്കണമെന്ന് ദേശീയ വനിതാ കമ്മീഷൻ ! ഇത് പ്രതിഷേധാർഹവും ഇന്ത്യൻ ഭരണഘടന ഉറപ്പാക്കുന്ന മതസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നു കയറ്റവുമാണ്.**



സഹസ്രാബ്ദങ്ങളായി ക്രൈസ്തവ സഭയിൽ പരിപാവനമായി നടത്തപ്പെട്ടിരുന്ന വിശുദ്ധ കുമ്പസാരം എന്ന കൂദാശയെപ്പറ്റി കഴിഞ്ഞ കുറെ ദിവസങ്ങളായി അച്ചടി മാധ്യമങ്ങളും ചാനൽ ചർച്ച നയിക്കുന്നവരും സഭയുടെ പൗരോഹിത്യ ശുശ്രൂഷയെ സംബന്ധിച്ചോ കുമ്പസാരത്തെ സംബന്ധിച്ചോ വളരെ ശുഷ്ക്കവും വികലവുമായ ധാരണകൾ ഉണ്ടാക്കുന്നത് തന്നെ സഭാംഗങ്ങൾ ഉൾപ്പെടെയുള്ള പൊതു സമൂഹം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. അടിസ്ഥാനപരമായി ഉന്നയിക്കപ്പെട്ടിരിക്കുന്ന നാല് ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.

### 1. വി. കുമ്പസാരത്തെപ്പറ്റി ബൈബിൾ എന്തു പഠിപ്പിക്കുന്നു?

ഒന്നാമത്തെ ചോദ്യത്തിൽ തന്നെ ചർച്ച തുടങ്ങാം. പലരുടെയും ധാരണ ഇന്നത്തെ ക്രൈസ്തവ സഭകൾ നടത്തുന്ന എല്ലാ ശുശ്രൂഷകളും അവ ഇപ്പോൾ നടത്തപ്പെടുന്ന തരത്തിൽ തന്നെ വി. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ്. ഇതു വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരാശയമാണ്. ഇന്നത്തെ സഭയിലെ വി. കൂദാശകളുടെയും ആരാധനാ വിധികളുടെയും ദൈവശാസ്ത്രപരമായ അടിസ്ഥാനം വി. വേദപുസ്തകത്തിലുണ്ട് എന്നതല്ലാതെ നൂറ്റാണ്ടുകൾക്കു മുൻപു തന്നെ അതിന്റെ വിശദാംശങ്ങൾ തിരുവചനത്തിൽ കുറിച്ചിട്ടുണ്ട് എന്നു ബോധമുള്ള ആരും തന്നെ പ്രതീക്ഷിക്കുകയില്ല. ഉദാഹരണമായി, ഒരാൾ വിവാഹം നടത്തുമ്പോൾ വിവാഹത്തെപ്പറ്റിയും കുടുംബങ്ങളെ സംബന്ധിച്ചുമുള്ള വേദപുസ്തകയാശയങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന വിവാഹ കൂദാശയിലാണ് സംബന്ധിക്കുന്നത്. അതല്ലാതെ മണവാളനെയും മണവാട്ടിയെയും പള്ളിയുടെ നടയിൽ പിടിച്ചു നിർത്തണമെന്നോ, നിർദ്ദിഷ്ട പ്രാർത്ഥനകളും ഗീതങ്ങളും ആലപിക്കണമെന്നോ, കുടുംബബന്ധത്തെപ്പറ്റി ആരെങ്കിലും ഒരു പ്രസംഗം നടത്തണമെന്നോ വി. വേദപുസ്തകത്തിലൊരിടത്തും തന്നെ പറയുന്നില്ല. ഇതുതന്നെയാണ് ശവസംസ്ക്കാരത്തിന്റെയും കാര്യം.

മൃതശരീരം പള്ളിയുടെയോ ഫെയിത്ത് ഹോമിന്റെയോ പരിസരത്തുള്ള സെമിത്തേരിയിൽ സംസ്ക്കരിക്കണമെന്നു തിരുവചനത്തിൽ ഒരിടത്തും പറയുന്നില്ല. ഞായറാഴ്ചയാരാധനയുടെയും കാര്യം ഇതുതന്നെ. അടിസ്ഥാന വിശ്വാസസത്യങ്ങൾ വെളിപ്പെടുത്തുകയെന്നതാണ് തിരുവചനത്തിന്റെ ദൗത്യം, അതല്ലാതെ ഇന്നു നടക്കുന്ന ആരാധനാ വിധികളുടെ വിശദാംശങ്ങൾ എടുത്തു പറയുകയല്ല. അവയൊക്കെയും സഭയുടെ ചരിത്ര ഗതിയിൽ വികസിച്ചു വന്നതുതന്നെയാണ്.

ആദിമ സഭയിലെ കുമ്പസാരം വി. മാമോദീസായോടു ചേർന്ന ഒരു പ്രക്രിയയായിരുന്നു. പാപമോചനത്തിനുള്ള മാനസാന്തര സ്നാനം പ്രസംഗിച്ച യോഹന്നാൻ സ്നാപകനിൽ നിന്നാണ് ക്രൈസ്തവ സഭയിൽ ഇതാരംഭിച്ചത് (മർക്കോ. 1:5). അദ്ദേഹത്തിന്റെ പ്രസംഗം കേട്ട് ധാരാളമാളുകൾ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് യോർദ്ദാൻ നദിയിൽ വച്ചു സ്നാനമേറ്റു (മത്താ. 3:6). പാപ സംബന്ധമായി മരിച്ചവർ സ്നാനത്തിലൂടെ ക്രിസ്തുവിന്റെ ക്രൂശു മരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും പങ്കാളികളായിത്തീരുകയാണുണ്ടായത് (റോമ. 6:1-4). എന്നാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് സഭ പ്രതീക്ഷിച്ചതിലും അധികം കാലം നീണ്ടു പോകുന്നുവെന്നുള്ളത് സഭയിൽ വലിയ ചിന്താക്കുഴപ്പമുണ്ടാക്കി. പാപമോചനം പ്രാപിച്ച് സ്നാനമേറ്റവർ അധിക കാലം പാപമൊന്നും കൂടാതെ ജീവിയ്ക്കുന്നത് അസാധ്യമെന്നു കണ്ട സാഹചര്യത്തിലാണ് സഭയിൽ പാപമോചനത്തിനായുള്ള കുമ്പസാരം ഉടലെടുത്തത്. 'നമുക്ക് പാപം ഇല്ലാ എന്നു നാം പറയുന്നുവെങ്കിൽ നമ്മെ തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു" (1 യോഹ. 1:8-9) എന്ന് വി. യോഹന്നാൻ ശ്ലീഹാ പറയുന്നത് ഈ സാഹചര്യത്തിലാണ്.

വി. കുമ്പസാരത്തിൽ എന്താണു നടക്കുന്നത് എന്ന് രണ്ടാം നൂറ്റാണ്ടിലെ രണ്ടു പിതാക്കന്മാർ വിശദീകരിച്ചിട്ടുണ്ട്. കോടതിഭാഷയെ അവലംബമാക്കിയ വി. തെർത്തുല്യർ (145-220 CE) പാപിയെ ഒരു ക്രിമിനലായും, പാപം കേൾക്കുന്ന പുരോഹിതനെ കോടതിമുറിയിലെ വക്കീലിനെപ്പോലെയും ദൈവത്തെ ന്യായാധിപനായും ചിത്രീകരിച്ചു (De Pentitentia). പടിഞ്ഞാറൻ സഭകളിൽ ഈ ആശയത്തിനാണ് വലിയ സ്വീകരണമുണ്ടായത്. എന്നാൽ കിഴക്കൻ സഭകൾ അവലംബിച്ചത് അതേ കാലത്തുതന്നെ ജീവിച്ച അലക്സന്ത്രായിലെ വി. ക്ലീമ്മീസിന്റെ (150-215 CE) വിശദീകരണമാണ്. അദ്ദേഹം പാപിയെ ഒരു രോഗിയായിട്ടും വൈദികനെ രോഗത്തിനു മരുന്നും, മറ്റു അച്ചടക്കരീതികളും നിർദ്ദേശിക്കുന്ന വൈദ്യനായും ദൈവത്തെ രോഗം ഭേദപ്പെടുത്തുന്ന ശക്തിയായും പഠിപ്പിച്ചു (Clement of Alexndria, Instructor).

•••••••

**ഒരു വ്യക്തിയുടെ രൂപാന്തരത്തിനു വേദിയൊരുക്കുന്ന കുമ്പസാര പിതാവ് പാപങ്ങൾ കേൾക്കുന്നത് ഇന്ത്യൻ പീനൽകോഡിന്റെ വെളിച്ചത്തിലല്ല.**

•••••••

### 2. പാപിയായ ഒരാൾ ദൈവത്തോടു നേരിട്ടു പാപങ്ങൾ ഏറ്റു പറഞ്ഞാൽ പോരെയോ?

രണ്ടാമത്തെ ചോദ്യം പാപി ദൈവത്തോടു നേരിട്ടു പാപങ്ങളെ ഏറ്റു പറഞ്ഞാൽ പോരയോ എന്നതാണ്. മിക്ക സഭകളിലും വി. കുർബ്ബാനയുടെ മധ്യേ പരസ്യ കുമ്പസാരം എന്ന ഏർപ്പാടുണ്ട്. "എങ്കിലോ പുണ്യമാകുന്നവനും..." എന്ന പ്രാർത്ഥന ചൊല്ലുന്ന സമയമാണിത്. അനുതാപ ഹൃദയത്തോടെ വിശ്വാസികൾ പാപബോധവും പശ്ചാത്താപവും പൂണ്ട് ദൈവസന്നിധിയിൽ ഹൃദയങ്ങളെ സമർപ്പിക്കുന്ന അവസരമാണിത്. എന്നാൽ പരസ്യ കുമ്പസാരം അനുഷ്ഠിക്കുന്ന സഭാംഗങ്ങൾ തന്നെ പറയുന്നത് ഈ അവസരം വേണ്ടവിധത്തിൽ പശ്ചാത്താപം ഉളവാക്കുന്നില്ലാ എന്നാണ്. റോമൻ കത്തോലിക്കാ സഭയിലും ഓർത്തഡോക്സ് സഭകളിലും ഇതു കൂടാതെ രഹസ്യ കുമ്പസാരം ഏർപ്പെടുത്തിയിരിക്കുന്നത് അതുണ്ടാക്കുന്ന മാനസാന്തരത്തെ കണ്ടുകൊണ്ടാണ്. കോടിക്കണക്കിനാളുകൾ ലോകമെമ്പാടും രഹസ്യ കുമ്പസാരം നടത്തി രൂപാന്തരം പ്രാപിക്കുന്നത് സഭയുടെ ശുശ്രൂഷയുടെ മഹനീയത കൊണ്ടുതന്നെയാണ്. ശമുവേൽ പ്രവാചകന്റെ പുസ്തകത്തിലെ ഒരു സംഭവം ഉദാഹരണമായി പഠിപ്പിക്കാറുണ്ട്. യിസ്രായേലിന്റെ കരുത്തനായ സാരഥിയായിരുന്ന ദാവീദു രാജാവ് ഒരവസരത്തിൽ മോഹപരവശനായി ഊരീയാവ് എന്ന പട്ടാളനായകന്റ ഭാര്യയായിരുന്ന ബെത്ശേബയെ കൈവശപ്പെടുത്തുകയും അതുമൂലം വലിയ പാപത്തിനടിമയാക്കപ്പെടുകയും ചെയ്തു (2 ശമു. 12:1-14). എന്നാൽ ഇതൊരു അനീതിയെന്നോ പാപമെന്നോ ഉള്ള തിരച്ചറിവ് അദ്ദേഹത്തിനുണ്ടായില്ല. അദ്ദേഹം താൻ ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽതന്നെ ഭക്തനായി ജീവിച്ചുപോന്നു. ഈ അവസരത്തിലാണ് ദൈവത്തിന്റെ അഭിഷിക്തനായ നാഥാൻ പ്രവാചകൻ ഒരു ഉപമയിലൂടെ ദാവീദിനു പാപബോധം വരുത്തിയത്. ദാവീദ് നാഥാനോട് "ഞാൻ ദൈവത്തോടു പാപം ചെയ്തു" എന്ന് അനുതാപത്തോടെ ഏറ്റുപറയുകയും നാഥാൻ "ദൈവം നിന്റെ പാപം മോചിപ്പിച്ചിരിക്കുന്നു" എന്നറിയിക്കുകയും ചെയ്തു. ഇതുതന്നെയാണ് ഇന്നത്തെ കുമ്പസാര പിതാവും ചെയ്യുന്നത്. ഒരു വ്യക്തിക്ക് പാപബോധമുണ്ടായി അനുതപിക്കുവാനും പശ്ചാത്താപത്തോടെ ദൈവത്തോടു പാപങ്ങൾ ഏറ്റുപറയാനുള്ള സാഹചര്യമൊരുക്കുവാനുമാണ് (to fecilitate) പട്ടക്കാരൻ നിയോഗപ്പെട്ടിരിക്കുന്നത്. 51-ാം സങ്കീർത്തനംആലപിക്കത്തക്കവണ്ണം ദാവീദ് രാജാവിനെ ഒരുക്കിയെടുത്ത നാഥാനെപ്പോലെ ഇന്നത്തെ പുരോഹിതനും ധ്യാനത്തിലൂടെയും ഉപദേശങ്ങളിലൂടെയും വിശ്വാസിയെ അനുതാപത്തിനായി തയ്യാറാക്കുന്നു. ദാവീദിനെപ്പോലെ അദ്ദേഹം പാപങ്ങൾ ഏറ്റു പറയുന്നതു ദൈവത്തോടാണ്. പാപങ്ങൾ ദൈവം ക്ഷമിച്ചു എന്നറിയിക്കുന്ന ധർമ്മമാണ് കുമ്പസാര പിതാവിനുള്ളത്. "ദൈവത്തിനും മനുഷ്യനും മദ്ധ്യസ്ഥനായ ഒരുവൻ" മാത്രമേയുള്ളൂ. അതു "എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്തന്നെ സമർപ്പിച്ച" യേശുക്രിസ്തുവാണ് (1 തിമോ. 2:5). മലയാള ഭാഷയിൽ പദങ്ങളുടെ ദാരിദ്ര്യമുള്ളതുകൊണ്ട് "മദ്ധ്യസ്ഥൻ" എന്ന വാക്ക് മറ്റർത്ഥങ്ങളിലും ഉപയോഗിക്കുന്നുണ്ട് എന്നതല്ലാതെ, പട്ടക്കാരൻ ഒരിയ്ക്കലും ക്രിസ്തുവിന്റെ ദൗത്യമല്ല വി. കുമ്പസാരത്തിൽ നിർവ്വഹിക്കുന്നത്. നമ്മുടെ ആണ്ടു കുമ്പസാരവും, പൊതുയോഗത്തിനും മുൻപുള്ള ഭരണഘടനാനുസൃതമായ കുമ്പസാരവും, തലയിൽ കൈവെച്ച് പട്ടക്കാരൻ നടത്തുന്ന ഹൂസോയോ എന്ന പ്രക്രിയയും രഹസ്യ കുമ്പസാരത്തിന്റെ മൂല്യം നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്ന സത്യം ഇവിടെ വിസ്മരിക്കുന്നില്ല.

### 3. രഹസ്യ കുമ്പസാരം എന്ന കുദാശയിൽ കുടി സഭയുടെ വൈദിക നേതൃത്വം വിശ്വാസികളെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയുമല്ലേ ചെയ്യുന്നത്?

നമ്മുടെ ചർച്ചയിലെ മൂന്നാമത്തെ ചോദ്യം വി. കുമ്പസാരത്തിലൂടെ വൈദിക ശ്രേണിയിലുള്ളവർ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും അടിച്ചമർത്തുകയും

ചെയ്യുന്നതിനെ സംബന്ധിച്ചാണ്. ചരിത്രത്തിൽ അത്തരം ദുഷ്പ്രവണതകൾ നാം കണ്ടത് മധ്യ നൂറ്റാണ്ടുകളിലാണ്. പാപമോചനച്ചീട്ട് (Sale of Indulgences) എന്ന സമ്പ്രദായം ഇത്തരം കൊടും പാപങ്ങൾ ചെയ്യുന്നതിന് വൈദികരെ പ്രേരിപ്പിച്ചിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. സഭാ വിശ്വാസികൾ ഏവരും ഒരിയ്ക്കലെങ്കിലും രഹസ്യ കുമ്പസാരം നടത്തണമെന്നു പറയുമ്പോൾ അതിൽ എല്ലാ വൈദികരും തിരുമേനിമാരും പ. കാതോലിക്കാ ബാവായും ഉൾക്കൊണ്ടിട്ടുണ്ട് എന്നു പലരും തിരിച്ചറിയുന്നില്ല. നമ്മുടെ ആത്മീയ പിതാക്കന്മാരെല്ലാം ആണ്ടു കുമ്പസാരം നടത്തുന്നവർ തന്നെയാണ്.

**4. രഹസ്യ കുമ്പസാരത്തിൽ ഏറ്റു പറയുന്ന കൊടും പാപങ്ങൾ രാഷ്ട്രത്തിന്റെ നിയമമനുസരിച്ച് നിയമപാലകരെ ബോധ്യപ്പെടുത്തേണ്ടതില്ലയോ?**

ഇനി, അവസാനത്തെ ചോദ്യത്തിലേക്കു കടക്കാം. കുമ്പസാരത്തിൽ ഏറ്റു പറയുന്ന പാതകങ്ങൾ നിയമപാലകരെ അറിയിക്കുന്നതു സംബന്ധിച്ചാണത്. ഈ ചോദ്യം ഒരു ചാനൽ ചർച്ചയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ഈ ലേഖകൻ പറഞ്ഞത് രഹസ്യ കുമ്പസാരത്തിൽ കേൾക്കുന്ന പാപങ്ങൾ പട്ടക്കാരൻ ആരോടും ബോധ്യപ്പെടുത്താൻ തയ്യാറാവുകയില്ല എന്നാണ്. ചർച്ചയിൽ പങ്കെടുത്ത ഒരു വനിതാ അഡ്വക്കേറ്റ് അതിനോടു യോജിച്ചു പറഞ്ഞത് വക്കീലന്മാരുടെയടുക്കൽ പറയപ്പെടുന്ന രഹസ്യങ്ങൾ അവരും കോടതിയെ അറിയിക്കാറില്ലാ എന്നാണ്. ഇതുതന്നെയാണ് ഡോക്ടറന്മാരും, അധ്യാപകരും മാതാപിതാക്കളുമൊക്കെ ചെയ്യുന്നത്. സ്വന്തം മക്കളുടെ തെറ്റുകൾ മാതാപിതാക്കൾ ഒരിക്കലും വെളിപ്പെടുത്താറില്ല. ഭരണകൂടത്തിന് വ്യക്തികളുടെ രഹസ്യങ്ങളെയെല്ലാം അറിഞ്ഞാൽ കൊള്ളാമെന്നു വരുന്നത് ആപൽക്കരമാണ്. ഒരു വ്യക്തിയുടെ രൂപാന്തരത്തിനു വേദിയൊരുക്കുന്ന കുമ്പസാര പിതാവ് പാപങ്ങൾ കേൾക്കുന്നത് ഇന്ത്യൻ പീനൽകോഡിന്റെ വെളിച്ചത്തിലല്ല. ഇൻഡ്യൻ ശിക്ഷാനിയമത്തിൽ വധശിക്ഷയ്ക്കു പറയുന്ന കാര്യങ്ങൾ മാത്രമല്ല സഭയിലെ മരണകരമായ പാപങ്ങൾ എന്നും തിരിച്ചറിയണം. ചില പ്രോട്ടസ്റ്റന്റ് സഭാ വിഭാഗങ്ങളിൽ സാക്ഷി പറച്ചിലുകൾ നടത്തുന്നവർ അവരുടെ മുൻകാല ചരിത്രം വിവരിക്കുമ്പോൾ അടിപിടി കേസുകൾ, മയക്കുമരുന്നുപയോഗം തുടങ്ങി ധാരാളം ക്രിമിനൽ കുറ്റങ്ങൾ വരെ

# CONFESSION
# വി. കുമ്പസാരം

■ **ഫാ. ഡോ. റ്റി. ജെ. ജോഷ്വ**

മാമോദീസായ്ക്ക് ശേഷം ഒരു ക്രിസ്ത്യാനി സ്വാതന്ത്ര്യ ബുദ്ധിമൂലമോ സാത്താന്റെ പ്രേരണമൂലമോ പാപം ചെയ്യുമ്പോൾ ആ പാപത്തിന് മോചനം ലഭിക്കുവാൻ ഉള്ള കൂദാശയാണ് വി. കുമ്പസാരം. കുമ്പസാരം മൂലം ദൈവവുമായും മനുഷ്യരുമായും അനുരഞ്ജനം സാധ്യമാകുന്നതിനാൽ അനുരഞ്ജനത്തിന്റെ കൂദാശ എന്നും ഇതിന് പേരു വിളിക്കാം.


പാപം ഏറ്റു പറയുവാനായി എപ്പോഴെല്ലാം ഓർക്കുന്നുവോ അപ്പോഴെല്ലാം കുമ്പസാരിക്കണം. യഥാർത്ഥമായ അനുതാപത്തോടെ ആയിരിക്കണം. കുമ്പസാരം വഴി ആത്മീയ പുനരുജ്ജീവനം സാധ്യമായി തീരുന്നു. അതിന് ചില ഒരുക്കങ്ങൾ ആവശ്യമാണ്. സ്വയപരിശോധന, അനുതാപം, ഏറ്റുപറച്ചിൽ, പ്രതിജ്ഞ, പ്രായശ്ചിത്തങ്ങൾ, വി. കുർബാനാനുഭവം. എന്നിവ പാപമോചനം ലഭിക്കുന്നതിനുള്ള ഒരുക്കങ്ങളാണ്.

കുമ്പസാരം എന്നത് ഒരു പോർട്ടുഗീസ് പദമാണ്. കത്തോലിക്കാ സഭയുടെ സ്വാധീനത്തിൽ കടന്നുവന്നതാണ്. സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനൂസോ അഥവാ ഏറ്റുപറച്ചിൽ എന്നാണ് ഈ കൂദാശയ്ക്ക് നൽകിയിരിക്കുന്ന പേര്.

**1. വി. കുമ്പസാരം എന്തിന്?**

കുമ്പസാരത്തിന്റെ ആവശ്യത്തിന് പ്രധാനമായും രണ്ട് കാരണങ്ങൾ ഉണ്ട്. വേദശാസ്ത്രപരമായും മനശാസ്ത്രപരമായും. വേദശാസ്ത്രപരമായി, പുരോഹിതന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ വേദപുസ്തകത്തിൽ നിഷ്കർഷിച്ചിരിക്കുന്നതാണ്. (യോശുവ 7:19) യഹോവയ്ക്ക് എതിരായി ആഖാൻ പാപം ചെയ്ത് പിടിക്കപ്പെട്ടപ്പോൾ യോശുവാ പറയുന്നത് ഇപ്രകാരമാണ്. "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോട് ഏറ്റുപറയുക; നീ എന്തുചെയ്തു എന്നു പറയുക, എന്നോട് മറച്ചുവയ്ക്കരുത്." ഇവിടെ യോശുവായുടെ സാന്നിധ്യത്തിൽ ദൈവത്തോട് ഏറ്റു

സഭാ മധ്യേ ഏറ്റുപറയാറുണ്ട്. അവയൊന്നും അത്തരം സഭാ നേതാക്കന്മാർ പോലീസിൽ റിപ്പോർട്ടു ചെയ്യാറില്ലാ എന്നതും ഈ അവസരത്തിൽ പറയേണ്ടതുണ്ട്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാരുടെ മേൽ ഊതി അവർക്ക് പരിശുദ്ധാത്മ നൽവരം നൽകി "ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു'' ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു" (യോഹ. 20:22-23) എന്നു കല്പിച്ചു നൽകിയ അപ്പോസ്തോലിക അധികാരത്തിലാണ് പട്ടക്കാരൻ രഹസ്യകുമ്പസാരം നടത്തുന്നത്. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും" എന്ന വാഗ്ദത്തമാണ് (മത്താ. 18:18) സഭ അടിസ്ഥാന വാക്യമായി എടുത്തിരിക്കുന്നത്. കുമ്പസാരിക്കുന്നയാളിനോടു മറ്റുള്ളവരോടു നിരപ്പാക്കുവാനും, പ്രായശ്ചിത്തങ്ങൾ നിർദ്ദേശിക്കുവാനുമല്ലാതെ നേരിട്ട് ഗവണ്മെന്റ് ഓഫീസുകളുമായി ബന്ധപ്പെടുവാൻ ഒരു കുമ്പസാര പിതാവും തയ്യാറാവുകയില്ല. രഹസ്യത്തിൽ കേൾക്കുന്ന പാപങ്ങൾ മനസ്സിൽ വച്ച് പിന്നീടു പ്രവർത്തിക്കുകയോ അവ ആരോടെങ്കിലും പങ്കുവയ്ക്കുകയോ ചെയ്യുന്ന പട്ടക്കാരൻ പട്ടത്വ ശുശ്രൂഷയ്ക്ക് അയോഗ്യനും ദൈവകോപത്തിനു പാത്രവുമായി ത്തീരും എന്നു തന്നെയാണ് സഭ പഠിപ്പിക്കുന്നത്. തുടർ പ്രവർത്തനമായി പറയുന്നത് വി. കുർബ്ബാന മദ്ധ്യേ കുമ്പ



പറയുകയാണ് ആഖാൻ ചെയ്യുന്നത്. അതായത് യഹോവയ്ക്ക് വേണ്ടി യോശുവായോട് ഏറ്റുപറയുന്നു. അതോടൊപ്പം ഏറ്റുപറച്ചിലിനും വേദ പുസ്തകാടിസ്ഥാനമുണ്ട്. സദൃ ശ്യ.28:13 "നിന്റെ ലംഘനങ്ങളെ മറ യ്ക്കുന്നവനു ശുഭം വരികയില്ല അവ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും". കൂടാതെ (1 യോഹ ന്നാൻ 1:9)" "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീ തിയും പോക്കി നമ്മെ ശുദ്ധീകരിക്കു വാൻ തക്കവണ്ണം വിശ്വസ്തനും നീതി മാനും ആകുന്നു."

രണ്ടാമതായി മനശാസ്ത്രപരമായ അടിസ്ഥാനം. ഹൃദയത്തിൽ/മാനസിക മായി പ്രയാസങ്ങൾ നേരിട്ടാൽ അത് അടിച്ചമർത്തി വയ്ക്കാതെ മറ്റൊരാ ളോട് പറഞ്ഞാൽ ആശ്വാസം കിട്ടുന്നു. കൗൺസിലിങ്ങിന്റെ തത്വവും ഇതുതന്നെയാണ്. പ്രയാസങ്ങൾ അമർത്തിവച്ചാൽ അത് മാനസികമായ പല പ്രശ്നങ്ങൾക്കും കാരണമാകുന്നു, അതിനാൽ അതു പങ്കുവയ്ക്കുന്നത് ആശ്വാസപ്രദമാണ് പങ്കുവയ്ക്കാൻ യോജിച്ച വ്യക്തി പുരോഹിതനാണ്.

**2. പട്ടക്കാരന്റെ മുൻപിലുള്ള രഹ സ്യകുമ്പസാരത്തിന്റെ പ്രാധാന്യം എന്ത്? പാപങ്ങൾ നേരിട്ട് ദൈവ ത്തോട് പറഞ്ഞാൽ പോരേ?**

പട്ടക്കാരന്റെ മുൻപിൽ കുമ്പസാ രിക്കുന്നതിന്റെ അടിസ്ഥാനം കർതൃ വചനമാണ്. യോഹന്നാൻ 20:23. "ആരുടെ പാപങ്ങൾ നിങ്ങൾ മോചി ക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടി രിക്കുന്നു." അതായത് പാപമോചന ത്തിനുള്ള അധികാരം പട്ടക്കാരന് നൽകിയിരിക്കുന്നു. അതിനാൽ പാപ മോചനം ലഭിക്കുന്നു. കൂടാതെ തക്ക തായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തിരുത്തലുകളും നൽകുവാൻ പട്ടക്കാ രന് സാധിക്കുന്നതുകൊണ്ടും പട്ടക്കാ രന്റെ മുൻപിലുള്ള കുമ്പസാരത്തിന് പ്രാധാന്യം ഉണ്ട്.

**3. കുമ്പസാരിക്കേണ്ട സമയം എപ്പോൾ? നിശ്ചിത കാലാവധിയിൽ കുമ്പസാരിക്കണമെന്നുണ്ടോ?**

ആത്മാവിന് കുറ്റബോധം ഉണ്ടാകു മ്പോൾ കുമ്പസാരിക്കണമെന്നല്ലാതെ സമയപരിധി ഇല്ല. സഭയുടെ ഭരണ ഘടന അനുശാസിക്കുന്ന പ്രകാരം പൊതുയോഗത്തിൽ സംബന്ധിക്കു വാൻ വേണ്ട യോഗ്യതയായി ആണ്ടു കുമ്പസാരം നിശ്ചയിച്ചു. ഉദ്ദേശം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാ രിച്ചിരിക്കണം എന്നതായിരുന്നു. എന്നാൽ ഇന്ന് പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ടി കുമ്പസാ രിക്കുന്ന നിലയിലേക്ക് മാറിപ്പോയി.

സാധാരണയായി നോമ്പുകാലഘ ട്ടങ്ങളിൽ പ്രത്യേകിച്ച് വലിയ നോമ്പിൽ കുമ്പസാരിക്കുന്ന ഒരു പാരമ്പര്യം ഇന്ന് നിലവിലുണ്ട്. കാരണം നോമ്പിന്റെ സമയമായതു കൊണ്ട് കുമ്പസാരത്തിനുള്ള ഒരുക്കം സാധ്യമാകുന്നു. മുൻകാല ങ്ങളിൽ പെസഹായ്ക്ക് മാത്രമായി രുന്നു വി. കുർബാന അനുഭവിച്ചി രുന്നത്. കൂടാതെ കുമ്പസാരിച്ചു മാ ത്രമേ വി. കുർബാന അനുഭവിക്കാ വു എന്നു നിയമവും ഉണ്ടായിരുന്നു അതിനാലാണ് വലിയ നോമ്പിൽ ധാരാളം ആളുകൾ കുമ്പസാരിച്ചിരു ന്നത്. എന്നാൽ ഇന്ന് ഹൂസോയോ പ്രാർത്ഥന വന്നതുകൊണ്ട് കുമ്പസാര ത്തിന്റെ പ്രാധാന്യവും ഒരുക്കവും നഷ്ടമായി.

വിവാഹം, മാമോദിസ എന്നീ കൂദാ ശകൾക്ക് മുമ്പായി ബന്ധപ്പെട്ടവർ, വിവാഹത്തിന് വധുവരന്മാർ, മാമോദിസയേൽക്കുന്ന ആൾ അല്ലെ ങ്കിൽ ശിശുക്കൾക്കാണെങ്കിൽ മാതാ പിതാക്കൾ, തലതൊടുന്ന ആൾ എന്നിവർ നിർബന്ധമായും കുമ്പ സാരം നടത്തിയിരിക്കണം എന്ന് നിയമം ഉണ്ട്. ■

സാരിച്ചവർക്കുവേണ്ടി (അവരുടെ പാപ ങ്ങൾ വിസ്മരിച്ചുകൊണ്ടു തന്നെ) പ്രാർത്ഥിക്കുവാനും "അമർത്യതയുടെ ഔഷധമായ വി. കുർബ്ബാന നൽകു വാനും മാത്രമാണ്."

**ഉപസംഹാരം**

കാര്യങ്ങൾ ഇങ്ങനെയൊക്കെയാ ണെങ്കിലും റോമാസാമ്രാജ്യത്തിലും കിഴക്കൻ നാടുകളിലും നൂറ്റാണ്ടു കൾക്കു മുമ്പ് ഉടലെടുത്ത സഭയുടെ കാനോനുകൾ ഭംഗിയായി വ്യാഖ്യാനി ക്കുവാനും വേണ്ടി വന്നാൽ കാലോ ചിതമായി പരിഷ്ക്കരിക്കുവനും സഭ യ്ക്ക് ബാധ്യതയുണ്ട്. അതോടൊപ്പം തന്നെ വ്യക്തിനിയമങ്ങളെപ്പറ്റി വ്യക്ത മായ ധാരണയും ഉണ്ടാവേണ്ടതുണ്ട്. പൊതുവായി ലഭിയ്ക്കുന്ന പരാതികൾ ഭദ്രാസനതലത്തിൽ അർത്ഥവത്തായി കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സമി തികളുണ്ടാകയും രാജ്യത്തിന്റെ നിയമ ങ്ങൾ സഭാ നേതാക്കന്മാരും പുരോഹി തന്മാരും തിരിച്ചറിഞ്ഞ് പ്രവർത്തിക്കു വാനുമുള്ള സാഹചര്യങ്ങളും സൃഷ്ടി ക്കപ്പെടണം. സണ്ടേസ്ക്കൂൾ അദ്ധ്യാപ കർ ഉൾപ്പെടെയുള്ളവർ വനിതകളെ സംബന്ധിച്ചും, കുട്ടികളെ സംബ ന്ധിച്ചും ഉണ്ടായിട്ടുള്ള നിയമനിർമ്മാണ ങ്ങൾ പഠിക്കേണ്ടതുണ്ട്. മർത്തമറിയ സമാജങ്ങളിലെ ചർച്ചകൾ വേദപുസ്ത കത്തെ സംബന്ധിച്ചും, കൂദാശാനുഷ്ഠാ നങ്ങളെയും ദൈവശാസ്ത്രത്തെയും സംബന്ധിച്ചു മാത്രം പരിമിതപ്പെടു ത്താതെ നാം ജീവിക്കുന്ന ലോക ത്തെയും സാഹചര്യങ്ങളെയും, നിയമ ങ്ങളെയും സംബന്ധിച്ചു കൂടി വിപുല പ്പെടുത്തേണ്ടതുണ്ട്. സഭ പൊതു സമക്ഷം ആക്ഷേപ പാത്രമായിത്തീരാ തിരിക്കുവാൻ ലോകത്തെ തിരിച്ചറിയേ ണ്ടത് അത്യാവശ്യമാണ്. തങ്ങൾക്ക് ലഭി ച്ചിരിക്കുന്ന പുരോഹിത ശുശ്രൂഷ കൊച്ചു കുട്ടികളുടെ കയ്യിലിരിക്കുന്ന സ്ഫടിക പാത്രങ്ങളെപ്പോലെ ബാലിശ മായും, സ്വാർത്ഥപരമായും, ബുദ്ധിശൂന്യ മായും കൈകാര്യം ചെയ്യുന്നവരെ സഭ യുടെ വ്യവസ്ഥാപിത ശിക്ഷണ മാർഗ്ഗ ങ്ങൾക്കു വിധേയരാക്കണം. പൗരോ ഹിത്യ ശുശ്രൂഷ ധാർഷ്ട്യവും, അധി കാര ഗർവും പ്രകടിപ്പിക്കുവാനുള്ള ഒന്നല്ല എന്നു പുരോഹിത വൃന്ദവും തിരിച്ചറിയണം. ദൈവകൃപയുടെ സന്ദേശ വാഹകരും, മനസ്സലിവുള്ള ഹൃദയത്തിന്റെ ഉടമകളും, തങ്ങളെ ത്തന്നെ വിമർശിക്കുന്നവരുമാണ് പുരോ ഹിതരായി തിരഞ്ഞെടുക്കപ്പെടേണ്ടത്. ■

# മറുപുറം

# ഫുട്ബോൾ




■ യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ

**ഒരു വിശ്വാസിയുടെ ആത്മീയ ജീവിതത്തിന് ഉൾക്കൊള്ളാവുന്ന നല്ല ദർശനങ്ങളും നവീനമായ വീക്ഷണങ്ങളും 2018–ലെ ലോക ഫുട്ബോൾ മാമാങ്കത്തിന്റെ ഏടുകളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് ആർജ്ജിച്ചെടുക്കുവാൻ സാധിക്കും.**

റഷ്യ ആതിഥ്യമരുളിയ ലോകകപ്പ് ഫുട്ബോൾ മാമാങ്കത്തിന് തിരശീല വീണു. കാൽപന്തുകളി കൗതുകത്തേക്കാളുപരി ചിന്തനീയമായ ചില കാഴ്ചപാടുകളും പകർന്നു നൽകുന്നു. ഒരു വിശ്വാസിയുടെ ആത്മീയ ജീവിതത്തിന് ഉൾക്കൊള്ളാവുന്ന നല്ല ദർശനങ്ങളും നവീനമായ വീക്ഷണങ്ങളും 2018–ലെ ലോക ഫുട്ബോൾ മാമാങ്കത്തിന്റെ ഏടുകളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് ആർജ്ജിച്ചെടുക്കുവാൻ സാധിക്കും. കളിക്കാരും, കളിയെ നിയന്ത്രിക്കുന്ന റഫറിമാരും തുടങ്ങി ഗാലറിയിൽ നിന്ന് ആവേശം പകർന്ന് കാണികൾ ഉൾപ്പെടെയുള്ളവർ ഓരോ വിശ്വാസിക്കും നൽകുന്നത് വലിയ സന്ദേശങ്ങളാണ്.

### 1. ഗോളി

ഗോൾ മുഖത്ത് ഏകാഗ്രതയോടെ നിതാന്ത ജാഗ്രത പുലർത്തി നിലകൊള്ളുന്ന ഗോളി നമുക്ക് പകർന്നു നൽകുന്നത് വലിയ പാഠങ്ങളാണ്. ഗോളിയ്ക്കു സംഭവിക്കുന്ന ചെറിയൊരു അശ്രദ്ധ പോലും കളിയെ നിർണായകമായി ബാധിച്ചേക്കും. അപ്രകാരം തന്നെ നമ്മുടെ ഓരോരുത്തരുടെയും ആത്മീയ-സാമൂഹ്യ-വ്യക്തി ജീവിതത്തിൽ സംഭവിക്കുന്ന ചെറിയ താളപ്പിഴകൾ പോലും വലിയ പിഴവുകളായി പരിണമിച്ചേക്കാം. അമിത ആഹ്ലാദ പ്രകടനങ്ങൾക്കോ മുഖസ്തുതികൾക്കോ നിന്നു കൊടുക്കാതെ പക്വതയോടെ പെരുമാറുന്ന ഗോളിയുടെ മാതൃകയാണ് നാം പിൻപറ്റേണ്ടത്.

### 2. റഫറി

കളിയുടെ നിയമ വശങ്ങൾ പഠിച്ച്, കാൽപന്തുകളിയെ ശരാശരി നിയന്ത്രിക്കുവാൻ ചുമതലപ്പെട്ടവനാണ് റഫറി. കളി സസൂക്ഷ്മം വീക്ഷിച്ച്, കളിക്കാർക്ക് സംഭവിക്കുന്ന ചെറിയ വീഴ്ചകൾ പോലും തിരിച്ചറിഞ്ഞ് അത് ചൂണ്ടിക്കാണിക്കുകയാണ് റഫറിയുടെ കടമ. വിശുദ്ധ തിരുവെഴുത്തുകളിൽ ബിലെയാം മുതലായ പ്രവാചകന്മാർ നമുക്ക് നൽകുന്ന മാതൃകയും ഇതുതന്നെയാണ്. തന്നെ ക്ഷണിച്ചു കൊണ്ടു വന്ന ശ്രേഷ്ഠ സംഘത്തിന്റെയും രാജാവിന്റെയും ജനത്തിന്റെയും മുമ്പാകെ ധൈര്യമായി നിന്ന് ദൈവീക നീതി പ്രഖ്യാപിക്കുന്ന ബിലെയാം ഒരു യഥാർത്ഥ റഫറിയുടെ ചുമതലയാണ് നിറവേറ്റുന്ന്. നാമും നല്ല റഫറിമാരായി തീരേണ്ടിയിരിക്കുന്നു. കുടുംബത്തിൽ അപ്പനും അമ്മയ്ക്കും സഹോദരങ്ങൾക്കും വിദ്യാലയങ്ങളിൽ ഗുരുക്കന്മാർക്കും ആത്മീയ തലങ്ങളിൽ പുരോഹിതന്മാർക്കുമെല്ലാം ഈ റഫറിയുടെ ചുമതല തന്നെയാണുള്ളത്. ഈ ചുമതലകളെ നാം വിസ്മരിക്കുമ്പോൾ സമൂഹം തിന്മയിലേയ്ക്ക് നയിക്കപ്പെടും. നമ്മുടെ ചുമതലകളെ വിശ്വസ്തതാപൂർവ്വം നിറവേറ്റുവാൻ നാം ശ്രദ്ധ വെക്കേണ്ടതുണ്ട്.

### 3. സെൽഫ് ഗോൾ

ഫ്രാൻസും ക്രൊയേഷ്യയും തമ്മിലുള്ള ഫൈനൽ മത്സരത്തിൽ ആദ്യം പിറന്നത് ഒരു സെൽഫ് ഗോളായിരുന്നു. അബദ്ധവശാൽ പറ്റിയതാണെങ്കിലും ക്രൊയേഷ്യയ്ക്ക് അതൊരു വൻ നഷ്ടമായിരുന്നു. ഇത്തരം സെൽഫ് ഗോളിന്റെ വിളയാട്ടം നമ്മുടെ സമൂഹത്തിലുമുണ്ട്. നമ്മുടെ സാമൂഹിക സാമുദായിക കുടുംബ ബന്ധങ്ങളുടെ തകർച്ചയ്ക്ക് പിന്നിലും ഇത്തരത്തിലുള്ള സെൽഫ് ഗോളുകളുടെ കടന്നു കയറ്റമാണുള്ളത്. ഇരിക്കുന്ന കൊമ്പ് മുറിക്കരുത് എന്ന പ്രമാണം നാം മറന്നുകൂടാ. സ്വാർത്ഥതയും അസൂയയും പൂണ്ട് സ്വന്തം സമൂഹത്തിന്റെ നാശത്തനായി പ്രവർത്തിച്ചാൽ നാം ദൈവീക ചുമതലകളിൽ അവിശ്വസ്തത കാണിക്കുകയാണ് എന്നോർക്കണം.

### ഉപസംഹാരം

ഏതു പ്രതിസന്ധിയിലും വിശ്വസ്തതാപൂർവ്വം ദൈവത്തോട് ചേർന്ന് നിൽക്കുവാൻ നമുക്ക് സാധിക്കണം. യഥാർത്ഥ ദൈവത്തിന്റെ മുൻപിൽ നിന്നും സർവ്വജനവും അകന്നുപോയി എന്നു കരുതിയിട്ടും തകർന്നു കിടന്ന യഹോവയുടെ ബലിപീഠം പുതുക്കി പണിത ഏലിയാ പ്രവാചകനെ നാം പിൻപറ്റേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവത്തിന്റെ പരിശുദ്ധ സഭയെ നശിപ്പിക്കുവാനല്ല, അതിന്റെ കേടുപാടുകളെ തീർത്ത് പുതുക്കി പണിയുവാനാണ് അവൻ നമ്മെ വിളിച്ചിരിക്കുന്നത്. പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കുവാൻ പഠിച്ച ക്രിസ്തുവിന്റെ മാതൃകയാണ് നാം പിൻപറ്റേണ്ടത്. പരസ്പരം ചെളിവാരിയെറിയുകയല്ല, മറിച്ച് തെറ്റുകൾ തിരിച്ചറിഞ്ഞ് അവ തിരുത്തി ദൈവതിരുമുമ്പാകെ സമർപ്പിതരായി ജീവിക്കുകയാണ് നാം ചെയ്യേണ്ടത്. ■




## മറുപുറം

# കുമ്പസാരം

■ ഫാ. സജി വർഗ്ഗീസ് അമയിൽ

**ആരാണ് കുമ്പസാരത്തെ വിലയിരുത്തേണ്ടത്? കുമ്പസാര അനുഭവം ഉള്ളവർക്ക് തന്നെയാണ് ആ യോഗ്യത. എന്നാൽ ഇപ്പോൾ ആരാണ് കുമ്പസാരത്തെ വിലയിരുത്തുന്നത്?... ഇവയ്ക്ക് പിന്നിലെ രാഷ്ട്രീയം ആർക്കാണ് അറിഞ്ഞുകൂടാത്തത്?.**

**വി.** കുമ്പസാരം എന്ന പവിത്ര കൂദാശ വിചാരണ ചെയ്യപ്പെടുന്ന കാലമാണിത്. അനുതാപത്തിന്റെ കണ്ണുനീർ ചാലുകളാൽ പാപമോചനത്തിന്റെ തുറവിയായിരുന്ന ഈ കുമ്പസാരത്തെ വർഗ്ഗീയവൽക്കരിച്ച കലികാലം കൂടിയാണിത്. എപ്പോഴാണ് ഒരു സംവിധാനം അപകടത്തിലാക്കപ്പെട്ടു എന്ന് വിലയിരുത്തുക? ഒറ്റപ്പെട്ട സംഭവങ്ങൾ പർവ്വതീകരിച്ച് ലോകത്തിൽ ആരും ഒരു സംവിധാനവും നിർത്തൽ ചെയ്യാറില്ല. ഇപ്പോൾ ഉയർന്ന വിവാദത്തിൽ ഇരയുടെ നീതി സഭാംഗം എന്നനിലയിലും വ്യക്തിയെന്ന തലത്തിലും പരമപ്രധാനമാണ്. കേസ്സിന്റെ നാൾവഴികൾ ഇനിയും കോടതികൾ പരിശോധിക്കട്ടെ. എന്നാൽ വി. കുമ്പസാരം എന്ന പവിത്ര കൂദാശയെ സ്മാർത്ത വിചാരം ചെയ്യുന്ന പ്രവണതകളോട് നമ്മുടെ പ്രതിരോധം ഉണർന്നേ തീരൂ.

ലഭ്യമായ മൊഴികളും വിശകലനങ്ങളും വിരൽചൂണ്ടുന്നത് ദു:ഖകരമായ ഈ സംഭവത്തിന്റെ പ്രധാന ഘടകം കുമ്പസാരം മാത്രമല്ലെന്നും സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ളവരുടെ ദുരുപയോഗം കൂടിയുണ്ടെന്നുമാണ്. എന്നാൽ അവയ്ക്കൊന്നും കുമ്പസാരത്തിന്റെ അത്ര വാർത്താ പ്രാധാന്യം ഇല്ലാത്തതുകൊണ്ട് "കുമ്പസാര പീഡനം" എന്ന ട്രോളുകൾക്കും പ്രൈം ടൈം ചർച്ചകൾക്കും വൈറൽ സ്വഭാവം കൈവരിക്കപ്പെട്ടു.

ഒരു പുതിയ റസിപ്പി കിട്ടയ സന്തോഷമാണ് എല്ലാവർക്കും. ഒരു വെടിക്ക് രണ്ടുപക്ഷിയല്ല നിരവധി പക്ഷികൾ! അമർഷം തീർക്കാൻ ഒരു സമുദായത്തെ കിട്ടി! പൗരോഹിത്യത്തെ അടിക്കാൻ ബലമുള്ള ആയുധം ഉണ്ടായി! റേറ്റിംഗ് വർദ്ധിപ്പിക്കാൻ, പൗരോഹിത്യവും ലൈംഗികതയും എന്നചൂടുള്ള കോമ്പിനേഷൻ കിട്ടി! ക്രൈസ്തവ മതത്തെ പുകമറയിൽ തളയ്ക്കാൻ വർഗ്ഗീയ കോമരങ്ങൾക്ക് സാദ്ധ്യതകൾ തുറന്നു. പിന്നീടങ്ങോട്ട് ആഘോഷമായി. നിരവധി പീഡനങ്ങൾ.... എരിവും പുളിവും ഒട്ടും ചോരാതെ ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ ആഘോഷത്തിമർപ്പിലായി.

ജനാധിപത്യത്തിൽ മാധ്യമങ്ങൾ ദൗത്യം കൈയും തലയും മറന്ന് അവർ ആഘോഷിച്ചു. ഈ തീക്ഷ്ണത എല്ലാ വിഷയങ്ങളിലും പുലർത്തിയിരുന്നെങ്കിൽ, ഒരു ജനതയുടെ നല്ലകാലം ഇത്രവിദൂരമാകില്ലായിരുന്നു. എന്നാൽ ഈ തീക്ഷ്ണത ആവേശത്തിമർപ്പിൽ വഴിമാറി പകതീർക്കലായി എന്നത് നമ്മുടെ സ്വകാര്യ ദു:ഖം. പീഡകന്മാരെപ്പറ്റിയല്ല ചർച്ച ചെയ്തത്. സഭയും അതിന്റെ ആചാരങ്ങളും ശൈലികളും ഒക്കെ കാറ്റിൽപ്പറത്താനുള്ള മൗഢ്യഗർജ്ജനങ്ങളാണുണ്ടായത്. പ്രതിരോധം സൃഷ്ടിക്കാൻ ശ്രമിച്ചവരെ പീഡകന്മാരോടു ചേർത്തുവച്ച് തേജോവധം ചെയ്ത് സംതൃപ്തി അടഞ്ഞു.

ആരാണ് കുമ്പസാരത്തെ വിലയിരുത്തേണ്ടത്? കുമ്പസാര അനുഭവം ഉള്ളവർക്ക് തന്നെയാണ് ആ യോഗ്യത. എന്നാൽ ഇപ്പോൾ ആരാണ് കുമ്പസാരത്തെ വിലയിരുത്തുന്നത്? ഒരിക്കൽപ്പോലും കുമ്പസാരിച്ചിട്ടില്ലാത്തവർ. ഇതാണ് വിരോധാഭാസം. ഇതാണ് പുതിയ അഭ്യാസം. ആരാണ് പറഞ്ഞത് കുമ്പസാരത്തിന്റെ കേഴ്‌വികളെല്ലാം ലൈംഗീകതയെ ചുറ്റിപ്പറ്റിയാണെന്ന്? സനിമകളിലെ കുമ്പസാര വേദികളിലെ സെലിബ്രിറ്റി പ്രകടനങ്ങൾ ഒരു ജനതയുടെ പാപമോചന സാധ്യതകൾക്കു വിലയിടരുത്.

നൂറ്റാണ്ടുകളായി കുമ്പസാരം എന്ന കൂദാശ ഇവിടെ നിലനിൽക്കുന്നു. ലക്ഷക്കണക്കിനാളുകൾ കുമ്പസാരിക്കുന്നു. അതിൽ എത്രപേർ പീഡിപ്പിക്കപ്പെട്ടു. ഒരു മൈക്രോസ്കോപിക്ക് മൈനോറിറ്റിയെ എങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഇനിയും തെളിയിക്കപ്പെടേണ്ട അസാധാരണമായ ഒരു മൊഴിയല്ലാതെ.

ബഹു. ജസ്റ്റീസ് കെ.ടി. തോമസിന്റെ അഭിപ്രായത്തിൽ പോലീസ് മൊഴിയെടുക്കുന്നതുപോലെ അച്ചന്മാർ കുമ്പസാരിപ്പിക്കണമെന്നാണ്. എന്നാൽ പിന്നെ പോലീസ് സ്റ്റേഷനിൽ പോയാൽ പോരെ? അവിടെയാകുമ്പോൾ *ദൈറ്ററും, ഹെഡും* ഒക്കെ ഉണ്ടാവുമല്ലോ മൊഴിയെടുക്കാൻ. അങ്ങയുടെ സ്ഥാനം ഉന്നതമാണ് പക്ഷേ, അഭിപ്രായ പ്രകടനങ്ങൾ ബാലിശമാണ് എന്നുപറയേണ്ടിവരുന്നതിൽ സങ്കടമുണ്ട്. ഞങ്ങൾ കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നത് 164 സ്റ്റേറ്റ്മെന്റുകൾ എടുക്കാനല്ല. ഞങ്ങളുടെ ദൗത്യം

പാപമോചനത്തിന്റെ മധ്യസ്ഥമാണ്. അത് അങ്ങേയ്ക്ക് മനസ്സിലാകണമെങ്കിൽ ഒരിക്കൽ എങ്കിലും കുമ്പസാരിക്കണം.

ഭാരതത്തിലെ വനിതാ കമ്മീഷൻ അദ്ധ്യക്ഷയുടെ കുമ്പസാര നിരോധന ശുപാർശ അമ്പരപ്പിക്കുന്നതാണ്. നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് ഒരു ഭരണഘടനാ സ്ഥാപന അദ്ധ്യക്ഷ പറയുന്നതിന്റെ പിന്നിലെ ശാസ്ത്രീയ തെളിവുകൾ എന്താണ്? ഇവയ്ക്ക് പിന്നിലെ രാഷ്ട്രീയം ആർക്കാണ് അറിഞ്ഞുകൂടാത്തത്?. സ്ത്രീത്വത്തെ വല്ലാതെ ചവിട്ടിമെതിച്ച ദേവദാസി സമ്പ്രദായത്തെ ഉൾപ്പെടെ എതിർത്ത ക്രൈസ്തവ ബോധ്യങ്ങളെ സദാചാര മൂല്യങ്ങൾ പഠിപ്പിക്കാനുള്ള കമ്മീഷൻ അദ്ധ്യക്ഷയുടെ പരിശ്രമം കൊല്ലക്കുടിയിൽ സൂചിവിൽക്കുന്നതിന് സമാനമാണ്.

നിരവധി സ്ത്രീ പീഡനങ്ങൾ തുടർക്കഥ പോലെ ആവർത്തിക്കപ്പെടുന്ന ഭാരത ഭൂമിയിൽ അവയുടെ മതപരവും മനശ്ശാസ്ത്രപരവും രാഷ്ട്രീയപരവുമായ വേരുകളെ തൊടുവാൻ പോലും ഭയമുള്ള കമ്മീഷൻ അദ്ധ്യക്ഷയുടെ പെട്ടെന്നുള്ള വെളിപാടുകൾ ആദ്യം മുതലേ ഈ വിഷയത്തെ പർവ്വതീകരിച്ച രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ വെളിപ്പെടുത്തലുകളാണ്.

“ഓർത്തഡോക്സ് പീഡനം” എന്ന വിഷയത്തിൽ ഗവേഷണം നടത്തുകയല്ല. എന്നാൽ കേരളത്തിലെ ഏതെങ്കിലും ഒരു പീഡനത്തെ ആ സമുദായത്തിന്റെ പേരു വച്ച് ചിത്രീകരിച്ച പൂർവ്വകാല ചരിത്രമുണ്ടോ? അവിടെയാണ് ഒരു മാധ്യമ ഗൂഢാലോചന ആരോപിക്കേണ്ടിവരുന്നത്.

എഴുത്തുകളെയും വാക്കുകളെയും സൗകര്യാർത്ഥം വെട്ടിക്കണ്ടിച്ചല്ല ഈ ഗൂഢാലോചനകൾക്ക് മറുപടി നൽകേണ്ടത്. അത് ഒരു സമൂഹത്തിന്റെ വേദനയാണ്. അത് പറയേണ്ടിവരുമ്പോൾ വിമർശനമായി എടുക്കേണ്ടതില്ല. ലോകത്തെ മുഴുവൻ വിമർശിക്കുന്നവർക്ക് വിമർശനങ്ങളോട് അൽപ്പം സഹിഷ്ണുതയാകാം.

കുമ്പസാരം എന്ന പവിത്ര കൂദാശയെ ആരെങ്കിലും അപകടമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ സഭ ഒരുകാലത്തും അവർക്ക് മാപ്പ് നൽകില്ല. നീതിപീഠങ്ങൾ വെറുതെ വിട്ടാലും അവരെ ശിക്ഷിക്കുക തന്നെ ചെയ്യും.

സഭയെ സംബന്ധിച്ച് ഈ തെളിയിക്കപ്പെടൽ ഏറെ അവധാനതയോടെ പൂർത്തീകരിക്കപ്പെടേണ്ട സൂക്ഷ്മ ദൗത്യമാണ്. മാധ്യമങ്ങളുടെ ഡെഡ് ലൈനുകൾക്കുള്ളിൽ നിന്നുകൊണ്ട് ഈ ന്യായവിധി പൂർത്തീകരിക്കാൻ സഭയ്ക്കു കഴിയില്ല. കാരണം നിങ്ങൾ തൂക്കിക്കൊന്ന പലരും ഇന്ന് ജീവനോടെ സമൂഹത്തിൽ ഉണ്ട്.

കുമ്പസാരം എന്ന കൂദാശയുടെ വർഗ്ഗീയവൽക്കരണത്തെയും മാധ്യമ നവമാധ്യമ തേജോവധങ്ങളെയും നാം അതിജീവിക്കുന്നു. കാരണം ഇത് കണ്ണുനീരിന്റെ കൂദാശയാണ്. അപവാദ പ്രചരണങ്ങളും ഊതിപ്പെരുപ്പിക്കലുകളും സെൻസേഷനിലിസവും പാപബോധമുള്ളവരെ കുമ്പസാരത്തിൽ നിന്നകറ്റുകയില്ല.

ഈ നാളുകളിലും കുമ്പസാരിക്കുന്നവരുടെ എണ്ണം തന്നെ അതിന് തെളിവ്. സദാചാര ബോംബിങ്ങിലൂടെ കുമ്പസാരത്തെ തകർക്കാൻ കഴിയില്ല. അവ ജനഹൃദയങ്ങളിൽ നിലനിൽക്കുകതന്നെ ചെയ്യും. ■

Thomas Philip
Mob :9947242905
9947112982



THREAD CORNER
All kinds of Tailoring & Church Cloth Materials



1st floor Marattukalam Buildings
Near K.S.R.T.C
Changanacherry

കാപ്പതുണി, വിദേശ കാപ്പതുണി, കറുത്ത കുപ്പായതുണി, തിരശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ, വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്, മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്.

പള്ളികൾ മനോഹരമാക്കൂ

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...
ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

വിശുദ്ധനാട് തീർത്ഥാടനം
ജോർദ്ദാൻ, ഇസ്രായേൽ,
പാലസ്തീൻ, ഈജിപ്റ്റ്



വന്ദ്യരായ വൈദീകരുടെ ആത്മീയ നേതൃത്വത്തിൽ ടൂർ മാനേജർ, അംഗീകാരമുള്ള ഗൈഡുകൾ ഒപ്പം നിരവധി തവണ വിശുദ്ധ നാട് യാത്ര നയിച്ച് അനവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുള്ള കമ്പനി ചെയർമാൻ സജി സാം മുഞ്ഞവിളയുടെ മേൽനോട്ടത്തിൽ പത്തനംതിട്ടയിൽ നിന്നും ഡീലക്സ് ഗ്രൂപ്പുകളും, കൂടാതെ യൂറോപ്പ്, സിംഗപ്പൂർ, മലേഷ്യ, ചൈന, തായ്ലാന്റ് ഇന്ത്യൻ ഗ്രൂപ്പുകൾ എന്നിവയ്ക്കും സമീപിക്കുക.

ഞങ്ങളുടെ പ്രത്യേകതകൾ : പ്രായം ഉള്ളവരെയും, വിദേശ യാത്ര നടത്തിയിട്ടില്ലാത്തവരേയും വളരെ കരുതലോടും, ഉത്തരവാദിത്വത്തോടും മുന്തിയ സൗകര്യങ്ങൾ നൽകി ടെൻഷൻ ഇല്ലാതെ കൊണ്ട് പോകുന്നു.

ഓരോ സ്ഥലത്തിന്റെ പ്രത്യേകത ബൈബിൾ വാക്യങ്ങൾ കൂടി മനസിലാക്കി പൂർണ്ണ ആത്മീയ നിറവിൽ വിശുദ്ധനാട് യാത്ര നയിക്കപ്പെടുന്നു.

JORDAN PILGRIM TOURS
JPT HOLIDAYS

Munjavilayil Building
Mallassery P.O
Pathanamthitta, Kerala
India, 689646
Ph: +91 7907128785

Ph: 0468-2335738, 9496326768, 9496325758
Email: sajijordan@gmail.com, jordanpilgrimtour@gmail.com



**കുമ്പസാരവും**
**പുരോഹിതരുടെ നിയമബാധ്യതകളും**
**CONFESSION**

# വിശുദ്ധ കുമ്പസാരം വിചാരണ ചെയ്യപ്പെടുമ്പോൾ...

**നിയമത്തിന്റെ അധാർമ്മിക വ്യാഖ്യാനം**

■ ഫാ. ഡോ. ഒ. തോമസ്

13-ാം പേജിൽ നിന്നും...

ശ്വാസികൾക്കുമുള്ളത്. എന്നാൽ ഒരു വിശ്വാസിയോ വിശ്വാസ സമൂഹമോ, തങ്ങളുടെ വിശ്വാസം പരിരക്ഷിക്കുന്ന പ്രക്രിയയിൽ പൊതുസമൂഹത്തിനും നിലവിലുള്ള നിയമങ്ങൾക്കും എന്തു ദോഷം വരുത്തുന്നു എന്നുപരിശോധിക്കാൻ ഭരണകൂടങ്ങൾക്കും നിയമജ്ഞന്മാർക്കും ബാദ്ധ്യതയുണ്ട്. ആ തരത്തിൽ പുരാതന സഭകളിലെ വി. കുമ്പസ്സാരം, അതുവിശ്വസിക്കുന്ന വിശ്വാസികൾക്കു പ്രയോജനകരവും പൊതുസമൂഹത്തിന് യാതൊരു പ്രശ്നവും സൃഷ്ടിക്കുന്നില്ലെങ്കിൽ, വ്യക്തിയുടെ ഈ സ്വാതന്ത്ര്യം സംരക്ഷിക്കാനല്ലേ ജനാധിപത്യ ഭരണകൂടങ്ങൾക്കു സാധിക്കേണ്ടത്? ആ മൗലികമായ സ്വാതന്ത്ര്യം ഭാരതത്തിന്റെ ഭരണഘടന എല്ലാ വ്യക്തികൾക്കും നൽകിയിട്ടില്ലേ? 125 കോടി ജനങ്ങളുള്ള ഭാരതത്തിൽ കേവലം 2.3 കോടി വരുന്ന ക്രിസ്തീയ വിശ്വാസികളിൽ ഒരു കോടിയിലധികം വരുന്ന വിശ്വാസികൾ മാത്രം അനുഷ്ഠിക്കുന്ന വി. കുമ്പസാരത്തിൽ ക്രിമിനൽ നടപടി ആവശ്യമായി വരുന്ന എത്ര സംഭവങ്ങൾ ഉണ്ടാവാം. വിരലിൽ എണ്ണാനും മാത്രം ഒതുങ്ങുന്ന സംഭവങ്ങൾ രഹസ്യകുമ്പസാരത്തിൽ പങ്കിട്ടില്ലെങ്കിൽ അത് പൊതുസമൂഹത്തിന്റെ അച്ചടക്കത്തേയും ക്രമസമാധാനത്തെയും എത്രത്തോളം ബാധിക്കുമെന്ന് കുറച്ചുകൂടി ആഴത്തിൽ വിശകലനം ചെയ്യാൻ ബഹു. ജസ്റ്റീസ് കെ. റ്റി. തോമസിന് സാധിക്കണമായിരുന്നു. (ക്രിമിനൽ സ്വഭാവമുള്ള സംഭവങ്ങൾ രഹസ്യമായി സൂക്ഷിക്കപ്പെടുന്ന ഒട്ടനവധി സന്ദർഭങ്ങളേപ്പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നു). അതിനുള്ള പാണ്ഡിത്യവും പരിജ്ഞാനവും അദ്ദേഹത്തിനുണ്ട്. അത് അദ്ദേഹം ഉപയോഗിക്കാതെ, അദ്ദേഹത്തിന് ലഭിച്ച നവീകരണ പാരമ്പര്യത്തിലെ വിശ്വാസത്തിൽ നിന്നുകൊണ്ട്, അദ്ദേഹത്തിന്റെ യുക്തിക്കുനിരക്കാത്ത, പുരാതനസഭകൾ നല്ലതെന്ന് വിശ്വസിക്കുന്ന വി. കുമ്പസാരത്തിന്റെ പാരമ്പര്യത്തെ ചോദ്യം ചെയ്യാൻ നിയമത്തിലെ ചില വകുപ്പുകളുടെ സഹായം അദ്ദേഹം തേടുകയായിരുന്നു. പണ്ഡിതനായ അദ്ദേഹം കുറച്ചുകൂടി ആഴത്തിലും പരപ്പിലും ഈ വിഷയം കൈകാര്യം ചെയ്യേണ്ടതായിരുന്നു. ജനങ്ങൾ അദ്ദേഹത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത് അത്തരം പക്വമായ വിശകലനങ്ങളാണ് അല്ലാതെ ഉപരിപ്ലവമായ ഇത്തരം കടന്നാക്രമണമല്ല. ■


**BRIDE GROOM WANTED**

Suitable alliance invited from parents of God fearing, well settled Christian boys for a beautiful, fair, orthodox christian engineer girl B Tech/5feet 3 inches/27 years old working in a multinational company in Bangalore.

Contact:
+965 9972 3829
thomasjohn@engineer.com

**BRIDE WANTED**

Orthodox Priest's son (27) Height 165cm. Btech(Mech), MBA, works in abroad (m4marry: 4347782), from parents of Orthodox qualified girls who likes to work in abroad.

Contact:
9447394954,
04931231977


## റാങ്ക് നേടി



കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എസ്.സി. കംപ്യൂട്ടർ സയൻസിൽ ഒന്നാം റാങ്ക് നേടിയ ജോളി ജോയി.

നല്ലില സെന്റ് ഗബ്രിയേൽ ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗവും കൊച്ചുവീട്ടിൽ മേലതിൽ ശ്രീ. ജോയി ഡാനിയേലിന്റേയും ശ്രീമതി മോളിക്കുട്ടി ജോയിയുടെയും മകളുമാണ്.

**FFRRC**

## രജിസ്ട്രാർ



കേരളത്തിലെ ഓർത്തഡോക്സ്-മാർത്തോമ്മാ-സി.എസ്.ഐ സെമിനാരികളുടെ സംയുക്ത ആഭിമുഖ്യത്തിലുള്ള വേദശാസ്ത്ര ബിരുദാനന്തര ഗവേഷണകേന്ദ്രമായ ഫെഡറേറ്റഡ് ഫാക്കൽറ്റിയുടെ (FFRRC) രജിസ്ട്രാർ ആയി നിയമിതനായ ഫാ. ഡോ. ജോസ് ജോൺ.

കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗവും ഓർത്തഡോക്സ് സെമിനാരി ചരിത്രവിഭാഗം പ്രൊഫസറുമാണ്. ഭാര്യ: ജെനി ജോസ്, മക്കൾ: ജെനസ്, ജെസ്സ്.

## ഡോക്ട്രേറ്റ്



കൊച്ചിൻ യൂണിവേഴ്സിറ്റി സ്ക്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്ന് സോഷ്യൽ സയൻസിൽ പി.എച്ച്.ഡി. നേടിയ വടകര സെ. ജോൺസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ റീന ഏലിയാസ്. കൂത്താട്ടുകുളം എം.ജി.എം. സണ്ടേ സ്ക്കൂൾ ഹെഡ്മാസ്റ്റർ ചമ്പോന്തയിൽ സി.കെ. ഏലിയാസിന്റെയും അമ്മിണി ഏലിയാസിന്റെയും മകളും ചെന്നൈ കൊച്ചുപുരയ്ക്കൽ പ്രിൻസ് വറുഗീസിന്റെ ഭാര്യയുമാണ്.

# സ്ത്രീ സുരക്ഷ

■ അഡ്വ. ജാസ്മിൻ എബി മാത്യൂസ്
(അഡ്വക്കേറ്റ്, ഹൈകോർട്ട് ഓഫ് കേരള)

**സ്ത്രീ സുരക്ഷ സമൂഹത്തിന്റെ എല്ലാ മേഖലയിലും ഉറപ്പാക്കണം. ഭവനങ്ങളിലും തൊഴിലിടങ്ങളിലും സമൂഹത്തിലും സ്ത്രീയുടെ അഭിമാനവും അന്തസ്സും സംരക്ഷിക്കപ്പെടണം. സ്ത്രീകളുടെ അവകാശങ്ങൾ നിയമവ്യവസ്ഥയിൽ എന്തെന്ന് തിരിച്ചറിയുവാൻ സ്ത്രീയ്ക്കും പുരുഷനും കടമയുണ്ട്.**



സ്ത്രീകൾക്ക് മാന്യമായ ജീവിത നിലവാരം ഉറപ്പാക്കാൻ കഴിയുന്ന ഒരു സമൂഹത്തിനു മാത്രമേ പരിഷ്കൃത സമൂഹം എന്ന് അവകാശപ്പെടാനാവുകയുള്ളു. ധാർമ്മികമായി സ്ത്രീയുടെ സുരക്ഷിതത്വം സാമൂഹ്യ ബാധ്യതയാണെങ്കിലും നിയമപരമായി പരിരക്ഷ ലഭിക്കാതെ ആധുനിക സമൂഹത്തിൽ സ്ത്രീകൾ സുരക്ഷിതരായിരിക്കുകയില്ല. ഇങ്ങനെ സ്ത്രീകളുടെ സംസ്കാരികവും, ഭൗതീകവുമായ അസ്തിത്വം നിലനിർത്തുന്നതിനും സമൂഹത്തിൽ മാന്യമായ സ്ഥാനം ഉറപ്പിക്കുന്നതിനും അനേകം പോരാട്ടങ്ങളിലൂടെ സാമൂഹിക സുരക്ഷ നിയമങ്ങളുടെ ഭാഗമായി സ്ത്രീ സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന പല നിയമങ്ങളും നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. ഇതിൽ പ്രധാനം നമ്മുടെ ഭരണഘടന തന്നെ. ഭരണഘടന മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തി സ്ത്രീക്കും പുരുഷനും തുല്യമായി സ്ഥാനം നൽകുന്നു. സ്ത്രീകളുടെ അഭിമാനവും, അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളത് ഓരോ പൗരന്റെയും കടമയാണെന്നു ഭരണഘടന നമ്മെ ഓർമ്മപ്പെടുത്തുന്നു. നിയമപരമായി സ്ത്രീകൾക്ക് എന്തൊക്കെ അവകാശങ്ങളും, ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് അറിയുകയും അവ പ്രാവർത്തികമാക്കുന്ന നിയമ വ്യവസ്ഥകളെയും, അധികാരികളെയും കുറിച്ച് മനസ്സിലാക്കുകയും ചെയ്താൽ മാത്രമേ സ്ത്രീകൾക്ക് നേരെയുള്ള ചൂഷണത്തിൽ നിന്നും മോചനം സാധിക്കുകയുള്ളു.

സമൂഹത്തിൽ ഏറ്റവുമധികം പീഡനങ്ങൾ ഏറ്റുവാങ്ങുന്നത് സ്ത്രീകളാണ്. ശാരീരികാവസ്ഥയും ഭൗതിക സാഹചര്യത്തിന്റെ പരിമിതികളും സ്ത്രീകൾക്കെതിരെയുള്ള കൈയേറ്റങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വാർദ്ധക്യത്തിലുള്ള സ്ത്രീകൾ വരെ വിവിധങ്ങളായ പീഡനങ്ങൾക്കും, അപമാനങ്ങൾക്കും വിധേയമാകുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽ കൂടിവരുന്നു. സ്ത്രീകൾക്ക് നേരെയുള്ള ഇത്തരം കൈയ്യേറ്റങ്ങളെ കർശനമായി നേരിടേണ്ടത് സാമൂഹ്യ ബാധ്യതയാണ്. ജീവിക്കാനുള്ള അവകാശം എന്നാൽ അഭിമാനത്തോടെ ജീവിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

അനവധി പീഡനങ്ങളുടെയും, നിശബ്ദ സഹനങ്ങളുടെയും സാക്ഷിയായി എരിഞ്ഞടങ്ങുന്ന ചിതപോലെയുള്ള ഒരു കെട്ടിടം മാത്രമാണ് ഇന്നു ചില ഭവനങ്ങൾ. ഇത്തരം പ്രശ്നങ്ങൾക്ക് നിയമപരമായി പരിഹാരം ഉറപ്പു വരുത്തുന്നതിനായാണ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം (Protection of Women from Domestic Violence Act 2005) നിലവിൽ വന്നത്. കുടുംബത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ സ്ത്രീ ഭർത്താവിൽ നിന്നോ മറ്റു ബന്ധുമിത്രാദികളിൽ നിന്നോ നേരിടുന്ന പീഡനത്തിൽ നിന്നും അവളെ സംരക്ഷിച്ച് സുരക്ഷിതമായ ഒരു ജീവിതം നയിക്കാനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. ഈ നിയമ പ്രകാരം ഒരു സ്ത്രീക്ക് മാനസീകവും, ശാരീരികവും, സാമ്പത്തീകവും, ലൈംഗീകവും ആയ പീഡനം ഏൽക്കേണ്ടിവരുന്നുവെങ്കിൽ പരിഹാരത്തിനായി കോടതിയെ സമീപിക്കാവുന്നതാണ്. പീഡനം തുടരുന്നതിൽ നിന്നും പീഡിപ്പിക്കുന്ന വ്യക്തിയെ വിലക്കുക, സ്ത്രീയെ പീഡനം അനുഭവിക്കുന്ന വീട്ടിൽ നിന്നു മാറ്റി താമസിപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുക. സ്ത്രീക്കു സംരക്ഷണം നൽകുക, പീഡനത്തിനിരയായ സ്ത്രീക്ക് നഷ്ടപരിഹാരം

നൽകുക തുടങ്ങിയ ഉത്തരവുകൾ കോടതിയിൽ നിന്നു ലഭിക്കാവുന്നാണ്. ഈ ഉത്തരവുകൾ പീഡിപ്പിക്കുന്ന യാൾക്ക് ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരുന്ന തരത്തിലല്ലെങ്കിലും ഉത്തരവുകൾ ലംഘിക്കുന്നത് ജയിൽ ശിക്ഷ അനുഭവിക്കാനിടയാകാവുന്ന കുറ്റകൃത്യമാണ്. വൈദ്യനിയമ സഹായങ്ങളും സന്നദ്ധ സംഘടനകളുടെ ഉപദേശവും ലഭിക്കും. മജിസ്ട്രേറ്റിന്റെ നിർദ്ദേശം നടപ്പാക്കുന്നതിനു മറ്റു സഹായങ്ങൾക്കുമായി ഓരോ ജില്ലയിലും സംരക്ഷണ ഉദ്യോഗസ്ഥന്മാരുണ്ടാവും. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന മറ്റു പ്രവർത്തനങ്ങൾ ചെയ്യാനും സംരക്ഷണ ഉദ്യോഗസ്ഥർക്ക് കടമയുണ്ട്. ഈ നിയമം നിലവിൽ വന്നതിലൂടെ ഒരു പരിധിവരെ അക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്ക് സംരക്ഷണം നല്കുവാൻ സാധിക്കുന്നുണ്ട്.

സാമൂഹിക തൊഴിൽ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ സ്ഥലങ്ങളിലും പലയിടത്തും മറ്റു സ്ത്രീകളോടുള്ള സഹജീവനക്കാരുടെയും തൊഴിൽദായകരുടെയും പെരുമാറ്റവും മനോഭാവവും അങ്ങേയറ്റം മോശമായ രീതിയിലാണ്. ഇത്തരത്തിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളിൽ നിന്നും അവർക്ക് സംരക്ഷണം നൽകുകയും കുറ്റക്കാർക്ക് കടുത്ത ശിക്ഷ ഉറപ്പു വരുത്തുകയും ചെയ്തുകൊണ്ട് സുരക്ഷിതമായ ഒരു തൊഴിൽ അന്തരീക്ഷവും സംജാതമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗവണ്മെന്റ് The sexual Harassment of Woman at Workplace (Prevention, Prohibition and Redressal) 2013 (തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനവും (തടയലും, നിരോധിക്കലും, പരിഹാരവും) രൂപം നൽകിയിട്ടുള്ളത്. Vishaka Vs Stage of Rajastan (AIR 1997-SC 3011) എന്ന കേസിൽ സുപ്രിം കോടതി ജോലി സ്ഥലത്തെ ലൈംഗിക പീഡനത്തെ നിർവ്വചിക്കുകയും ജോലി സ്ഥലത്ത് അവ തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഉണ്ടായി. ഇതിലേയ്ക്കായി എല്ലാ സംസ്ഥാന ഗവണ്മെന്റുകളും, കേന്ദ്ര ഭരണ പ്രദേശങ്ങളും അവരുടെ ബന്ധപ്പെട്ട സിവിൽ സർവ്വീസ് പെരുമാറ്റ ചട്ടങ്ങളിലും ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ) ചട്ടങ്ങളിലും അനുയോജ്യമായതും, ആവശ്യവുമായ ഭേദഗതികൾ വരുത്തേണ്ടതാണ്. മേൽപറഞ്ഞ കേസിൽ സുപ്രിം കോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ 'സങ്കടക്കാരായ' വ്യക്തികൾക്ക് ബന്ധപ്പെട്ടു ഹോക്കോടതികളെ സമീപിക്കാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള എല്ലാ വിവേചനങ്ങളുടെയും ഉന്മൂലനത്തിനായി സിഡോ (CEDAW) സമ്മേളനം അംഗീകരിച്ച തീരുമാനങ്ങളും ഇവിടെ സുപ്രീം കോടതി അവലംബിക്കുന്നു. ഈ ഉടമ്പടികളിൽ പ്രധാനമായത്. 1) തൊഴിൽ മേഖലയിൽ സ്ത്രീ-പുരുഷ-സമത്വം ഉറപ്പുവരുത്തുക വഴി സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കുക. തൊഴിലെടുത്തു ജീവിക്കുകയെന്നത് മനുഷ്യന്റെ അടിസ്ഥാനാവശ്യമാണ്. 2. സ്ത്രീക്ക്



ജന്മദാതാവ് എന്ന നിലയിലുള്ള സംരക്ഷണങ്ങളുൾപ്പെടെയുള്ള സുരക്ഷിതത്വവും, ആരോഗ്യ കാരണങ്ങളിലുള്ള സംരക്ഷണവും ജോലി സ്ഥലത്ത് സുരക്ഷിതത്വ ബോധവും ഉണ്ടാക്കുക.

മേലുദ്യോഗസ്ഥനോ, സഹപ്രവർത്തകനോ ലൈംഗികച്ചുവയുള്ള വിമർശനങ്ങൾ നടത്തുക, ശരീരത്തിൽ തൊടുക, അശ്ലീല വസ്തുക്കൾ കാണിക്കുക, ലൈംഗിക സന്നദ്ധത ആവശ്യപ്പെടുക, സഭ്യമല്ലാതെ തമാശ പറയുക, ഭീഷണിപ്പെടുത്തുക, തരം താഴ്ത്തുന്ന വിധത്തിൽ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുക, എന്നിവ ജോലി സ്ഥലത്തെ ലൈംഗിക പീഡനത്തിൽ ഉൾപ്പെടുന്നു. തൊഴിൽ സ്ഥലത്ത് മേൽനോട്ടം വഹിക്കുന്ന എല്ലാ തൊഴിലുടമകളും, വ്യക്തികളും സ്വകാര്യ മേഖലയിലെയും, പൊതുമേഖലയിലും ഇത്തരം പെരുമാറ്റങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം.

ഇന്ത്യൻ ശിക്ഷാനിയമം (IPC) ത്തിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ബലാത്സംഗം (Rape) വകുപ്പ് 376.

ബലാൽക്കാരമായി സ്ത്രീകളുടെ വ്യക്തിത്വത്തിന്മേൽ അവളുടെ സമ്മതമില്ലാതെ നടത്തുന്ന ഏറ്റവും ഹീനമായ ലൈംഗിക വേഴ്ചയാണ് ബലാൽസംഗം. സ്ത്രീയുടെ സ്വകാര്യതയിൽ ഹിംസാത്മകമായ കയ്യേറ്റമാണ്. 1. സ്ത്രീയുടെ ഇച്ഛക്കെതിരായി 2. സമ്മതം കൂടാതെ 3. സമ്മതത്തോടുകൂടിയാണെങ്കിലും ആ സമ്മതം നേടിയത് മരണ ഭയം ഉളവാക്കി 4. വിവാഹം കഴിക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് 5. ബുദ്ധി സ്ഥിരമില്ലായ്മ കൊണ്ടോ, ലഹരിക്കടിമപ്പെട്ടോ സംഭവത്തിന്റെ ഗൗരവം ഉൾക്കൊള്ളാതെയുള്ള സമ്മതത്തോടെ 6. പതിനാറ് വയസ്സിൽ താഴെയാണെങ്കിൽ അവളുടെ സമ്മതമുണ്ടെങ്കിലും, ഇല്ലെങ്കിലും ഈ സ്ഥിതികളിൽ ഏതെങ്കിലും ഒരു സ്ത്രീയുമായി വേഴ്ച നടത്തുമ്പോൾ അത് ബലാൽസംഗം ആവുന്നു.

ബലാൽസംഗ കുറ്റം ചെയ്ത ഏതൊരാൾക്കും ഏഴ് വർഷത്തിൽ കുറയാത്തതും 10 വർഷം വരെ ആകാവുന്നതുമായ വെറും തടവോ ശിക്ഷയായി ലഭിക്കാവുന്നതാണ്. ഇതിനു പുറമെ പിഴശിക്ഷയ്ക്കും അയാൾ അർഹനായിരിക്കുന്നതാണ്. ബലാൽ സംഗ കേസുകളിൽ സ്ത്രീയുടെ മൊഴിയാണ് പ്രധാനമായും കോടതി പരിഗണിക്കുന്നത്. സ്ത്രീയുടെ മൊഴി രഹസ്യസ്വഭാവത്തോടെയായിരിക്കും ശേഖരിക്കപ്പെടുന്നത്. പ്രത്യേകതരം ബലാൽസംഗ കേസുകൾ IPC 376 ന്റെ ഉപവകുപ്പുകളായി പറയുന്നുണ്ട്. 376 (f) Commits rape on a Woman she is under twelve years or (g) Commits gang rape.

Section 354-Assault or criminal force to woman with intent to outrange her modesty. ഏതെങ്കിലും സ്ത്രീയെ മാനഭംഗപ്പെടുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ അവളുടെ നേരെ കൈയ്യേറ്റം നടത്തുകയോ കുറ്റകരമായ ബലം പ്രയോഗിക്കുകയോ ചെയ്യുന്നതു വഴി ആ സ്ത്രീയെ താൻ മാനഭംഗപ്പെടുത്തുവാൻ ഇടയുണ്ടെന്നറിഞ്ഞു കൊണ്ടോ അങ്ങനെ കൈയ്യേറ്റം നടത്തുകയും ബലം പ്രയോഗിക്കുകയും ചെയ്യുന്ന് ഏതൊരാളും ഒരു വർഷ

ത്തിൽ കുറയാത്തതും അഞ്ചു വർഷം വരെയാകാവുന്നതുമായ രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതാണ്.

സ്ത്രീയുടെ മാന്യതയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ ഒരു വാക്ക് ഉച്ചരിക്കുകയോ അല്ലെങ്കിൽ ഒരു ആംഗ്യം കാണിക്കുകയോ അതുമല്ലെങ്കിൽ സ്ത്രീയെ അപമാനിക്കുന്നതിനായി ഒരു വസ്തു പ്രദർശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ ശിക്ഷ നിയമം 509-ാം വകുപ്പു പ്രകാരം മൂന്നു വർഷത്തോളമാകാവുന്ന കാലത്തേക്ക് വെറും തടവുശിക്ഷയോ പഴിശിക്ഷയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിവാഹിതരായ സ്ത്രീകളെ കുറ്റകരമായ ഉദ്ദേശ്യത്തോടുകൂടി വശീകരിക്കുകയോ കടത്തികൊണ്ടു പോകുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്. 498 വകുപ്പു പ്രകാരം രണ്ടു വർഷം വരെ തടവോ, പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. 498 A ഒരു സ്ത്രീയോട് ഭർത്താവോ, ഭർത്താവിന്റെ ബന്ധുക്കളോ, ക്രൂരതയോടെ പെരുമാറുന്നത് ശിക്ഷാർഹമാണ്. ആത്മഹത്യയിലേക്ക് നയിക്കാവുന്ന തരത്തിൽ നടത്തുന്ന പീഡനവും, നിയമവിരുദ്ധമായി പണമോ, സ്വത്തുവകയോ ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന ഉപദ്രവവും ക്രൂരതയായി കണക്കാക്കപ്പെടും. ഇന്ത്യൻ ശിക്ഷാനിയമ പ്രകാരം ഇത്തരം കുറ്റകൃത്യത്തിന് കേസെടുക്കാം. സ്ത്രീയെ ക്രൂരതയ്ക്കു വിധേയമാക്കുകയാണെങ്കിൽ മൂന്നു വർഷത്തോളം വരുന്ന കാലപരിധിയിലേക്ക് തടവു ശിക്ഷയ്ക്കോ, പിഴയ്ക്കോ വിധിക്കപ്പെടാവുന്നതാകുന്നു.

(9447819077) ■


## വിൽപ്പനയ്ക്ക്

പരുമല പള്ളിയോട് ചേർന്ന് ചുറ്റുമതിലുള്ള $33^1/_2$ സെന്റ് സ്ഥലവും കെട്ടിടങ്ങളും വിൽപ്പനയ്ക്ക്.

ഫോൺ:
8547514591
9946980646




# നീതിന്യായ വ്യവസ്ഥയെ ആദരിക്കുകയാണ് സമാധാന സ്ഥാപനത്തിനുള്ള മാർഗ്ഗം

**2017** ജൂലൈ 3 ലെ ബഹു. സുപ്രീംകോടതിയുടെ വിധി പിറവം സെന്റ് മേരീസ് പള്ളിയിൽ നടപ്പിലാക്കുന്നതിന് പോലീസ് സംരക്ഷണം തേടി ഓർത്തഡോക്സ് ഭാഗം വികാരിയും ഭാരവാഹികളും ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി സംബന്ധിച്ച് ആഭ്യന്തരവകുപ്പ് നൽകിയിരുന്ന സത്യവാങ്മൂലം പോലീസിന് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതാണെന്ന് സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. എന്നാൽ സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനായുള്ള ശ്രമങ്ങളെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങൾ തെറ്റിദ്ധാരണ പരത്തുന്നവിധത്തിലുള്ളതാണ്. സമാധാന സ്ഥാപനത്തിനുള്ള ആദ്യ നടപടി ഈ രാജ്യത്തെ നീതിന്യായവ്യവസ്ഥയെ ആദരിക്കയും ബഹു. സുപ്രീം കോടതിയുടെ വിധിയും 1934 ലെ സഭാഭരണഘടനയും അംഗീകരിക്കുകയും ചെയ്തുകൊണ്ടായിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

1958, 1995 എന്നീ വർഷങ്ങളിലും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ സുപ്രീം കോടതിവിധി ഉണ്ടായിട്ടുണ്ട്. അതിന് മുമ്പും പിൻപും ഉഭയകക്ഷി ചർച്ചകളുടെയും മധ്യസ്ഥശ്രമങ്ങളുടെയും പരമ്പര തന്നെ ഉണ്ടായിട്ടുണ്ട്. അവയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിസഭാ ഉപസമിതിയുടെ ആഭിമുഖ്യത്തിൽ നടന്നിട്ടുള്ള സഭാ സമാധാന സ്ഥാപനശ്രമങ്ങളിൽ നിന്നും യാക്കോബായ വിഭാഗം ഏകപക്ഷീയമായി പിന്മാറുകയാണ് ചെയ്തത്.

മനഃപൂർവ്വം സംഘർഷം സൃഷ്ടിച്ച് ക്രമ സമാധാനനില തകരാറിലാണെന്ന് വരുത്തി ആരാധനാലയങ്ങൾ പൂട്ടിക്കുന്നതിനും അനധികൃതമായി പള്ളികൾ കൈയ്യേറുന്നതിനുമാണ് യാക്കോബായ വിഭാഗം ശ്രമിച്ചത്. സഭയിൽ ശാശ്വത

## ഒന്നാം റാങ്ക്



കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (കുസാറ്റ്) 2018-ൽ നടത്തിയ MSc ബയോ പോളിമർ സയൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ജെസിയാ സൂസൻ ജോർജ്. ഇടുക്കി ഭദ്രാസനത്തിൽപെട്ട ചെല്ലാർകോവിൽ സെ. ഗ്രീഗോറിയോസ് ഇടവകയിൽ കണ്ടത്തിൽ ജോളി ജോർജ്, ലിസി ദമ്പതികളുടെ മകളാണ്.


## സൺഡേസ്ക്കൂൾ പഠന സഹായി

കഴിഞ്ഞ 14-ൽ പരം വർഷങ്ങളായി സൺഡേസ്ക്കൂളിലും ബാലസമാജത്തിലും സഹപാഠ്യമത്സരങ്ങൾക്കായി വന്ന പ്രസംഗ വിഷയങ്ങളും, ഇനി വരാൻ സാധ്യമായ വിഷയങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ തീരത്തക്കവണ്ണം തയ്യാറാക്കിയ ഒരു ഉത്തമ ഗ്രന്ഥം. കൂടാതെ ബൈബിൾ കഥകളും ഉപന്യാസങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പഠിച്ച് മത്സരങ്ങളിൽ അവതരിപ്പിച്ച കുട്ടികൾ പല പ്രാവശ്യം സഭാതലം വരെ വിജയിച്ചിട്ടുണ്ട്. രണ്ടാം പതിപ്പ് - 224 പേജ്, വില - 200/-, By post Rs. 250/-

**K.M. George**
**കൂടാരപ്പള്ളിൽ**
**അക്കാഡമി പബ്ലിക്കേഷൻസ്**
**ചെങ്കുളം പി.ഒ., ഓയൂർ**
**കൊട്ടാരക്കര-691510**
**ഫോൺ: 9400463825**

സമാധാനത്തിന് അടിസ്ഥാനമാകേണ്ട സഭാഭരണഘടനയെക്കുറിച്ചും ബഹു. സുപ്രീംകോടതിയുടെ വിധിയെക്കുറിച്ചും പരി. പാത്രിയർക്കീസ് ബാവാ മൗനം പാലിക്കുന്നത് സമാധാനം സ്ഥാപിക്കാനുള്ള ശ്രമമായി കരുതാനാവില്ല.

ഇച്ഛാശക്തിയുള്ള സർക്കാർ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഉണർന്ന് പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇടവകയിലെ അംഗങ്ങളുടെ ഭൂരിപക്ഷം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കോടതികൾ വിശദമായ വാദം കേൾക്കുകയും തീർപ്പ് കല്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പിറവത്തെ സിംഹഭാഗം ഇടവകാംഗങ്ങളും 1934 ലെ ഭരണഘടന അംഗീകരിക്കുന്നതായി ഉറപ്പ് നൽകിയിട്ടുണ്ട്.

ക്രമസമാധാനം നിലനിർത്തിക്കൊണ്ട് നിയമം നടപ്പിലാക്കാൻ സർക്കാരിന് ബാധ്യതയും മാർഗ്ഗങ്ങളുമുണ്ട്. അഡ്വക്കേറ്റ് ജനറലിന്റേതായി ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ടുവെന്ന് പറയപ്പെടുന്ന രേഖയിലെ പരാമർശങ്ങൾ പലതും വാസ്തവവിരുദ്ധങ്ങളാണ്. പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ അധികാരം ശൂന്യബിന്ദുവിൽ എത്തിയെന്ന് കോടതികൾ ആവർത്തിച്ച് സ്ഥാപിച്ചിട്ടുണ്ട്. പരിശുദ്ധ പാത്രിയർക്കീസ് ബാവായും പരിശുദ്ധ കാതോലിക്കാ ബാവായും തമ്മിൽ ഈജിപ്റ്റിൽ കൂടിക്കാഴ്ച്ച നടത്തുന്നു എന്ന വാർത്ത അടിസ്ഥാനരഹിതവും അവാസ്തവവുമാണ്. സമാധാനചർച്ചയ്ക്കുള്ള നീക്കങ്ങൾ ഉണ്ട് എന്ന വ്യാജേന കോടതിവിധി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളെ അട്ടിമറിക്കുവാനുള്ള നീക്കം സംശയാസ്പദമാണെന്ന് അഡ്വ. ബിജു ഉമ്മൻ ആരോപിച്ചു. ■

## ഒന്നാം റാങ്ക്



കേരള കാർഷിക സർവ്വകലാശാലയൽ നിന്നും എം.ടെക് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ക്ലൗദിയ കെ.എൽ.

കുന്നംകുളം കുത്തൂർ ലോഫ്സന്റെയും മിനിയുടെയും മകളും മെയിൻ റോഡ് സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗവും ആണ്.

## ഒന്നാം റാങ്ക്



കേരളാ സർവ്വകലാശാലയിൽ നിന്നും എം.എ. ഹിസ്റ്ററി പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിച്ച റെനി അന്ന ഫിലിപ്പ്.

മാവേലിക്കര ഭദ്രാസനത്തിൽ കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പുതുകുളങ്ങര വീട്ടിൽ ഫിലിപ്പ് വർഗീസിന്റെയും ആനി ഫിലിപ്പിന്റെയും മകൾ.


5th Death Anniversary

07th AUGUST 2018

10-04-1940



07-08-2013

In Loving Memory of

Our Pappa

**(JOHN THARAKAN K. G.)**

**Kalapurackal, Ashiwarya Garden,**

**Villa No. 5**

Kuttur, Thrissur-680013

By Sorrowing Family



**25TH DEATH ANNIVERSARY**

**(05-07-2018)**

In Loving Memory Of



**P.C. PHILIP**

(Sr. Supdt., St. Stephen's College Pathanapuram)


**PANACKAMATTAM**

**KADAPRA, NIRANAM**

By Sorrowing Family

# IAO SILVER JUBILEE @GREECE

# ഇന്റർ പാർലമെന്ററി അസംബ്ലി ഓൺ ഓർത്തഡോക്സി





**ഇന്റർ പാർലമെന്ററി അസംബ്ലി ഓൺ ഓർത്തഡോക്സി (IAO) രജതജൂബിലിക്ക് ഗ്രീസ് തലസ്ഥാനമായ ഏഥൻസിൽതുടക്കം**

■ ജോസഫ് എം. പുതുശ്ശേരി

തുടർച്ചയായി ആറാം തവണയാണ് IAO സമ്മേളനത്തിൽ ഞാൻ പങ്കെടുക്കുന്നത്. ക്രൈസ്തവ പാരമ്പര്യമൂല്യങ്ങൾ നിറഞ്ഞു നിന്ന IAO സമ്മേളത്തിന് വ്യാപരിച്ച ദൈവ കൃപയും ആഗോള ക്രൈസ്തവ കൂട്ടായ്മയുടെ അതിരില്ലാത്ത സ്നേഹത്തിന്റെയും ഊഷ്മളത ഹൃദ്യമായിരുന്നു.. ഔപചാരികതകൾ എല്ലാം മറന്ന് ഗ്രീക്ക് പ്രസിഡന്റ് പ്രോകോപിസ് പാവ്ലോപുലോസ് കൈപിടിച്ചും തോളിൽ തട്ടിയും ഇന്ത്യൻ പ്രതിനിധിയായ എന്നെ അഭിനന്ദിച്ചതു അവിസ്മരണീയ അനുഭവമായി.

ജൂൺ 25 മുതൽ 30 വരെ നടന്ന ഐ.എ.ഒ. 25-ാം വാർഷിക ജനറൽ അസംബ്ലിയുടെ തുടക്കത്തിലായിരുന്നു ജൂബിലി ആഘോഷം- സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്നു 1993-ൽ ഗ്രീക്ക് പാർലമെന്റ് ആസ്ഥാനമായി രൂപീ കരിച്ച ഇന്റർ പാർലമെന്ററി അസംബ്ലി ഓൺ ഓർത്തഡോക്സി (ഐ.എ.ഒ) യുടെ കാൽനൂറ്റാണ്ടു കാലത്തെ പ്രവർത്തനങ്ങളെ ഇങ്ങനെ വിലയിരുത്താം.

25 വർഷം മുമ്പ് തുടക്കം കുറിച്ച ഗ്രീക്ക് പാർലമെന്റിന്റെ അതേ വേദിയിൽ 40 രാജ്യങ്ങളിൽ നിന്നുള്ള എം.പി. മാരും വിവിധ രംഗങ്ങളിലെ പ്രമുഖരുമടക്കമുള്ള പ്രൗഢമായ സദസിനെ സാക്ഷിയാക്കി ഗ്രീക്ക് പ്രസിഡന്റ് പ്രോകോ പിസ് പാവ്ലോപുലോസ് IAO യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

സമാധാനവും സാമൂഹിക നീതിയും ഉറപ്പു വരുത്താതെ ലോകത്തിനു മുന്നോട്ടു പോവാനാവില്ലെന്നു അദ്ദേഹം പറഞ്ഞു. ഇന്നു അതിനു വിരുദ്ധമായ സമീപനമാണ് എവിടേയും കാണാനാവുന്നത്. ഇതു പ്രതികൂല ഫലങ്ങൾ ഉണ്ടാക്കും. അതിർത്തി നിർണ്ണയിച്ച് അതിനകത്തും പുറത്തുമായി മനു ഷ്യനെ വേർതിരിച്ചു പ്രശ്നങ്ങളെ സമീപിക്കുന്നതു നിരർത്ഥകമാണ്. മനുഷ്യൻ വിശാല മായ ഒരു സമൂഹത്തിന്റെ ഭാഗമാണ്. ആ സമൂഹ നന്മ ലക്ഷ്യമാക്കുമ്പോൾ മാത്രമേ മാനവരാശിക്കു ഗുണകരമായ തീരുമാനങ്ങളും നടപടികളും ഉണ്ടാവൂ എന്നു ഗ്രീക്ക് പ്രസിഡന്റ് പറഞ്ഞു.

ജനാധിപത്യ, ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പാർലമെന്ററി ക്രമം ശക്തമാക്കാനും യൂറോപ്പിന്റെ പൊതുവായ സാംസ്കാരിക സത്വമായി ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിക്കാട്ടാനുമാണ് ഐ.എ.ഒ. ലക്ഷ്യമിട്ടുള്ളത്.

"പാർലമെന്ററി ജനാധിപത്യവും ക്രൈസ്തവ മൂല്യങ്ങളും, ഐ.എ.ഒ. യുടെ 25 വർഷങ്ങൾ" (Parliamentary Democracy and Christian Values : 25 years of Interparliamentary Assembly on Orthodoxy) എന്നതായിരുന്നു ഈ വർഷത്തെ മുഖ്യ ചിന്താവിഷയം. രാഷ്ട്രീയ നേതാവെന്ന നിലയിൽ ഈ അന്താരാഷ്ട്ര കൂട്ടായ്മയിലേക്കു ക്ഷണം ലഭിച്ച എനിക്കു രണ്ടാം ദിവസം അസംബ്ലിയെ അഭിസംബോധന ചെയ്യാനായതു അഭിമാനകരമായ അനുഭവമായി. മുഖ്യ ചിന്താവിഷയത്തെ ആസ്പദമാക്കി പ്രസംഗിക്കുന്നതിനും അവസരം ലഭിച്ചു.

പ്രതിനിധികളുടെ ബഹുമാനാർത്ഥം ഗ്രീക്ക് പ്രസിഡന്റിന്റെ പാലസിൽ നടന്ന ചടങ്ങ് ഏറെ ശ്രദ്ധേയമായി. ആഢ്യത്വവും പ്രൗഢിയും





ഹിദ്ര

നിറഞ്ഞു തുളുമ്പുന്ന പാലസ് ആ രാജ്യത്തിന്റെ പാരമ്പര്യത്തിന്റെ പ്രതീകം തന്നെ.

പാലസിൽ എത്തിയ പ്രതിനിധികളെ സ്വീകരിച്ചു സമ്മേളന ഹാളിലേക്ക് ആനയിച്ചു. അവിടെ പ്രസിഡന്റിന്റെ ചെറു പ്രസംഗം. മൂല്യങ്ങൾ മുറുകെ പിടിക്കണമെന്നതിനു തന്നെ ഊന്നൽ. തുടർന്നു സ്വീകരണ മുറിയിലേക്ക്. അവിടെ ചെറു സൽക്കാരം. എല്ലാവരുമായും കുശലപ്രശ്നം ഇന്ത്യയിൽ നിന്നാണെന്നു പറഞ്ഞു ഞാൻ പരിചയപ്പെട്ടപ്പോൾ അടുത്ത ദിവസങ്ങളിൽ ഇന്ത്യൻ പ്രസിഡന്റ് റാംനാഥ് കോവിന്ദ് അവിടെയെത്തിയതിനെക്കുറിച്ച് അനുസ്മരണ. ഇന്ത്യയെക്കുറിച്ചു നല്ല ഓർമ്മകളാണുള്ളതെന്ന് പറഞ്ഞു വാചാലനായി വിടാതെ കരം ഗ്രഹിച്ചും തോളിൽ പിടിച്ചും നിന്നുംകൊണ്ട് ഔപചാരികതയുടെ ആധിക്യം കടന്നു വരാതെയുള്ള അടുത്ത ഇടപഴകൽ. അക്ഷരാർത്ഥത്തിൽ ഗ്രീക്ക് പ്രസിഡന്റ് പാവലോപുലോസ് എല്ലാവരുടേയും മനസ്സു കീഴടക്കുകയായിരുന്നു.

ലോകസമാധാനത്തിനു ഭീഷണി ഉയർത്തുന്ന തർക്കങ്ങൾക്കും കാലുഷ്യത്തിനും അറുതി വരുത്തുന്നതിനു സഹകരണത്തിനുള്ള പാത തുറക്കണമെന്ന ആഹ്വാനത്തോടെയാണു 25-ാം വാർഷിക സമ്മേളനം സമാപിച്ചത്.

ഇപ്പോൾ പലയിടങ്ങളിലും നിലനിൽക്കുന്ന രക്തചൊരിച്ചിലും നരഹത്യയും ക്രൂരമായ പീഡനങ്ങളും അപലപിക്കപ്പെടേണ്ടതാണ്. ദേശീയമോ പ്രാദേശികമോ വിശ്വാസപരമോ ഏതിന്റെ പേരിലാണെങ്കിലും ഉടലെടുക്കുന്ന തീവ്രവാദവും ഭീകര പ്രവർത്തനങ്ങളും ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്നും സമ്മേളന പ്രഖ്യാപനത്തിൽ വ്യക്തമാക്കി.

അടിമുടി ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിറഞ്ഞു നിൽക്കുന്ന രാജ്യമാണ് ഗ്രീസ്. ജനങ്ങൾ ഓർത്തഡോക്സ് വിശ്വാസി കൾ. പള്ളികളും സ്ഥാപനങ്ങളുമെല്ലാം ആ വൈകാരികതയും കുലീനതയും വിളംബരം ചെയ്യുന്നു. അതിൽ ചിലതു കാണാൻ കഴിഞ്ഞതു വലിയൊരനു ഭവമായി.

''പൗലൊസ് അരയോപഗ മദ്ധ്യേ നിന്നു കൊണ്ടു പറഞ്ഞത്: അഥേനാ പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതി ഭക്തന്മാർ എന്നു ഞാൻ കാണുന്നു'' (അപ്പൊ. 17:22). Men of Athens എന്നാണ് അഥേനാ പുരുഷന്മാരുടെ അർത്ഥം. Mars hill forum എന്നാണ് അരയോപഗ കൂട്ടായ്മയുടെ അർത്ഥം. രണ്ടായിരത്തിലധികം വർഷം മുമ്പ് പൗലോസ് ശ്ലീഹാ കടന്നു പോയ വഴികളിലൂടെ IAO പ്രതിനിധികൾക്കും കടന്നു പോകാൻ അവസരം കിട്ടി. അരയോപഗക്കുന്നിൽ നടന്ന ചടങ്ങിൽ പങ്കെടുത്തതു എന്തെന്നി ല്ലാത്ത വികാരമാണു എനിക്കുളവാ ക്കിയത്. അപ്പൊ: പ്രവർത്തികൾ 17:22 -ൽ പറയുന്ന അതേ അരയോപഗക്കുന്ന്.

റോമാക്കാരുടെ യുദ്ധദേവനായ മാർസിന്റെ നാമധേയത്തിലുള്ള കുന്നാണ്. 'മാർസ് ഹിൽ'. അവിടെ അക്കാലത്തു അരയോപഗ കോടതി കൂടിയിരുന്നു. കോടതി കൂടുന്ന സ്ഥലമായതിനാൽ അതിനെ അരയോപഗ കുന്ന് എന്നു വിളിക്കുന്നു. മുപ്പതു പേരുടെ സംഘമാണ് കേസുകൾ കേട്ടു വിധിയെഴുതുന്നത്. ഇവരുടെ മുമ്പിലാണ് പൗലോസ് തന്റെ പ്രഭാഷണം നടത്തുന്നത്. ഇവിടെ ഈ ജ്ഞാനികളുടെ മുന്നിൽ നിൽക്കാൻ സാധാരണക്കാരാരും ധൈര്യപ്പെടുകയില്ല. പൗലോസിനു ബഹുമാനപുരസ്സരം സംസാരിക്കാനറിയാമെങ്കിലും വെറും ''അഥേന പുരുഷന്മാരെ'' എന്നു മാത്രം അവരെ സംബോധന ചെയ്യുന്നു. ഇതു അരയോപഗ കുന്നിന്റെ ഫ്ളാഷ് ബാക്ക്..

ഗ്രീസിന്റെ അപ്പസ്തോലനായ പൗലോസ് ശ്ലീഹായുടെ ഓർമ്മ ദേശീയാചരണമായാണു അവർ നടത്തുന്നത്. അതിന്റെ അരയോപഗ കുന്നിലെ പ്രത്യേക സന്ധ്യാ പ്രാർത്ഥനയിലാണു ഞങ്ങൾ പങ്കെടുത്തത്.

കുന്നിനു താഴെ നൂറുകണക്കിനു ആളുകൾ. ഞങ്ങൾക്കു പ്രത്യേക സ്ഥലത്തു ഇരിപ്പിടം ക്രമീകരിച്ചിരുന്നു. തൊട്ടപ്പുറത്തു ചെറിയ വേദി. അതിൽ കസേരകൾ. അതിൽ കര, നാവിക വ്യോമ സേനാ മേധാവികൾ, മറ്റു പ്രമുഖരും. ജനങ്ങൾക്കപ്പുറത്തു മൂന്നു സേനാ വിഭാഗങ്ങളും 'അറ്റൻഷനിൽ'.

വൈദികരും മെത്രാപ്പോലീത്തമാരു മടങ്ങിയ വലിയ സംഘം അംശവസ്ത്രങ്ങളോടെ കുന്നിനു താഴെ ജനങ്ങൾക്ക് അഭിമുഖമായി നിരനിരയായി നിൽക്കുന്നു.

പ്രാർത്ഥന കഴിഞ്ഞു പൗലോസ് ശ്ലീഹായുടെ 'ഐക്കൺ' വഹിച്ചുകൊണ്ടു റോഡിലൂടെ പ്രദിക്ഷിണം. വൈദികരാണു 'ഐക്കൺ' പിടിച്ചിരിക്കുന്നത്. ഏറ്റവും മുന്നിൽ കര, നാവിക, വ്യോമ സേന മാർച്ച് ചെയ്യുന്നു. അഭിമാനബോധത്തിനും ആത്മഹർഷത്തിനും മറ്റെന്തുവേണം. രാജ്യം ഔദ്യോഗികമായി തന്നെ പൗലോസ് ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്നു.

ഇതു മാത്രമല്ല, ഒട്ടേറെ ഔദ്യോഗിക നടപടികളിലും ഈ 'ഓർത്തഡോക്സ് ടച്ച്' കാണാം. സ്വർഗ്ഗസ്ഥനായ പിതാവേ... എന്നു തുടങ്ങി പ്രാർത്ഥന ചൊല്ലിയാണു സ്കൂളുകൾ തുടങ്ങുന്നത്. ഒളിമ്പിക്സ് തുടങ്ങിയതു ഇവിടെ നിന്ന്. ഒളിമ്പിയായിൽ. ആ ദീപം 365 ദിവസവും കെടാതെ അവിടെ കത്തിക്കൊണ്ടു നിൽക്കുന്നു. എവിടെ ഒളിമ്പിക്സ് നടന്നാലും അവിടേയ്ക്കുള്ള ദീപശിഖ കൊളുത്തിക്കൊണ്ടു പോകുന്നതു ഇവിടെ നിന്ന്.

അതിനു മുമ്പേ ലോകത്തിനു വെളിച്ചം പകർന്നവർ എന്നാണു അവരെ വിശേഷിപ്പിക്കുന്നത്.

ആചാര, അനുഷ്ഠാനങ്ങളിലും ഒരു വിട്ടുവീഴ്ചയുമില്ലാതെ ആ പാരമ്പര്യം അവർ ഇന്നും കാത്തുസൂക്ഷിക്കുന്നു. അതാണു അരയോഗപഗ കുന്നിലും പ്രകടമായത്. അതിലൂടെ പുറത്തുവരുന്ന പ്രകാശകിരണങ്ങൾ ലോകത്തിനു വെളിച്ചമാവട്ടെ എന്ന മൗന പ്രഖ്യാപനത്തിലൂടെ.

പ്രതിനിധികൾക്കായി ഒരുക്കിയ കപ്പൽയാത്രയും വ്യത്യസ്ത അനുഭവമായി. ഏതൻസിൽ നിന്നു ഹിദ്ര എന്ന ദീപിലേയ്ക്കുള്ള യാത്ര. Argosaronikos എന്ന കടലിലൂടെ 36 നോട്ടിക്കൽ മൈൽ ദൂരം സഞ്ചരിച്ച് ഹിദ്രയിലെത്തി. 3 മണിക്കൂർ കപ്പൽയാത്ര.

മോട്ടോർ വാഹനങ്ങൾ ഒന്നുമി

ല്ലാത്ത ഒരു ദ്വീപ്. കാറോ ഇരുചക്രവാഹനങ്ങളോ ഒന്നും. വിശ്വസിക്കാൻ പ്രയാസം. അതാണ് യാഥാർത്ഥ്യം. കപ്പലിൽ മാത്രമേ അവിടെ എത്താൻ പറ്റൂ. കപ്പലിറങ്ങിയാൽ പിന്നെ നടത്തം. തുറമുഖത്തിനു ചുറ്റുമുള്ള പ്രദേശം ഒഴിവാക്കിയാൽ ബാക്കി മുഴുവൻ മലനിര. പടികൾ കയറണം. കല്ലുപാകി സിമന്റിട്ടു പോയിന്റു ചെയ്തിരിക്കുന്നു. കടകളും ഗസ്റ്റ് ഹൗസുകളും ധാരാളം. മലനിരകളിൽ വീടുകൾ. അതാണു ഹിദ്ര (Hydra). ടൂറിസ്റ്റുകളുടെ പറുദീസ. കപ്പലുകളിൽ ധാരാളം പേരാണു ഓരോ ദിവസവും വന്നിറങ്ങുന്നത്. തന്നെ ബാഗ് തൂക്കി നടക്കാൻ കഴിയാത്തവർക്ക് കുതിരപ്പുറത്ത് അത് എത്തിച്ചുകൊടുക്കും.

കപ്പലിറങ്ങിയ ഞങ്ങൾക്കു 4 മണക്കൂർ അനുവദിച്ചിട്ടുണ്ട്. ഹിദ്ര 'നടന്നു' കാണാൻ. അതു കഴിഞ്ഞു മടക്കം.

ഹിദ്രയിലെ ആർക്കിയോളജിക്കൽ മ്യൂസിയത്തിൽ നിന്നും ചരിത്രം വായിച്ചെടുക്കാം. ഹൃദ്യമായ അനുഭവം.

ലോകത്തു ഏറ്റവും കൂടുതൽ കപ്പലുകൾ ഉള്ള ഗ്രീസ് ഇപ്പോഴും ആ 'റിക്കാർഡ്' നിലനിർത്തുന്നതിന്റെ പിന്നിൽ ഇത്തരം രീതികളുമൊരു കാരണമാവാം. ■

## സ്നേഹ സന്ദേശം ദുബായിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ സ്നേഹസന്ദേശത്തിന്റെ ശുശ്രൂഷകൾ 2018 സെപ്റ്റംബർ 1 മുതൽ 10 വരെ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ നടത്തും. ഫാ. ഗീവർഗ്ഗീസ് കെ.കെ. നല്ലില, ഫാ. ബിജു വർഗ്ഗീസ്, ഫാ. ജോയിസ് വി.ജെ., ജോസ് സി.വി., ബിജു വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകുന്നു. ശുശ്രൂഷകൾ ആവശ്യമുള്ളവർ ബന്ധപ്പെടുക: 9447564824

IN CHERISHED MEMORY OF

# P.M.THOMAS

IIIrd ANNIVERSARY, 30-7-2018

(09-05-1940 – 30-07-2015)



"Sadly missed along life's way.
Quietly remembered every day."

*Inserted By:-*

Sorrowing family

**PERUKATTU HOUSE**
**THEKKEMALA, KOZHENCHERRY**

# REMEMBRANCE

Third Anniversary of
Departure on 30th August 2018



## ANNAMMA MATHEW

**(8-7-1941 to 30-8-2015)**

**(D/o. Late Mr. M.C. George and**
**Late Mrs. Thankamma George,**
**Kulathintekizhakkathil,**
**Near Kadisa Orthodox Cathedral,**
**Kayamkulam, Dist. Alappuzha)**

Your life was a blessing
Your memory a treasure
You are loved beyond words
and missed beyond measure

*Your Ever loving :*

Prof. Mathew Thomas (Husband)
Malad-Mumbai
Thomas and Reny Thomas
Elizabeth and Eapen Varghese
Doting G/C Annie, Rhea and Grace
Susamma Zacharias (Sister) and family

# കോർഎപ്പിസ്കോപ്പാമാർ



ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഫാ. സഖറിയാ പനയ്ക്കാമറ്റം, ഫാ. മാത്യു തോമസ്, ഫാ. കെ. എസ്. ശാമുവേൽ, ഫാ. തോമസ് തേക്കിൽ എന്നീ വൈദികരെ കോർ-എപ്പിസ്ക്കോ സ്ഥാനത്തേക്ക് ഉയർത്തി. ജൂലൈ 13-ന് ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപള്ളിയിൽ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ്, സഹായമെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് എന്നിവർ ചേർന്ന് കോർ-എപ്പിസ്ക്കോപ്പാ സ്ഥാനാരോഹണ ശുശ്രൂഷ നടത്തി.

**1. ഫാ. സഖറിയാ പനയ്ക്കാമറ്റം**

നിരണം സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ ഫാ. സഖറിയാ പനയ്ക്കാമറ്റം 1971 ജൂൺ 29-ന് തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ചെങ്ങന്നൂർ ഭദ്രാസനത്തിലേയും ഇന്ത്യയിലും വിദേശത്തുമുള്ള അനേകം ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്ത് കഴിഞ്ഞ വർഷം വിരമിച്ചു. ഡൽഹി ഭദ്രാസനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച അച്ചൻ നല്ല ഒരു എഴുത്തുകാരനാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള നിരണം കത്തീഡ്രൽ ദേവാലയത്തിൽ നിന്നും കോർ-എപ്പിസ്ക്കോപ്പാ സ്ഥാനം ലഭിക്കുന്ന ആദ്യ വ്യക്തിയാണ് ഫാ. സഖറിയാ പനയ്ക്കമറ്റം.

**2. ഫാ. മാത്യു തോമസ്**

പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ ഫാ. മാത്യു തോമസ് 1979 ജൂലൈ 3-ന് തീയതി ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. പുത്തൻകാവ് ഹയർസെക്കണ്ടറി സ്കൂളിൽ ദീർഘകാലം രസതന്ത്ര വിഭാഗം അദ്ധ്യാപകനായിരുന്നു. സൺഡേസ്ക്കൂൾ, പ്രാർത്ഥനായോഗം എന്നിവയുടെ ഭദ്രാസന ചുമതല നിർവഹിച്ച അദ്ദേഹം ഇപ്പോൾ പാണ്ടനാട് സെന്റ് മേരീസ് പള്ളിയുടെ വികാരിയാണ്.

**3. ഫാ. കെ, എസ്സ് ശാമുവേൽ**

വെൺമണി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ഇടവകാംഗമായ ഫാ. കെ. എസ് ശാമുവേൽ 1980 ആഗസ്റ്റ് 23-ന് തീയതി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ദീർഘകാലം സഭാവക സ്കൂളുകളിൽ അദ്ധ്യാപകനായിരുന്നു. തഴക്കര എം.എസ് എസ്. ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ടീച്ചർ എഡ്യൂക്കേറ്ററായി വിരമിച്ചു. സഭയുടെ മാനേജിംഗ് കമ്മറ്റി അംഗവും, എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റ് ഗവേണിംഗ് ബോർഡ് അംഗമായിരുന്നു. ഇപ്പോൾ ഓലിക്കൽ മാർ ഗ്രിഗോറിയോസ് പള്ളി വികാരിയാണ്.

**4. ഫാ. തോമസ് തേക്കിൽ**

കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ഫാ. തോമസ് തേക്കിൽ 1979 ആഗസ്റ്റ് 15-ന് ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. സഭാ മാനേജിംഗ് കമ്മറ്റി അംഗം, പരുമലസെമിനാരി കൗൺസിൽ അംഗം, നെടുമ്പ്രം വൈ. എം. സി. എ. പ്രസിഡന്റ് തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം ഭദ്രാസന സെക്രട്ടറിയായിരുന്നു. ഇപ്പോൾ കല്ലുങ്കൽ സെന്റ് ജോർജ്ജ് പള്ളിയുടെ വികാരിയാണ്.

**ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ**
(ഭദ്രാസന സെക്രട്ടറി)

A Blessed & Loving Memory of Our Appachan & Ammachi

21TH MEMORY



A. C. JOSEPH
EXPIRED: 12.08.1997

ANANTHANAM
P.O. PAYIPAD, HARIPAD

Inserted by:-
A.J. John & Family
Mumabi
Mob. 9833588116

30TH MEMORY




THANKAMMA JOSEPH
EXPIRED: 21.05.1988

# വൈകാരിക സഹായകേന്ദ്രം




**കോട്ടയം:** മാനസിക സംഘർഷവും ആത്മഹത്യാ പ്രവണതയും ഏറി വരുന്ന കാലഘട്ടത്തിൽ വിപാസന വൈകാരിക സഹായകേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിന് മുതൽകൂട്ടാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. വ്യക്തികേന്ദ്രീകൃതമായ സമീപനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ പങ്കിനു പ്രസക്തി ഏറിവരികയാണ്. വൈകാരിക പ്രതിസന്ധി നേരിടുന്ന സമാശ്വസിപ്പിപ്പിക്കുന്നതിനു വിപാസന നടത്തി വരുന്ന നിശബ്ദ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും പ. ബാവാ പറഞ്ഞു. വിപാസന വോളന്റിയർമാർക്ക് അനുവദിച്ച കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൈകാരിക പ്രസിന്ധികളിൽ അകപ്പെട്ടിരിക്കുന്നവർക്ക് ആശ്വാസം പകരുകയും ജീവിതത്തിലേക്കു തിരിച്ചു വരവിനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നതിലൂടെ സമൂഹത്തിനായി മഹത്തായ സേവനമാണ് വപാസന വോളന്റിയന്മർ നടത്തി വരുന്നതെന്ന് വിപാസന ഡയറക്ടർ ഡോ. ജോസഫ് പി. വർഗീസ് പറഞ്ഞു. ആത്മഹത്യകൾ പെരുകുന്ന സാഹചര്യത്തിൽ ആത്മഹത്യാ പ്രതിരോധ പ്രവർത്തനങ്ങൾ വിപുലമാക്കുതിനു വിപാസന കൂടുതൽ പരിശ്രമങ്ങൾ നടത്തിവരുന്നതായും അദ്ദേഹം പറഞ്ഞു. ■



മോസ്ക്കോ: റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഉന്നത ബഹുമതിയായ 'സെർജി റഡോനേഷ്' റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ. ചെറിയാൻ ഈപ്പന് റഷ്യൻ ഓർത്തഡോക്സ് സഭാ അധ്യക്ഷൻ കിറിൽ പാത്രിയർക്കീസ് ബഹുമതി സമ്മാനിച്ചപ്പോൾ.

## 10–ാം ഓർമ്മ
## 13–09–2018



**വന്ദ്യ. പി.സി.**
**യോഹന്നാൻ റമ്പാൻ**

(വന്ദ്യ പി.സി. യോഹന്നാൻ റമ്പാച്ചന്റെ പത്താമത് ഓർമ്മ പെരുന്നാൾ സെപ്റ്റംബർ 12, 13 ബുധൻ, വ്യാഴം തീയതികളിൽ പാമ്പാടി ദയറായിൽ ആഘോഷിക്കുന്നു)

**സന്തപ്ത കുടുംബാംഗം**

## മൂന്നാം ചരമ വാർഷികം
## (05–08–2018)



**ജെന്നി തോമസ്**

**കീടങ്ങിൽ വീട്,**
**മല്ലശ്ശേരി**

**വേർപാടിന്റെ വേദനയ്ക്ക്**
**ദുഃഖാർത്തരായ**
**കുടുംബാംഗങ്ങൾ**

## സുപഥം – 1

**ഫാ. ഗീവർഗ്ഗീസ് മേക്കാട്ട്**

# അതിജീവനം

ഇന്നലെകളിൽ നിന്നു പഠിച്ചും ഇന്നു ജീവിച്ചും നാളയെക്കുറിച്ച് പ്രതീക്ഷിച്ചും മുന്നേറുന്നതാണ് ജീവിതം. ജീവിതാനുഭവങ്ങളുടെ തീരം സുഖദുഃഖ സമ്മിശ്രമാണ്. പരാജയത്തിന്റെ കയത്തിൽ അകപ്പെട്ടവരും വിജയത്തിന്റെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരും ജീവിതയാത്രയിൽ അണച്ചും കിതച്ചും നുകർന്നും രുചിച്ചും ജീവിതകാലം തികയ്ക്കുന്നു. ദുരനുഭവങ്ങൾക്കും ദുർചിന്തകൾക്കും കടിഞ്ഞാണിട്ട് അതിരില്ലാത്ത സ്വപ്നങ്ങളും കണക്കില്ലാത്ത നഷ്ടങ്ങളും കൂടിക്കലർന്ന് മധുരവും കയ്പുമായി രുചിപകരുന്ന ജീവിതത്തെ വിജയപ്രദമാക്കുകയു വ്യക്തിത്വരൂപീകരണം സാദ്ധ്യമാക്കുകയും വേണം. വഴിയിൽ കനലെങ്കിലും അവയിൽ വിജയത്തിന്റെ തീനാളം കണ്ടെത്തുകയും മുള്ളുനിറഞ്ഞതെങ്കിലും റോസാപുഷ്പങ്ങളുടെ സൗരഭ്യം ആസ്വദിക്കുകയും ചെയ്യുകയെന്നത് ഭംഗിവാക്കെന്ന് തോന്നുമെങ്കിലും അങ്ങനെയൊക്കെ ആയവരാണ് ജീവിതവിജയത്തിന്റെ തെളിവെളിച്ചത്തിൽ ആനന്ദിച്ചിട്ടുള്ളത്. അങ്ങനെ സുപഥികരാകുവാൻ ചില സ്വയംഭരണ പാഠങ്ങൾ...

**1. ചിന്തകളിലെ തീനാളം :** വെള്ളത്തിൽ വളരുന്ന താമര അവസ്ഥിതിചെയ്യുന്ന ഇടത്തിലെ വെള്ളം വർദ്ധിച്ചാലും തൽസ്ഥിതിയിൽ നിന്ന് ഉയർന്ന് നിലനിൽപ്പിനായുള്ള അതിജീവനത്തിൽ ഏർപ്പെടുന്നു. ഉയരുന്ന വെള്ളത്തിനടിമപ്പെട്ട് ചീഞ്ഞുനാറി തന്റെ മനോഹരമായ ജീവിതം ഇല്ലാതെയാക്കുന്നില്ല. ഭക്തിയും ബുദ്ധിയും യുക്തിയും വേണ്ടവിധത്തിൽ അനുചിതമായ അവസരത്തിൽ ഉപയോഗിക്കുന്നിടത്ത് ദുഃഖചിന്തകൾക്കോ ദുരനുഭവങ്ങൾക്കോ നിലനിൽപ്പുണ്ടാവുകയില്ല. സ്വയം മുറിവേൽപ്പിക്കുകയോ അനാവശ്യമായ ചിന്തകൾകൊണ്ട് മുറിവിന് ആഴം കൂട്ടുകയോ ചെയ്തതുകൊണ്ടെന്തു പ്രയോജനം. അനുഭവം എന്ന അതിശ്രേഷ്ഠനായ ഗുരുസവിധത്തിൽ നിന്നും കണ്ടറിഞ്ഞും കേട്ടറിഞ്ഞും പാഠങ്ങൾ ഹൃദിസ്ഥമാക്കണം. പ്രതികൂല അവസ്ഥകളോട് മല്ലിട്ടും ഒഴിഞ്ഞുമാറിയും ക്രിയാത്മകമായി പ്രതികരിച്ചും വിജയസോപാനത്തിൽ എത്തിയവർ അനേകരാണ്. അവർ ചരിത്രത്തിന്റെ ഏടുകളിൽ ജീവിക്കുന്നു. എന്നാൽ എല്ലാവർക്കും ഇങ്ങനെ എപ്പോഴും ജീവിതത്തിന്റെ രാജപാതയിൽക്കൂടി സഞ്ചരിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. കല്ലും മുള്ളും ചളിയും ചണ്ടിയും നിറഞ്ഞ ഇടവഴികളിൽ കൂടി പലപ്പോഴും സഞ്ചരിക്കേണ്ടിവരുന്നു. അതുതന്നെയാണ് ജീവിതത്തിന്റെ നാനാവശങ്ങൾ കണ്ടറിയുവാൻ ഒരുവനെ സഹായിക്കുന്നത്. ഈ കണ്ടെത്തലുകൾ ആണ് ജീവിതത്തിന് നിറവും രുചിയും ഗുണവും നൽകുന്നത്. പാദം ശരിയെങ്കിൽ നാം സുപഥികരാകും.

**2. കാൽപ്പാദങ്ങളിലെ ശുഭാപ്തി :** ലോകത്തെ പ്രകാശിപ്പിക്കുന്ന സൂര്യൻ ആദ്യം കത്തിജ്ജ്വലിക്കുവാൻ തയ്യാറാകുന്നു. നല്ല വ്യക്തിത്വത്തിനും ജീവിതവിജയത്തിനും ആത്മാർത്ഥമായ തയ്യാറെടുപ്പുകൾ ആവശ്യമാണ്. വഴി മുന്നിലുണ്ട്, ശരിയായ ചിന്തകളും ഉറച്ച കാൽവയ്പ്പുകളും മാത്രമേ ആവശ്യമുള്ളു. അതുതന്നെയാണ് ശുഭാപ്തി വിശ്വാസവും. പകൽ വൈകി ഇരുണ്ടാലും അതിനൊരു പുതുപുലരി എന്നതാണ് പ്രകൃതിനിയമവും സത്യവും. ഒരാളുടെ ജീവിതത്തിൽ എപ്പോഴെങ്കിലും സംഭവിച്ച താഴ്ചകളോ ഇരുൾനിറഞ്ഞ അനുഭവങ്ങളോ ഒരന്ത്യമായി കണക്കിടേണ്ടതില്ല. പ്രതീക്ഷകളും പ്രാർത്ഥനയും പ്രവർത്തനവും നമ്മെ ഉയരത്തിന്റെ വഴികളിലേയ്ക്ക് പ്രകാശം നൽകുന്ന ഊർജ്ജസ്രോതസ്സുകൾ ആണ്. ശുഭാപ്തിവിശ്വാസവും കത്തിജ്വലിക്കുന്ന മനസ്സും ദൃഢനിശ്ചയത്തോടെയുള്ള പ്രവർത്തനവും ഉറച്ച ദൈവവിശ്വാസവും ഉണ്ടെങ്കിൽ നമ്മേ ആർക്കാണ് പരാജയപ്പെടുത്തുവാൻ സാധിക്കുക. മഹാത്മാഗാന്ധി ഓർമ്മിപ്പിക്കുന്നതുപോലെ, നമുക്ക് ഒരു ഉത്തരവാദിത്വവും ഏറ്റെടുക്കാതെ ഇരിക്കാം. എന്നാൽ ഒരു ചുമതലയോ ലക്ഷ്യമോ ഉണ്ടെങ്കിൽ അത് ഭംഗിയായി ചെയ്തുതീർക്കുന്നതുവരെ അതിനായ് കഠിനശ്രമം ഉണ്ടാകണം. ഈയൊരു സന്നദ്ധതയിൽ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നവരോടൊപ്പം ഈശ്വരനും നിൽക്കുന്നു. ഒരു വൃക്ഷത്തിന്റെ വളർച്ചയ്ക്ക് മഴയും വെയിലും ആവശ്യം എന്നതുപോലെ വ്യക്തിത്വ വികസനത്തിനും ജീവിതവിജയത്തിനും സുഖദുഃഖങ്ങളെ അറിയേണ്ടതുണ്ട്. ദുഃഖത്തിന്റെ കണ്ണുനീരും സുഖത്തിന്റെ പ്രകാശവും തിരിച്ചറിഞ്ഞ് സ്വയവളർച്ചയ്ക്ക് പാഠങ്ങൾ കുറിച്ചിടുക. ■



# പുസ്തകശാല

### ഗുരുവിനെ തേടി

**ജോൺസൺ ജേക്കബ് മല്ലപ്പള്ളി**




ജീവിതയാത്രയിൽ കണ്ടുമുട്ടിയ പ്രശസ്ത ഗുരുക്കന്മാരെ സ്വന്തമായി അടുത്തറിഞ്ഞതിന്റെ ദാർശനിക തലങ്ങൾ. അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ. സോഫിയ ബുക്സ്, കോട്ടയം, 2018, പേജ്:64, വില:100

### യേശുവിന്റെ കാൽപ്പാടുകളിലൂടെ..

**കുര്യാക്കോസ് ജോസഫ്**




ബൈബിളിൽ പറഞ്ഞിരിക്കുന്ന വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള യാത്രയുടെ അനുഭവം, ബൈബിൾ വാക്യങ്ങൾ ചേർത്ത് അവതരിപ്പിക്കുന്നു. വിശുദ്ധനാട് സന്ദർശകർക്ക് ഒരു വഴികാട്ടി. നാഥാൻ പബ്ലിക്കേഷൻസ്, ആലുവ. പേജ്-64, വില: 100.

### ...മാർ ദീയസ്ക്കോറോസ്


**ബർസ്കീപ്പ റമ്പാൻ നെടിയത്ത്**




തിരുവനന്തപുരം ഭദ്രാസനാധിപനായിരുന്ന ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ ജീവിതവും സാക്ഷ്യവും അവതരിപ്പിക്കുന്നു. ആശ്രമ പ്രസ്ഥാനത്തിനും ഭരണ രംഗത്തും വിദ്യാഭ്യാസ രംഗത്തും ചെയ്ത സേവനങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു. അവതാരിക: ഡോ. റ്റി.എ. ജോർജ്, ശാന്തിസദനം, പത്തനംതിട്ട, പേജ്:200,

### അച്ചനെങ്ങനെ...

**ഫാ. മാത്യു മാത്യു**





യമൻ ഇടവക ഉൾപ്പെടെ വിവിധ ജീവിതാനുഭവങ്ങളും, പ്രശ്ന സങ്കീർണ്ണമായ യമനിലെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലവും വിശദമായി അവതരിപ്പിക്കുന്നു. അവതാരിക: ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, പേജ്-284, വില:100, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം.



# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം




ഒരു ചക്രവർത്തി ഭിക്ഷുവും മിസ്റ്റിക്കുമായ ഒരുഫക്കീറിനെ പതിവായി സന്ദർശിച്ചിരുന്നു. അവർ ദീർഘനേരം സംഭാഷണങ്ങളിൽ മുഴുകിയിരുന്നു. എന്നാൽ ഒരു കാര്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. അദ്ദേഹം ഇവിടെ വരുമ്പോഴെല്ലാം ആ മിസ്റ്റിക്ക് പണത്തെക്കുറിച്ചോ രാജ്യകാര്യങ്ങളെക്കുറിച്ചോ മറ്റ് ലോകവിഷയങ്ങളെക്കുറിച്ചോ സംസാരിക്കും. എന്നാൽ ചക്രവർത്തി അദ്ദേഹത്തിൽ നിന്ന് ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചും ധ്യാനത്തെക്കുറിച്ചുമെല്ലാം കേൾക്കുവാനായിരുന്നു ആശിച്ചിരുന്നത്.

അതിനാൽ ഒരു ദിവസം അദ്ദേഹം പറഞ്ഞു "എന്നോട് ക്ഷമിക്കൂ എന്നാൽ ഇതെനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഞാനിവിടെ വരുന്നത് ദൈവത്തെക്കുറിച്ചും ധ്യാനത്തെക്കുറിച്ചും മതത്തെക്കുറിച്ചും സമാധിയെക്കുറിച്ചുമെല്ലാം സംസാരിക്കുന്നതിന് വേണ്ടിയാണ്. എന്നെപ്പോലെയുള്ള ഒരു ലൗകീകന് അവയെക്കുറിച്ചാണ് അറിയേണ്ടത്. അതിന് വേണ്ടിയാണ് ഞാൻ ഇവിടേയ്ക്ക് വരുന്നത് തന്നെ നിങ്ങളുടെ ഈ സംസാരം തീർത്തും പരിഹാസ്യമാണ്. അതിനാൽ എനിക്കിപ്പോൾ സംശയം തോന്നിത്തുടങ്ങിയിരിക്കുന്നു. എന്ത്കൊണ്ടെന്നാൽ ഞാൻ ഇവിടെ വരുമ്പോഴെല്ലാം നിങ്ങൾ രാജ്യകാര്യങ്ങളെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും പണത്തെക്കുറിച്ചും അത്തരമൊരായിരം ലോകകാര്യങ്ങളെക്കുറിച്ചാണ് എല്ലായ്പ്പോഴും സംസാരിക്കുന്നത്. ദൈവത്തെക്കുറിച്ചും ധ്യാനത്തെക്കുറിച്ചും ആദ്ധ്യാത്മികതയെക്കുറിച്ചും ഒന്നും ഒരിക്കലും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. നിങ്ങളിതിനെ എങ്ങനെയാണ് ന്യായീകരിക്കുന്നത്"?

ഫക്കീർ ചിരിച്ചു. അദ്ദേഹം പറഞ്ഞു "വിശദീകരിക്കാനിവിടെ ഒന്നും തന്നെയില്ല. അത് ലളിതമാണ് നിങ്ങൾ നിങ്ങൾക്കറിഞ്ഞ് കൂടാത്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു നിങ്ങൾക്കനുഭവമല്ലാത്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു. നിങ്ങൾക്ക് യാതൊരു വിധ ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ചും സംസാരിച്ച് കൊണ്ടേയിരിക്കുന്നു. അത്പോലെ ഞാനും എനിക്കറിഞ്ഞ് കൂടാത്ത കാര്യങ്ങളെക്കുറിച്ച്, എനിക്ക് അനുഭവമില്ലാത്ത കാര്യങ്ങളെക്കുറിച്ച്, ഞാനുമായി യാതൊരു വിധമായ ബന്ധമില്ലാത്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു അത് ലളിതമാണ്. ദൈവത്തെക്കുറിച്ച് ഞാനെന്തിന് സംസാരിക്കണം. അത് ഞാനറിയുന്നവനാണ് എന്റെ അനുഭവമാണ് അത് എന്റെ ജീവിത ഗന്ധിയായിട്ടുള്ളതാണ് അതിനെയെങ്ങനെയാണ് പറഞ്ഞവതരിപ്പിക്കാൻ കഴിയുക. നിങ്ങൾക്കത് അനുഭവിക്കാൻ കഴിയാത്തിടത്തോളം പൊള്ളയായ ഉപരിപ്ലവമായ വാക്കുകൾ മാത്രമാണാവുക. അതുപോലെ രാജ്യകാര്യങ്ങളെക്കുറിച്ച് നിങ്ങളെന്തിന് സംസാരിക്കുന്നു. നിങ്ങളൊരു രാജാവാണ്. അത് നിങ്ങൾക്കറിയാവുന്നതാണ്. നിങ്ങളുടെ അനുഭവമാണ്. എനിക്ക് അനുഭവിക്കാൻ കഴിയാത്തിടത്തോളം പൊള്ളയായ ഉപരിപ്ലമായ വാക്കുകൾ മാത്രമാണ്. രാജ്യകാര്യത്തെക്കുറിച്ച് രാഷ്ട്രീയത്തെക്കുറിച്ച് എനിക്ക് പറയാൻ കഴിയുക."

ഇന്ന് അനുഭവമില്ലാത്ത വാക്കുകളുടെ അവതരണങ്ങളുടെ കാലമായി മാറുകയാണ്. വചനം പോലും വേദികളെ മാത്രം പ്രകമ്പനം കൊള്ളിക്കുകയും ജീവിതങ്ങളെ സ്പർശിക്കാതിരിക്കയും ചെയ്യുന്ന കെട്ട കാലമായി മാറുകയാണ്. സ്നാപകന്റെ വേഷം കണ്ടേക്കാം ഭാഷ കർശനമായേക്കാം സ്നാപകന്റെ ആത്മാവില്ലാതെയാകുന്നു. സ്നാപകന്റെ ആത്മാവുണ്ടായാൽത്തന്നെ അയാൾക്കിവിടെ ജീവിക്കാനാവുമോ? എല്ലാക്കാലവും സ്നാപകന്റെ ആത്മാവുള്ളവനെ തലയറുക്കുന്നത് തന്നെയാണ്.

ഇന്ന് മുഖപുസ്തകങ്ങളിലിരുന്ന് (Facebook) നാം ചോദിക്കുന്നത് സ്വരമാധുര്യമായ എന്റെ ഹൂത്തോമോ കണ്ടോ? അനുതാപ ശബ്ദത്തിലുള്ള എന്റെ പാപപരിഹാര പ്രാർത്ഥനകണ്ടോ? കേമമായ എന്റെ പ്രസംഗം കണ്ടോ? നാം കൂടുതൽ ഉപരിപ്ലവമായ വാക്കുകളുടെ കാവൽക്കാർ മാത്രം ആയി മാറുന്നതിന്റെ തെളിവുകളാണ്. നാം അകത്തേക്ക് നോക്കുന്നതിന് പകരം മുഖപുസ്തകങ്ങളിലേക്ക് അഥവാ പുറത്തേക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. അനുഭവമില്ലായ്മയുടെ പ്രസംഗപീഠം പകരുന്നത് മസ്തിഷ്ക പ്രക്ഷാളനം മാത്രമാണ്. അത് മറ്റൊരു ഉത്തേജിതമായ സ്വാധീനത്തിൽ മറ്റൊന്നായി മാറും. മസ്തിഷ്ക പ്രക്ഷാളനം നടത്തുന്ന ആത്മീയതകൾക്ക് പകരങ്ങൾ കൊടുത്തുകൊണ്ടിരിക്കണം അല്ലെങ്കിൽ അത് ആസ്വദിച്ചവർ മറ്റ് വഴികൾ തേടും. നവീകരണക്കാർ ഡി.ജെ.യുടെ ലഹരിപ്പാട്ടുകളിൽ ഇടകലർന്നുള്ള ആനന്ദനൃത്തം വരെയായി. ഇത് കഴിഞ്ഞ് എന്താവും?

ദൈവത്തിന് പകരം നാം എന്തൊക്കെയോ കൊടുത്തുകൊണ്ടിരിക്കുകയാണ്. നമുക്ക് അനുഭവമില്ലാത്ത കാര്യങ്ങളെക്കുറിച്ച് നാം വാചാലമാവുകയാണ് യേശുതമ്പുരാൻ ജനത്തെ പിടിച്ച് നിർത്തിയ ആളല്ല. ജനം അദ്ദേഹത്തിന്റെ ജീവിതം കണ്ട് പിന്തുടർന്നതാണ്.

> ‘ജനത്തെ പിടിച്ച് നിർത്താൻ നാം പെടാപ്പാട് പെടുകയാണ്. അതിന് ലോകത്തെ പൊതിഞ്ഞ് ദൈവത്തിന്റെ പേര് വച്ച് കൊടുക്കുകയാണ്. ഉപരിപ്ലവമായ പകരം വയ്ക്കലുകൾ ദൈവത്തിലെത്തിക്കും എന്ന് നാം ദിവാസ്വപ്നം കാണുകയാണ്. ജനത്തിന്റെ രുചിയനുസരിച്ച് ആത്മീയതയെ പൊതിഞ്ഞവതരിപ്പിക്കുന്നത് അപകടകരമാണ്. വൈകാരികതകളെ സംരക്ഷിക്കാനാണോ നമുക്ക് വിട്ടുവീഴ്ചകൾ വേണ്ടത് അതോ വിശുദ്ധീകരിക്കപ്പെടാനാണോ. നമുക്ക് വിട്ടുവീഴ്ചകൾ വേണ്ടത്?’

E-mail: fr.thirumangalam@gmail.com

# വേദവിചാരം

ഫാ. തോമസ് രാജു, കരുവാറ്റ




## 2018 ഓഗസ്റ്റ് 12
## കൂടാരപ്പെരുന്നാളിനു ശേഷം ഒന്നാം ഞായർ
വി: മത്തായി 21: 28 – 32

മുന്തിരിത്തോട്ടത്തിലെ വേലയ്ക്കായി പോകുവാൻ ഒരപ്പൻ രണ്ട് മക്കളുടെ സമ്മതം ആരായുന്നതാണ് വേദഭാഗത്തിന്റെ ഉള്ളടക്കം.

തന്റെ ഉപദേശങ്ങളെ കേൾക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്ന പരീശ സാദൂക്യ വർഗ്ഗത്തെ വിമർശിക്കുവാനും തന്നെ ഹൃദയപൂർവ്വം കൈക്കൊള്ളുന്ന ചുങ്കക്കാരെയും വേശ്യമാരെയും മുക്തകണ്ഠം പ്രശംസിക്കുവാനുമായിട്ടാണ് ക്രിസ്തു ഈ ഉപമ പറയുന്നത്.

**കേൾവികൊണ്ടും പ്രവൃത്തികൊണ്ടും അനുസരിക്കുന്നവർ**

അനുസരണയുള്ളവനായിരിക്കുക എന്നത് അത്ര പെട്ടന്ന് സ്വായത്തമാക്കാവുന്ന ഒരു ഗുണമല്ല. obedience എന്ന വാക്ക് രൂപപ്പെട്ടതുതന്നെ ഹൃദയംകൊണ്ട് കേൾക്കുക എന്നർത്ഥത്തിലുള്ള ലത്തീൻ ധാതുവിൽ നിന്നുമാണ്. ചുരുക്കം പറഞ്ഞാൽ ചെവികൊണ്ട് മാത്രം കേൾക്കുന്നവർക്ക് അത്ര അനുസരണം ഉണ്ടാവില്ല എന്ന് സാരം.ക്രിസ്തു പറഞ്ഞ ഈ ഉപമയിലെ ഒരു മകൻ ഹൃദയം കൊണ്ട് കേൾക്കുന്ന ആളും ഒരാൾ ചെവി കൊണ്ട് മാത്രം കേൾക്കുന്ന ആളുമായിരുന്നു എന്നതാണ് യാഥാർത്ഥ്യം. നാം ജീവിക്കുന്ന പരിസരങ്ങളിലും ഈവിധമുള്ള ആളുകളുണ്ട്. പറയുന്നതെല്ലാം തലകുലുക്കി കേൾക്കുകയും പറയുന്നവരോട് മധുരവാക്കോതുകയും ചെയ്യുന്നവരും പൊതുവേ അരസികരായിത്തോന്നുന്നുവെങ്കിലും പറയുന്നതെല്ലാം ഹൃദയപൂർവ്വം കേട്ട് ആത്മാർത്ഥതയോടും ഭംഗിയോടും കൂടി അവയെല്ലാം ചെയ്യുന്നവരും നമുക്കിടയിൽത്തന്നെയുണ്ട്. എന്തുകൊണ്ടോ മനുഷ്യരുടെ ഇടയിൽ വിലയും നിലയും അംഗീകാരവും ലഭിക്കുന്നതെല്ലാം ചെവികൊണ്ട് കേട്ട് മധുരവാക്ക് ഓതുന്നവർക്കാണ്. എല്ലായിടത്തും ഇതുതന്നെയാണവസ്ഥ. നാട്യശാസ്ത്രമറിയാവുന്നവർ കാര്യക്കാരാവുന്ന ഒരവസ്ഥ. ഹൃദയപൂർവ്വം പെരുമാറുന്നവർ എല്ലായിടത്തുനിന്നും പുറത്താക്കപ്പെടുന്ന ഒരു ദുരവസ്ഥ. നമ്മുടെ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടാകേണ്ടത് ഏറെ അനിവാര്യമാണ്. നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമില്ലാതായാൽ ഈ ലോകത്തിലെ ഏറ്റം പരിഹസിക്കപ്പെടുന്ന വ്യക്തി നിങ്ങളായിരിക്കും എന്ന കൺഫ്യൂഷ്യസിന്റെ വാക്കുകൾ മറന്നുപോകരുത്. ഇന്നു വരെയുള്ള ജീവിതത്തിൽ നാം ചെയ്ത കാര്യങ്ങളെക്കാൾക്കൂടുതലുമുള്ളത് ചെയ്യാമെന്ന് പറഞ്ഞിട്ടും ചെയ്യാതെപോയ കാര്യങ്ങളാണെന്നതാണ് പരമാർത്ഥം. രാഷ്ട്രീയക്കാരുടെ പ്രകടനപത്രികപോലെ പൊള്ളയായ എത്രയോ വാഗ്ദാനങ്ങളാണ് നാമിങ്ങനെ പലർക്കായും നല്കിയിട്ടുള്ളത്? എത്രയോ പേരാണ് നാം കൊടുത്ത് നാം തന്നെ മറന്നുപോയ പല വാഗ്ദാനങ്ങൾക്കുമായി പ്രതീക്ഷയോടെ ഇന്നും കാത്തിരിക്കുന്നത്. മനുഷ്യരോട് മാത്രമോ ദൈവത്തോടും നാമെത്ര വാഗ്ദാനങ്ങളാണ് ചെയ്തിട്ടുള്ളത്? വി. മാമോദീസയിൽ- ഇനി നിന്റെ പുത്രനായി ജീവിക്കാമെന്ന് പറഞ്ഞ വാഗ്ദാനം, വി.വിവാഹത്തിൽ- അങ്ങ് സഭയെ സ്നേഹിച്ചതുപോലെ ഞാനും ചെയതുകൊള്ളാമെന്ന് പറഞ്ഞ വാഗ്ദാനം,വി.കുമ്പസാരത്തിൽ- ഇനി ഞാൻ ഇതാവർത്തിക്കില്ല എന്ന് പറഞ്ഞ വാഗ്ദാനം അങ്ങനെയെത്രയെത്രയെണ്ണം...? ക്രിസ്തു അതുകൊണ്ടാണ് നമ്മുടെ മുഖത്തുനോക്കിത്തന്നെ ഇപ്രകാരം പറഞ്ഞത്- ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുമെന്ന്. അവരൊക്കെ നമ്മുടെയത്ര കപടതയില്ലാത്തവർത്തന്നെയാണ്. ഒന്നുമല്ലെങ്കിൽ പള്ളിഭണ്ഡാരത്തിൽ ആത്മാർത്ഥതയോടെ നേർച്ചയിടുകയും തിരികത്തിക്കുകയും ചെയ്യുന്നവരെങ്കിലുമാണവർ. കാലവും മനുഷ്യരും മാനിച്ചില്ലെങ്കിലും ഇവരോയൊക്കെ മാനിക്കുവാനൊരു ക്രിസ്തുവുണ്ടെന്നതാണ് ആകെയുള്ളൊരാശ്വാസം.

## 2018 ഓഗസ്റ്റ് 19
## വാങ്ങിപ്പിനു ഒന്നാം ഞായർ
വി: മർക്കോസ് 10: 35 – 45

ക്രിസ്തുവിന് ഇടത്തും വലത്തും ഇരിക്കുവാനുള്ള സെബദിപുത്രൻമാരുടെ ആഗ്രഹപ്രകടനവും അതിനോടുള്ള ക്രിസ്തുവിന്റെ മറുപടിയുമാണ് പ്രതിപാദ്യം.

**ആഗ്രഹങ്ങളെല്ലാം എല്ലാവർക്കും ഹിതകരമാകണമെന്നില്ല.**

എല്ലാവരുടെയുമുള്ളിൽ ഒരു സാത്താനുണ്ട്. അതെപ്പോഴും സമയവും സാഹചര്യവും നോക്കാതെ സ്വന്തം കാര്യം നോക്കുവാൻ നമ്മെ വല്ലാതെ നിർബന്ധിച്ചുകൊണ്ടേയിരിക്കും. ക്രിസ്തുവിനൊപ്പമായിരിക്കുവാൻ വിളിക്കപ്പെട്ട പന്ത്രണ്ട് അപ്പോസ്തോലൻമാർ ഒരേപോലെ അവനിടവും വലവും ഉപവിഷ്ഠരാകുവാൻ യോഗ്യതയുള്ളവരാണ്. എന്നിട്ടും അവരിൽ രണ്ടുപേർ മറ്റു പത്തുപേരെ കടന്ന് അവനോടൊപ്പമാകുവാൻ ഒരാഗ്രഹം പ്രകടിപ്പിച്ചതുകൊണ്ടാണ് ആ പന്തിരുകുലത്തിൽ അല്പ്പസമയത്തേക്കെങ്കിലും ഒരു കലഹം രൂപപ്പെട്ടത്. ശിഷ്യത്വകൂട്ടായ്മയുടെ താളക്രമം തെറ്റിക്കുവാൻ ഈ ചോദ്യമിടയാക്കി. നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ ആയിരിക്കുന്ന കൂട്ടായ്മകളിൽ പല ആ

ഗ്രഹപ്രകടനങ്ങളും – അതെത്രനീതിയുള്ളതായാലും ചില പ്പോൾ അംഗീകരിക്കപ്പെട്ടു എന്ന് വരികയില്ല. കാരണം മർത്യചിന്ത ഒരേപോലെയല്ലല്ലോ. നാം ആർക്കും ഇടർച്ചയ്ക്കും കലഹത്തിനും കാരണമാകാതിരിക്കുമെങ്കിൽ അതാണ് ഏറ്റം മഹനീയമായ കാര്യം. ചിലയാഗ്രഹങ്ങൾ നമുക്കും നാഥനുമിടയിൽ രഹസ്യമായിത്തന്നെയിരിക്കട്ടെ. രഹസ്യങ്ങളറിയുന്ന തമ്പുരാൻ തക്ക സമയത്ത് ആഗ്രഹ പൂർത്തി വരുത്തട്ടെ.വഴിയാത്രാമദ്ധ്യേ ക്രിസ്തു യാതനാ പൂർണ്ണമായ തന്റെ പീഢാനുഭവത്തെക്കുറിച്ച് ശിഷ്യൻമാരോട് പങ്കുവെക്കുമ്പോൾ തന്നെ സെബദിമക്കൾ ഈ ആവശ്യം ഉന്നയിച്ചതിനെ വിവേകമില്ലാത്ത നടപടിയായി കാണുന്നതും തെറ്റല്ല. വാക്കുകളും ആഗ്രഹങ്ങളുമൊന്നുമരുത് എന്നല്ല അവസരങ്ങളും സാഹചര്യങ്ങളും എങ്ങനെയുള്ളത് എന്നതും പ്രധാനമത്രേ. വി.ക്രിസോസ്റ്റം പറയുന്നത് അത് കിരീടങ്ങൾക്കും സമ്മാനങ്ങൾക്കുമുള്ള സമയമാണെന്ന് അവർ തെറ്റിദ്ധരിച്ചുപോയി മത്സരം തുടങ്ങുന്നതിന്നുംമുമ്പേ അവർകിരീടങ്ങൾക്കും സമ്മാനങ്ങൾക്കുംവേണ്ടി യാചിച്ചു എന്നാണ്. ചിലപ്പോളെങ്കിലുമൊക്കെ നാമും അവരേപ്പോ ലെയായിപ്പോയിട്ടുണ്ട്. ആരും ഇതുവരെയും തിരുത്താത്ത തുകൊണ്ട് അറിഞ്ഞിട്ടില്ല എന്ന് മാത്രം.

**കഷ്ടതകളില്ലാതെ കസേരകളില്ല.**

സെബദിപുത്രൻമാർ ക്രിസ്തുവിനോട് അവന്റെ രാജ്യ ത്തിൽ സിംഹാസനങ്ങൾ ചോദിച്ചപ്പോൾ അവൻ അവരെ തന്റെ കാസായിൽ നിന്നും പാനം ചെയ്യുവാനായിട്ടാണ് ക്ഷണിക്കുന്നത്. അതായത് പീഢാസഹനങ്ങളിലേക്കാണ് ക്രിസ്തു അവരെ കൂട്ടിക്കൊണ്ട്പോകുവാനാഗ്രഹിക്കുന്ന തെന്ന് സാരം. There will be no crown without a cross എപ്പോഴും നമുക്കുണ്ടാവേണ്ടുന്ന ഒരു ബോധ്യമാണത്- സിംഹാസനസ്ഥിതരാകുവാനാഗ്രഹിക്കുന്നവരൊക്കെയും കുരി ശിന്റെ പാതയിൽ യാത്രചെയ്തേ മതിയാകൂ. വിക്ടർ ഹ്യൂഗോ കുറിക്കുമ്പോലെ മനുഷ്യനെ മാലാഖയാക്കുന്ന ഒന്നാണ് കഷ്ടത. we must embrace pain and burn it as fuel for our journey. ഇടയ്ക്ക് കണ്ണീരുപ്പുപുരട്ടാതെന്തിന് ജീവിത പലഹാരം എന്നൊക്കെ ഇടശ്ശേരി പാടിയതും ഇതു കൊണ്ടത്രേ. ആ ലോകത്തിലെ പ്രവേശനത്തിനായി ഈ പരദേശവാസത്തിൽ അൽപ്പമൊക്കെ സഹിക്കുവാനാകു ന്നതും കണ്ണുനീർ വീഴ്ത്തപ്പെടുന്നതും ഒരു ഭാഗ്യം തന്നെ യാണ്. അവന്റെ ശിഷ്യരാകുവാൻ വിളിക്കപ്പെട്ടവർക്ക് ഈ സങ്കടകാലങ്ങൾ അല്പം കൂടുതലായിരിക്കുമെന്ന് മാത്രം. അവരുടെ കണ്ണുനീർ ഒരുപക്ഷേ ലോകത്തിന് പറഞ്ഞുചി രിക്കാൻ പോരുന്നതായിരിക്കാം-ആദിമ രക്തസാക്ഷിയായ സ്തേഫാനോസ് മുതലുള്ളവരുടെ കണ്ണുനീരുകളോട് കാലം അങ്ങനെതന്നെയാണല്ലോ പ്രതികരിച്ചത്. പക്ഷേ പരിശുദ്ധ റൂഹാ ഇതാ അവർക്കായി കണ്ണീരില്ലാത്ത ലോകത്ത് കിരീട ങ്ങൾ മുടയുന്നു. ദൈവമേ സഹനങ്ങളിലേക്കെന്നെ നയി ക്കേണമേ. സഹിപ്പാനുള്ള കൃപ നല്കണേ.....

## 2018 ഓഗസ്റ്റ് 26
## വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ
വി: ലൂക്കോസ് 11: 9 – 20

പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ എന്നഭ്യർത്ഥിച്ച ശിഷ്യൻമാരെ പ്രാർത്ഥന പഠിപ്പിച്ചതിനുശേഷം നല്കുന്ന നിർദ്ദേശങ്ങളാണ് ഈ വേദഭാഗത്തിന്റെ ഉള്ളടക്കം.

**അനസ്യൂതം തുടരേണ്ടുന്ന മൂന്ന് കർമ്മങ്ങൾ**

തന്റെ മക്കൾക്ക് നല്ല ദാനങ്ങൾ മാത്രം നല്കുവാൻ ഉൽസുകനായ വാൽസ ല്യവാനായ ഒരു പിതാവിനോടാണ് ക്രിസ്തു തന്നെത്തന്നെ ഉദാഹരിക്കുന്നത്. ഈ പിതാവിൽ നിന്നും നല്ല ദാനങ്ങൾ സ്വീകരിക്കുവാൻ നമുക്ക് വേണ്ടുന്ന ഗുണങ്ങളാകട്ടെ മുടങ്ങാത്ത യാചനയും അന്തമില്ലാത്ത അന്വേഷണവും മടികൂടാതെയുള്ള വാതിലിൽ മുട്ടും തന്നെ. സ്വർഗ്ഗരാജ്യത്തിന്റെ വാതി ലുകളിൽ പ്രാർത്ഥനയോടുകൂടി യാചന സമർപ്പിക്കു വാനും ഉചിതമായി ജീവിച്ചുകൊണ്ട് അന്വേഷണം നട ത്തുവാനും വിശ്വാസത്തിൽ നിലനിന്നുകൊണ്ട് മുട്ടിത്തു റക്കുവാനും നമുക്കാവണം.

എത്ര കരുത്തേറിയ ഉറപ്പാണ് ക്രിസ്തു തന്നെത്തേടു ന്നവർക്ക് നൽകുന്നത്. എന്നിട്ടും പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതെന്താണെന്നുള്ള ചോദ്യവുമായി ധ്യാനംകൂടി നടക്കുകയാണ് മാലോകർ. ക്രിസ്തുവിന്റെ ഈ പഠിപ്പിക്കലിലിൽ വേറൊരു അർത്ഥം കൂടിയുണ്ട്. വി. സിറിൽപ്പിതാവു പറയുന്നത് നിന്റെ രാജ്യം വരണ മേയെന്ന് യാചിക്കുവാനും അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാനും അവന്റെ രണ്ടാം വരവിൽ കരുണ യുടെ വാതിലിൽ മുട്ടുവാനുമുള്ള ആഹ്വാനമാണ് ക്രിസ്തു നല്കിയതെന്നാണ്. നമ്മുടെ യാചനകളും അന്വേഷണങ്ങളും മുട്ടലുകളുമെല്ലാം ഇന്നും ഈ മണ്ണി നെയും മാണിക്യത്തെയും പ്രതിതന്നെയാണ്. സ്തുതിയും സ്തോത്രവും പ്രാഭവവും പുകഴ്ചയും ഇടവിടാതെ കരേ റ്റുവാൻ അടിയങ്ങൾ യോഗ്യരാകണമേ എന്ന് പ്രാർത്ഥി ക്കുന്ന നാവുകൊണ്ട് അതേ സമയം തന്നെ എത്ര വലിയ ആവശ്യഭാരങ്ങളാണ് നാം ഉയരത്തിലേക്ക് കയറ്റി വിടു ന്നത്. ഭൗമികമായ ആവശ്യങ്ങളും ആവലാതികളും പരാ തിപറച്ചിലുകളുമൊഴിവാക്കിയാൽപ്പിന്നെ നമ്മുടെ പ്രാർത്ഥ നകളിൽ അവശേഷിക്കുന്നത് എന്താണ്?. പ്രാർത്ഥി ക്കുവാൻ ഓരോ കാരണങ്ങളുണ്ടാവണമെന്നത് അഗർബ ത്തിയുടെയൊക്കെ പരസ്യവാചകമാണ്. നമുക്ക് പ്രാർത്ഥി ക്കുവാനുള്ള ഏക കാരണമേ ഉള്ളൂ അതാകട്ടെ നാളു കൾക്കുമുമ്പ് നാഥൻ നിശ്ചയിച്ച് തന്നിട്ടുള്ളതുമാണ്- നിന്റെ രാജ്യം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആക ണമേ എന്നത് തന്നെ. ഈ വേദഭാഗത്ത് ക്രിസ്തു തുടർന്ന് പറയുന്നത് അന്തഛിദ്രങ്ങളെക്കുറിച്ചാണ്.

അന്തഛിദ്രങ്ങൾ ആരെയും തകർക്കുന്നതാണ്. എത്ര പ്രബലമായ രാജ്യവും പ്രബലരായ വ്യക്തികളും അന്ത ഛിദ്രങ്ങളാൽ തകർന്നുവീഴും. സഭയുടെ കാര്യത്തിലും ഇത് സത്യം തന്നെയാണ്. ഓരോരുത്തരുടെയും വീഴ്ച കൾ ആഘോഷങ്ങളാക്കി മാറ്റുന്ന പ്രവണതയും സ്ഥാനത്തും അസ്ഥാനത്തും ചേലില്ലാത്ത അഭിപ്രായ ങ്ങൾ തള്ളികയറ്റുന്ന രീതികളും കേവലം മറുതലിപ്പായല്ല അന്തഛിദ്രമായിട്ട് തന്നെകാണേണ്ടതാണ്. ഇന്ന് കാണുന്ന ശ്രേഷ്ഠമായ പലതിന്റെയും ആരംഭകരാകുവാൻ നമുക്ക് കഴിഞ്ഞില്ല. അന്തഛിദ്രം കൊണ്ട് അതിന്റെ അവസാനം കുറിക്കുവാൻ നാം നിമിത്തങ്ങളാകാതിരിക്കട്ടെ.

If we dont end war,war will end us.

## 2018 സെപ്റ്റംബർ 2
## വാങ്ങിപ്പിനു ശേഷം മൂന്നാം ഞായർ
വി: മത്തായി 17: 22 – 27

ക്രിസ്തു തന്റെ പീഡാനുഭവത്തെക്കുറിച്ചും മരണത്തെക്കുറിച്ചും മുൻകൂട്ടി പ്രസ്താവിക്കുന്നതും നികുതി അടയ്ക്കുവാൻ വേണ്ടി മത്സ്യത്തിന്റെ വായിൽ നിന്നും ദ്രഹ്മ എടുക്കുന്നതുമാണ് വേദഭാഗ പശ്ചാത്തലം.

**മരണമുഖത്തും പ്രത്യാശയോടെ**

ഏറെ കുലീനമായിട്ടാണ് ക്രിസ്തു ഈ വാഴ്‌വിൽ ജീവിച്ച് നീങ്ങിയത്. മരണബോധ്യവും തന്റെ ആഗമനോദ്ദേശ്യവും ഒരുമാത്രപോലും മറക്കാതിരിക്കുവാൻ അവൻ ശ്രദ്ധിച്ചു. താൻ വധിക്കപ്പെടുമെന്നറിഞ്ഞിട്ടും വധിക്കുവാൻ തക്കം പാർത്തിരുന്നവരുടെ മുഖത്തേക്ക് നോക്കി പുഞ്ചിരിയോടെ ജീവിക്കുവാൻ ക്രിസ്തുവിനല്ലാതെ വേറെ ആർക്കാണ് കഴിയുക. ഒരു ദർശനത്തിന്റെ ലാവണ്യം എപ്പോളും ക്രിസ്തുവിനൊപ്പമുണ്ടായിരുന്നു. താൻ കൊല്ലപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്ന സ്വത്വബോധ ദർശനം. പരിഹസിക്കപ്പെടുമ്പോളും ബഹുമാനിക്കപ്പെടുമ്പോളും ഈ ചിന്ത അവനൊപ്പം ഉണ്ടായിരുന്നു. ജീവിത നിയോഗം മനസ്സിലാക്കി മുന്നേറുവാൻ സാധിച്ചാൽ വീശിയടിക്കുന്ന കാറ്റിൽ പറന്നുപോകുന്ന പതിർപോലെ നാം ആകില്ല. കാറ്റിനൊപ്പം സഞ്ചരിക്കാത്ത വ്യക്തമായ നിലപാടുള്ള ഉൾക്കാമ്പിന്റെ ഊർജ്ജത്തിൽ ജീവിക്കുന്ന കതിരായി നാം രൂപാന്തിരപ്പെടും. ഭൗമികമായുള്ള നമ്മുടെ ജീവിത ലക്ഷ്യങ്ങൾ വിഭിന്നങ്ങളായിരിക്കാം. ആത്മീയമായും ആത്യന്തികമായും ലക്ഷ്യം ഒന്നേയുള്ളു- അവനോടൊപ്പമുള്ള വാസവും ആനന്ദവും.

**നിയമങ്ങൾ നിലനിൽക്കട്ടെ**

ആത്മീയ ജീവിതത്തിന് സ്വന്തജീവിതംകൊണ്ട് ഒരു വ്യവസ്ഥയും നിയമവും കാണിച്ചുതന്നവൻ ലോക നിയമങ്ങളോട് മറുതലിക്കാത്തത് ഉദാത്ത മാതൃക തന്നെയാണ്. നാം അവർക്ക് ഇടർച്ചവരുത്താതിരിക്കുവാൻ നികുതി കൊടുക്കുക എന്നതാണ് അവന്റെ പഠിപ്പിക്കൽ. ക്രിസ്തീയ ജീവിതത്തിന്റെ ഒരു ലക്ഷ്യവും ഇതുതന്നെയാണ്. വാഗ്വാദങ്ങളും വഴക്കുകളും ഒഴിവാക്കി ഇടർച്ചകൾക്ക് കാരണമാകാതിരിക്കുക. ഇതിനർത്ഥം സമൂഹത്തിലെ നീതിരഹിതമായ നിയമങ്ങളോട് സമരസപ്പെടണം എന്നല്ല മറിച്ച് നിലവിലിരിക്കുന്നതും ഏവരും അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥതയുള്ളതുമായ നിയമങ്ങളോട് കലഹിക്കുവാൻ കൂട്ടാക്കരുത് എന്നതാണ്.

**വർദ്ധിപ്പിക്കാത്ത നാണയം**

എല്ലാ അത്ഭുതങ്ങളും സമൃദ്ധിയിൽ ചെയ്ത ക്രിസ്തു നികുതിപ്പണത്തിന്റെ കാര്യത്തിൽ ധാരാളിയാകുന്നില്ല എന്ന പ്രത്യേകതയും ഈ വേദഭാഗം അനാവരണം ചെയ്യുന്നുണ്ട്. തനിക്കും പത്രോസിനും കൊടുക്കുവാനുള്ള ദ്രഹ്മപ്പണം മാത്രമേ മത്സ്യത്തിൽ നിന്നും ലഭ്യമാക്കുന്നുള്ളു. ഇത് നമ്മെ ചിന്തിപ്പിക്കേണ്ടത് തന്നെയാണ്. സമ്പത്തിന്റെ വ്യയം ആഡംബരത്തിനും ആഘോഷത്തിനുമായി മാറ്റുന്ന പണക്കൊഴുപ്പിന്റെ മേളങ്ങളോട് ക്രിസ്തു അകലം പാലിച്ചതിന്റെ പ്രത്യക്ഷ അടയാളമാണിത്. പണം വിഴുങ്ങിയ ജീവിതങ്ങളാകുവാനല്ല നമ്മുടെ വിളിയും നിയോഗവുമെന്ന് വല്ലപ്പോഴുമൊക്കെ ഓർക്കുന്നത് നല്ലതാണ്. വെള്ളപ്പൊക്കമുണ്ടായപ്പോൾ നമ്മുടെ പണമല്ല പലരുടെയും പാണികളാണ് നമ്മിൽപ്പലരെയും നിലനിർത്തിയത്. അദ്ധ്വാനത്തിന്റെ പക്വഫലം അനുഭവിക്കുവാനാണ് ജീവിതങ്ങൾ എന്ന പാഠം ബോധ്യപ്പെടുത്തുവാൻ വേണ്ടിയാണ് കേവലം ഒരു വാക്കുകൊണ്ട് സൗഖ്യം വരുത്തുവാൻ കഴിവുള്ളവൻ പത്രോസിനെക്കൊണ്ട് ഇത്ര അദ്ധ്വാനിപ്പിച്ചത് എന്നും വി.സിറിൽപറയുന്നുണ്ട്. വിയർപ്പോടെ ഉപജീവനം കഴിക്കുവാനാകുന്നതും ഒരു കല്പനയുടെ പൂർത്തീകരണം തന്നെയാണ്.

## 2018 സെപ്റ്റംബർ 9
## വാങ്ങിപ്പിനു ശേഷം നാലാം ഞായർ
**വി: മർക്കോസ് 6: 1 – 6**

ക്രിസ്തുവിന്റെ ജ്ഞാനവും വീര്യപ്രവർത്തികളും കണ്ടിട്ട് വംശീയമായി അവനെ അധിക്ഷേപിക്കുവാൻ ഭാവിക്കുന്ന പരിചയക്കാരുടെയും ചാർച്ചക്കാരുടെയും സംഭാഷണങ്ങളും അതിനോടുള്ള ക്രിസ്തുവിന്റെ മറുപടിയുമാണ് പ്രതിപാദ്യം.

**പരഹിംസ കൊതിക്കുന്ന പരിഹാസങ്ങൾ**

ചില മനുഷ്യരിങ്ങനെയാണ് അവർക്കാരെയും അംഗീകരിക്കാനാവില്ല. അംഗുലപ്പുഴുവിനെപ്പോലെ എല്ലാവരു


30th Death Anniversary
(11-08-2018)



ANNAMMA CHACKO

ARPIL

AREEPPARAMBU

*Inserted by*

V. C. Kuriakose and Annamma Eapen

Children



**ST. MARY'S EMBROIDERY**

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു



ഇറ്റലിയിലെ ബാരിയിൽ 2018 ജൂലൈ ഏഴിനു നടന്ന പ്രാർത്ഥനാ സംഗമത്തിൽ സംബന്ധിച്ച സഭാ തലവന്മാർ ഇടത്തുനിന്ന്: ഇബ്രാഹിം ഇസഹാക് സിദ്രാക് (അലക്സന്ത്രിയായിലെ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ്), മാർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് (സുറിയാനി ഓർത്തഡോക്സ് സഭ), എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയാ ഒന്നാമൻ (കോൺസ്റ്റന്റീനോപ്പിൾ), പോപ്പ് ഫ്രാൻസിസ്, പോപ്പ് തെവദ്രോസ് രണ്ടാമൻ (കോപ്റ്റിക് ഓർത്തഡോക്സ് സഭ), പോപ്പ് തിയഡോറോസ് രണ്ടാമൻ (അലക്സന്ത്രിയായിലെ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ്), മാർ ഗീവർഗീസ് മൂന്നാമൻ സ്ലീവാ പാത്രിയർക്കീസ് (അസിറിയൻ സഭ), എന്നിവർ ക്രൈസ്തവ ലോകത്ത് പോപ്പ് എന്നറിയപ്പെടുന്ന മൂന്നു സഭാതലവന്മാരും ഒരുമിച്ചു കൂടിയ അപൂർവ്വ നിമിഷം.

ടെയും നീളവും വീതിയുമിങ്ങനെ അളന്നുകൊണ്ടേയിരിക്കും. അപരൻ മാനസ്സികമായി തളരുകയും വേദന അനുഭവിക്കുകയും ചെയ്യണമെന്നല്ലാതെ വേറൊരു ലക്ഷ്യവും അതിനുപിന്നിലുണ്ടാവുകയുമില്ല. ക്രിസ്തുവിനെ അളക്കുവാനിറങ്ങിയവരുടെ വിവരണങ്ങൾ സുവിശേഷത്തിലിത് ആദ്യമല്ല. അളന്നവരെല്ലാം വിസ്മൃതിയിലും അളക്കപ്പെട്ടവൻ ജനമനസ്സുകളിലും സജീവമായി നിലകൊള്ളുന്നു. എല്ലായിടങ്ങളിലും ഒരുവന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെയാണ്. നമ്മുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കുവാൻ നാം അധികമായി മിനക്കിടേണ്ടകാര്യമില്ല അതിനായി കുറെ ബന്ധുക്കളെയും സുഹൃത്തുക്കളെയും ആക്കിവെച്ചിട്ടുണ്ട് എന്ന് പറയുന്നത് പരമാർത്ഥമാണ്. നമ്മിലേറിയപങ്ക് ആളുകളും അംഗീകരിക്കപ്പെടാതെപോകുന്നത് സ്വന്തം വീട്ടിൽ തന്നെയാണല്ലോ. അതുകൊണ്ടാണ് പറയുന്നത് ഒരുവന്റെ വീട് ഒരുവനെ വേദനിപ്പിക്കുന്നത് പോലെ വേറെ യാതൊന്നും ഒരുവനെ വേദനിപ്പിക്കില്ല;ഒരുവന്റെ വീട് ഒരുവനെ സന്തോഷിപ്പിക്കുന്നത്പോലെ വേറെ യാതൊന്നും ഒരുവനെ സന്തോഷിപ്പിക്കില്ല എന്ന്.

അപരന്റെ വളർച്ചയിലുള്ള അസൂയയാണ് പലപ്പോഴും പരിഹാസങ്ങൾ പറയുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. അസൂയപെരുത്ത കായേൻ തുടങ്ങിവെച്ച കർമ്മം ചരിത്രത്തിലിന്നും നിലകൊള്ളുകയാണ്. ആത്മീയരെന്നഭിമാനിക്കുന്നവർപ്പോലും ഇതിൽ നിന്നും വിമുക്തരല്ല. ദൈവം വളർത്തിയവരെയും ഉയർത്തിയവരെയും കിംവദന്തികളാൽ താഴെയിറക്കാൻ ശ്രമിക്കുന്നതും ഇകഴ്ത്തുവാൻ പരിശ്രമിക്കുന്നതും ദൈവനിന്ദതന്നെയാണ് എന്ന സത്യം മറക്കരുത്.

ക്രിസ്തു എത്ര ചേതോഹരമായാണ് ഇവരുടെ ആക്ഷേപങ്ങളോട് പ്രതികരിച്ചത്- ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെയിടയിലും സ്വന്തഭവനത്തിലുമല്ലാതെ ബഹുമാനമില്ലാത്തവനല്ല എന്ന ക്രിസ്തുമൊഴിയിൽ സകലതും അടങ്ങിയിട്ടുണ്ട്. പരിഹാസങ്ങളോട് പ്രതികരിക്കുന്നതിനും ഒരു നയം ആവശ്യമായിരിക്കുന്നു. ആകയാൽ ക്രിസ്തുവിലുള്ള ഭാവം നിങ്ങളിലുമുണ്ടായിരിക്കട്ടെ എന്നൊക്കെപ്പറയുന്നത് ഈ പ്രതികരണത്തെക്കുറിച്ചൊക്കെക്കൂടിയാണ്. കൈയ്യിൽ തുപ്പൽ വീഴ്ത്തിയവരോട് ഇത് എനിക്കുള്ളത് ഇനി എന്റെ മക്കൾക്കുള്ളത് തരിക എന്ന് പറഞ്ഞ മദറിനെയൊക്കെ ഭരിച്ചിരുന്നത് ക്രിസ്തുവിന്റെ ആത്മാവാണ് എന്ന് ഇപ്പോൾ നമുക്ക് വ്യക്തമാകുന്നുണ്ടല്ലോ. ■

In Ever Loving Memory of

**6th Death Anniversary, 26-6-2018**

**11th Death Anniversary, 12-8-2018**



**MARIAMMA**

**Madathanil,**
Maalam, Kottayam

By Sorrowing Family



**KURUVILLA MATHEN**
(Pappachy)

# വെളിപ്പാടു പുസ്തകം

**(അഖില മലങ്കര മർത്തമറിയം വനിതാസമാജ പരീക്ഷാർത്ഥികൾക്കുവേണ്ടി തയ്യാറാക്കിയത്)**

■ ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

അദ്ധ്യായം 17-ൽ 'മഹാവേശ്യയേയും' 'മൃഗത്തേയും' കുറിച്ച് പ്രതിപാദിക്കുന്നു. സാമ്രാജ്യത്തിന്റെ തലസ്ഥനാമായ റോമാ നഗരത്തെയാണ് മഹാവേശ്യയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ബാബിലോണിലേയും റോമിലേയും നദികളുടെ മേൽ (പെരുവെള്ളം) ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി റോമാ നഗരത്തിന്റേതാണെന്ന് വെളിപാട് 17:1-2 വാക്യങ്ങളിൽ കൂടിയും സൂചിപ്പിക്കുന്ന രണ്ട് അഭിപ്രായഗതികളുണ്ട്. റോമാനഗരം ദൈവത്തിനും സഭയ്ക്കുമെതിരായും വർത്തിക്കുന്നു. അന്യദൈവവിശ്വാസവും വിഗ്രഹാരാധനയുമാണ് വേശ്യാവൃത്തിയെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. (യെശ. 20:20-31; യെസക്കി:16) ലജ്ജാഹീനമായ അഹന്തയും തിന്മയും നിറഞ്ഞ ജീവിത രീതിയിലുള്ള ഈ റോമൻ നഗരത്തെ മറ്റു രാജ്യങ്ങളും പട്ടണങ്ങളും ഏറ്റെടുത്തപ്പോൾ വേശ്യയോടുള്ള സംഗമത്തിനു തുല്യമായി തീർന്നു. ഭൂരാജാക്കന്മാർ വേശ്യാവൃത്തി ചെയ്തു എന്നു പറഞ്ഞാൽ അന്യദേവന്മാരെ ആരാധിച്ചുവെന്നാണ് വിവക്ഷിക്കുന്നത്. (യെരമ്യാ. 3; യെസക്കി: 16:23).

ഏഴു തലയും പത്തു കൊമ്പും, കടുംചുവപ്പുള്ള മൃഗത്തിന്മേൽ (സാത്താൻ) ഇരിക്കുന്ന സ്ത്രീ (17:1,8) റോമാ നഗരം തന്നെയായിരിക്കാം. മൃഗമെന്നത് നീറോ ചക്രവർത്തിയാണെന്നും, നീറോയുടെ കാലത്തു നടന്ന പീഡനത്തെ ക്രിസ്തീയ പശ്ചാത്തലം നൽകി വ്യാഖ്യാനിച്ചിരിക്കയാണെന്നും ചരിത്രകാരന്മാർ പറയുന്നു. രാജത്വത്തിന്റെ പ്രതീകമായ ധൂമ്ര വർണ്ണമുള്ള വസ്ത്രവും (ന്യായാ. 8:26, ദാനി. 5:7) നാടകീയതയുടെ നിറമായ ചുവപ്പുള്ള വസ്ത്രവും ധരിച്ച് പൊന്നും, വെള്ളിയും, മുത്തുമുള്ള ആഭരണങ്ങൾ അണിഞ്ഞ്, വിഗ്രഹാരാധന, അശുദ്ധി, മ്ലേഛത എന്നീ ആത്മീക അശുദ്ധതകൾ നിറഞ്ഞ സ്വർണ്ണപാനപാത്രം കൈയ്യിൽ വഹിച്ചിരിക്കുന്ന ഒരു സ്ത്രീയാണ് മൃഗത്തിന്മേൽ ഇരിക്കുന്നത്. ഭൂലോകത്തെ മുഴുവൻ അശുദ്ധമാക്കുന്ന ബാബിലോൺ എന്ന സ്വർണ്ണ പാനപാത്രം ദൈവത്തിന്റെ കരങ്ങളിൽ ഇരിക്കുന്നതായി യിരമ്യാവ് 51:7ൽ രേഖപ്പെടുത്തിയിരിക്കുന്നു. വെളിപാടു പുസ്തകത്തിൽ അറിയപ്പെട്ടിരുന്ന "മഹതിയാം ബാബിലോൺ" വേശ്യമാരുടെയും മ്ലേഛരതകളുടെയും മാതാവ് എന്ന് ആ സ്ത്രീയുടെ നെറ്റിയിലും എഴുതിയിരുന്നു. വിശുദ്ധിയുടെയും രക്തസാക്ഷിയുടെയും രക്തം കുടിച്ച് അവൾ ഉന്മത്തമയമായിരിക്കുന്നു.

പുരാതന റോമാനഗരം ഏഴു മലകളിലാണ് പണിയപ്പെട്ടിരുന്നതെന്നും, ഏഴു തലകൾ റോമാ സമ്രാജ്യത്തിലെ ചക്രവർത്തിമാരെയാണ് സൂചിപ്പിക്കുന്നതെന്നും 10 കൊമ്പ് റോമാസാമ്രാജ്യത്തനു അഥവാ സാത്താനു ശക്തി നൽകന്ന 10 ചക്രവർത്തിമാരായിരിക്കുമെന്നും വ്യാഖ്യാനമുണ്ട്. 10, 11 വാക്യങ്ങളിൽ പറയുന്ന വീണുപോയ രാജാക്കന്മാർ, ഔഗുസ്തോസ്, ലൈബീരിയസ്, കാലിഗുല ക്ലൗഡിയസ്, നീറോ എന്നിവരും, ആറാമത്തെ ആൾ വെസ്പേഷ്യനും (AD 69-79) മറ്റവൻ ഇതുവരെ വന്നിട്ടില്ലാ എന്നുള്ളത് തീത്തൂസ് ചക്രവർത്തിയെക്കുറിച്ചും (AD 79-81) ആണെന്നാണ് വിവക്ഷ. എട്ടാമത്തവനുമായ മൃഗം, മരിച്ചതിനു ശേഷം വീണ്ടും ജീവനിലേക്ക് തിരിച്ചു വരുന്ന നീറോ ചക്രവർത്തിയുമാണെന്ന് വിവക്ഷ.

പത്തുരാജാക്കന്മാർ രാജത്വം പ്രാപിച്ചതിനു ശേഷം അവരുടെ ശക്തിയും അധികാരവും മൃഗത്തിന് ഏൽപ്പിച്ചു കൊടുക്കുവാൻ ദൈവം അവരുടെ ഹൃദയങ്ങളിൽ തോന്നിപ്പിക്കുകയും, ഏഴുതലയും പത്തുകൊമ്പുമുള്ള മൃഗത്തിന്മേൽ ഇരുന്ന സ്ത്രീയെ കൊമ്പുകളും മൃഗവും ദ്വേഷിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ മാംസം തിന്നുകയും തീ കൊണ്ട് ദഹിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് മൃഗവും രാജാക്കന്മാരും, കർത്താധി കർത്താവും രാജാധിരാജാവുമായ കുഞ്ഞാടിനോടും വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായ വിശുദ്ധന്മാരോടു യുദ്ധം ചെയ്യുകയും കുഞ്ഞാടു വിജയിക്കുകയും ചെയ്യുന്നു. റോമാ സാമ്രാജ്യത്തെ അനുകൂലിച്ചവരെല്ലാം അവസാനം അതിനെതിരായി തിരിയുകയും അതിനെ തോൽപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തീയ രക്തസാക്ഷികളുടെ വിജയവും, റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടവരുടെ അഥവാ ബാബിലോണിന്റെ അധഃപതനവും ഒരു വിലാപഗീതമായി 18-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. ദുർഭൂതങ്ങളുടെ പാർപ്പിടവും, സകല അശുദ്ധാത്മാക്കളുടെയും തടവറയും, അശുദ്ധിയും അറപ്പുമുള്ള പക്ഷികളുടെ കൂടുമാണ് ബാബിലോൺ. റോമാക്കാർ തങ്ങളുടെ അധികാര പ്രമത്തതകൊണ്ട് ലോകത്തെ ആകർഷിക്കുകയും നിയന്ത്രിക്കുകയും ചെയ്തുവെന്നാണ് വേശ്യാവൃത്തിയുടെ ക്രോധ മദ്യമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഭൂമിയിലെ രാജാക്കന്മാരും വ്യാപാരികളും റോമായുമായി ബന്ധപ്പെട്ട് ധനികരാവുകയും ധിക്കാരപരമായ ആഡംബരത്താൽ പാപത്തിൽ വീഴുകയും സത്യദൈവത്തിൽ നിന്ന് അകന്നുപോവുകയും ചെയ്തു. പ്രതികാര ചിന്ത പ്രകടമാണെങ്കിലും, നീതിമാനായ ദൈവം അനീതിയുള്ള ഘടനകളെ ന്യായം വിധിക്കുന്നതിലൂടെ "ദൈവത്തിന്റെ നീതി" എന്നുള്ള പ്രധാന പ്രതിപാദ്യ വിഷയത്തിലേയ്ക്ക് 18-ാം അദ്ധ്യായം വിരൽ ചൂണ്ടുന്നു.

ദൈവം വെളിച്ചമാകുന്നു (4:3) ആ വെളിച്ചത്തിൽ നിന്നും വരുന്ന ദൂതനും വെളിച്ചമുള്ളതിനാൽ (പുറ. 34:29-35) ഭൂമി പ്രകാശിച്ചു. ആ ദൂതൻ ബാബിലോണിന്റെ വീഴ്ചയെകുറിച്ചും, ദൈവത്തിന്റെ ജനം ബാബിലോണിന്റെ ബന്ധത്തിൽ നിന്നും വിട്ടുപോകുവാനുമുള്ള ആഹ്വാനമാണു നൽകുന്നത്. താൻ വിധവയല്ല, രാജ്ഞിയാണെന്നാണ് ബാബിലോൺ പ്രഖ്യാപിക്കുന്നത്. ഉല്പ. 11:4-ൽ ബാബേലിനെ അനുസ്മരിക്കുമ്പോൾ, അവളുടെ പാപം ആകാശത്തോളം എത്തിയിരിക്കുന്നുവെന്നു കാണാം. 17:8-ൽ ഒരു ദിവസം കൊണ്ട് ബാബിലോണിനുണ്ടാകുന്ന ന്യായവിധിയെക്കുറിച്ച്-മരണം, ദുഃഖം, ക്ഷാമം-സൂചിപ്പിക്കുന്നു. അഗ്നി കൊണ്ട് ദൈവം നഗരത്തെ നശിപ്പിക്കുന്നതിനാൽ എല്ലായിടവും പുക കൊണ്ട് നിറഞ്ഞു. രാഷ്ട്രീയവും സാമ്പത്തികവുമായ സുരക്ഷിതത്വം തകർന്നതിനാൽ ഭൂരാജാക്കന്മാർ വിലപിക്കുന്നു. സുഖലോലുപതയിലും മ്ലേഛതയിലും,

ചക്രവർത്തി ആരാധനയിലും ജീവിച്ചിരുന്ന രാജാക്കന്മാർ ധാർമ്മിക മൂല്യങ്ങൾക്ക് വില കല്പിക്കാത്തതിനാൽ ബലവത്തായ നഗരത്തിന്റെ വീഴ്ചയിൽ അയ്യോ എന്നു നിലവിളിക്കുന്നു. വ്യാപാരികൾ തങ്ങളുടെ വ്യാപാരം തകർന്നതിനാൽ വിലപിക്കുന്നു. സുഖഭോഗ വസ്തുക്കളുടെ വിവരണത്തിൽ 29 ഇനങ്ങൾ വെളിപാടു പുസ്തകത്തിലുണ്ടെങ്കിലും 'രഥ' ത്തെക്കുറിച്ച് യെസക്കിയേൽ പ്രവചനത്തിൽ കാണുന്നില്ല (യെസക്കി. 27:12-24). റോമാക്കാർ പിടിച്ചടക്കിയ ദേശങ്ങളിൽ നിന്ന് അവർ ജനങ്ങളെ അടിമകളാക്കിയെടുത്ത് ചക്രവർത്തിമാരുടെ രാജസഭകളിൽ ദാസ്യവൃത്തിയായി നിറുത്തുവാനും റോമിലുള്ള ധനികരായ നേതാക്കന്മാരുടെ ഭവനങ്ങളിൽ ദാസ്യവേല ചെയ്യിക്കുവാനുമായി കൊണ്ടു വന്നിരുന്നു. ഇവരെയാണ് "മാനുഷ ദേഹം" എന്നു വിവക്ഷിക്കുന്നത്. റോമിലെ നേതാക്കന്മാർക്കും ജനക്കൂട്ടത്തിനും ഹാസ്യമാകുവാൻ വിനോദരംഗത്തുള്ളിൽ മത്സരിക്കുവാനും മരിക്കുവാനുമായി വിധിക്കപ്പെട്ട മനുഷ്യരെയാണ് "മാനുഷ പ്രാണൻ" എന്നു വിവക്ഷിക്കുന്നത്. ബാബിലോണിന്റെ വീഴ്ചയിൽ നാവികരും തലയിൽ പൂഴിവാരിയിട്ടുകൊണ്ട് വിലാപഗീതം പാടുന്നു.

ബാബിലോണിന്റെ പതനത്തിന്റെ പ്രധാന കാരണങ്ങൾ, സകല ജാതികളെയും ക്ഷുദ്രത്താൽ വശീകരിക്കുകയും, പ്രവാചകന്മാരെയും വിശുദ്ധന്മാരെയും കൊന്നുകളയുകയും ചെയ്തതാണ്. ദൈവനീതിയുള്ള വിജയത്തിൽ, വിശുദ്ധന്മാരും, അപ്പോസ്തലന്മാരും, പ്രവാചകന്മാരും ആഹ്ലാദിക്കുന്നു. 18 ന്റെ 20-ാം വാക്യം വിശുദ്ധന്മാരുടെ വിജയത്തിന്റെ ഗീതമെന്ന് അറിയപ്പെടുന്നു. യാഗപീഠത്തിന്റെ കീഴിൽ കണ്ട അറുക്കപ്പെട്ടവരുടെ ആത്മാക്കളുടെ പ്രാർത്ഥനയ്ക്കുള്ള (വെളി. 6:9-11) മറുപടി ലഭിച്ചതിനാലാണ് സ്വർഗ്ഗം ആഹ്ലാദിക്കുന്നത്. തിരികല്ല് സമുദ്രത്തിൽ വീഴുന്നതു പോലെയാണ് പെട്ടെന്ന് നഗരത്തിനു നാശം സംഭവിച്ചത്. വിളക്കിന്റെ വെളിച്ചം നഷ്ടപ്പെട്ടു ഗാർഹിക പ്രയത്നത്തിന്റെ ശബ്ദം നിലച്ചു. വ്യാപാരികൾ, വാദ്യക്കാർ, കുഴലൂത്തുകാർ, കാഹളക്കാർ എന്നിവരാലുള്ള മുഖരിതമായ അവസ്ഥ നിന്നുപോയി. നഗരത്തിന്റെ സുരക്ഷിതത്വം നഷ്ടപ്പെട്ടു.

19-ാം അദ്ധ്യായം ഒരു സ്വർഗ്ഗീയ ആരാധനയെ സൂചിപ്പക്കുന്നു. റോമിന്റെ പതനത്തെക്കുറിച്ചുള്ള മഹാസന്തോഷമല്ല, പിന്നയോ ക്രിസ്തുവിന്റെ രാജ്യം സ്ഥാപിതമായിരിക്കുന്നുവെന്നതാണ് സന്തോഷകാരണം. "യഹോവയ്ക്ക് മഹത്വം അഥവാ സ്തുതി" (Praise the Lord) എന്നർത്ഥം വരുന്ന എബ്രായ പ്രയോഗത്തിന്റെ യവന പരിഭാഷയാണ് ഹാലേലൂയ്യാ. പുതിയ നിയമത്തിൽ വെളിപാട് 19:1,3,4,6 ഈ വാക്യങ്ങളിൽ മാത്രമേ ഈ പദം കാണുന്നുള്ളൂ. യരുശലേം ദൈവാരാധനയിൽ ഈ വാക്ക് ഉപയോഗിച്ചിരുന്നു (സങ്കീ. 104-106; 111-118; 134,135, 145-150). ദൈവത്തിന്റെ ന്യായവിധികൾ സത്യവും നീതിയുള്ളതുമാകുന്നു. 24 മൂപ്പന്മാരും 4 ജീവികളും 'അപ്രകാരം' എന്നർത്ഥമുള്ള ആമ്മേൻ എന്നും, ഹാലേലൂയ്യാ എന്നും പറഞ്ഞ് സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്ക്കരിച്ചു. വലിയ പുരുഷാരവും (ക്രിസ്തീയ രക്തസാക്ഷികൾ) അപ്രകാരം ചെയ്തു. 19-ാം അദ്ധ്യായം 1-6 വാക്യങ്ങൾ സ്വർഗ്ഗത്തിലെ സന്തോഷഗീതം രേഖപ്പെടുത്തുമ്പോൾ 7-10 വാക്യങ്ങൾ കുഞ്ഞാടിന്റെ കല്യാണത്തെക്കുറിച്ച് പ്രിപാദിക്കുന്നു. ക്രിസ്തുവും (കുഞ്ഞാടും) അവന്റെ ജനവും (കാന്ത) തമ്മിൽ യോജിക്കുന്ന ദിവസം വലിയ ആഘോഷമാണ്. ആ ദിവസം സാത്താനെ എന്നേക്കും തോൽപ്പിക്കുമെന്ന് മുന്നറിയിപ്പ് നൽകുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുവാൻ വിവാഹം എന്ന ആശയം യിസ്രായേലിനെ പ്രവാചകന്മാർ ഉപയോഗിച്ചിട്ടുണ്ട്. (യെശയ്യാ: 54:18; ഹോശ. 2:19-20) പുതിയ നിയമത്തിൽ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിച്ചിരിക്കുന്നു. (എഫേ. 5:23-32) സഭയോടുള്ള ദൈവത്തിന്റെ സ്നേഹവും സന്തോഷവും, വിധേയത്വവും, വിശ്വസ്തതയും, ഉത്തരവാദിത്വവും വിവാഹം എന്നതിലൂടെ പ്രതിഫലിപ്പിക്കുന്നു. ഈ അദ്ധ്യായത്തിൽ പറയുന്ന സ്ത്രീ (കാന്ത) ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ചിരിക്കുന്നു.

ഈ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവർത്തികൾ ആകുന്നു. വെളിപ്പാടു പുസ്തകത്തിൽ പറയുന്ന മറ്റ് രണ്ട് സ്ത്രീകൾ 12-ാം അദ്ധ്യായത്തിൽ പറയുന്ന സൂര്യനെ അണിഞ്ഞ സ്ത്രീയും, 17-ാം അദ്ധ്യായത്തിൽ പറയുന്ന ധൂമ്ര വസ്ത്രവും ചുവപ്പും ധരിച്ച സ്ത്രീയുമാണ്. കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നുള്ളത് ദൈവത്തിന്റെ സത്യവചനമാണ്. ദൈവിക രഹസ്യങ്ങളെ വെളിപ്പെടുത്തിയ ദൂതനെ നമസ്ക്കരിക്കുവാൻ ഒരുങ്ങുമ്പോൾ, നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും ദൂതൻ സഹഭൃത്യനാണെന്നു പറയുന്നു. യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവുമാകുന്നു.

11-16 വാക്യങ്ങളിൽ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയെ വിവരിക്കുന്നു. വെള്ള കുതിരപ്പുറത്തിരിക്കുന്നവൻ ക്രിസ്തുവാണ്. യുദ്ധത്തിനു പുറപ്പെടുന്ന ഒരു യോദ്ധാവിനെപ്പോലെ ക്രിസ്തു കാണപ്പെടുന്നു. കുതിരപ്പുറത്തിരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്ന പേര്; രാജാധിരാജവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടയിന്മേലും എഴുതിയിരിക്കുന്നു. അവനല്ലാതെ ആർക്കും അറിഞ്ഞു കൂടാത്ത ഒരു നാമവും അവനുണ്ട്. അവനു ദൈവവചനം എന്നു പേരു പറയുന്നു. നീതിയോടു വിധിക്കയും പോരാടുകയും ചെയ്യുന്നവനാണ്. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ, രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു. രാജമുടികൾ അവന്റെ അധികാരത്തിന്റെ ചിഹ്നമാണ്. രക്തം ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തമാണ്. അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു. ഇരുമ്പുകോൽ കൊണ്ട് മേയിക്കും. ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വസ്ത്രം ധരിച്ച് അനുഗമിക്കുന്നു. ഈ സൈന്യം വെളി. 7:14-ൽ പറയുന്ന കുഞ്ഞാടിന്റെ രക്തത്താൽ തങ്ങളുടെ അങ്കി വെളുപ്പിച്ച 144000 വിശ്വസ്തരായ (വെളി. 14:3-5) ആളുകൾ ആയിരിക്കും.

17-21 വരെയുള്ള വാക്യങ്ങളിൽ ദൈവത്തിന്റെ ശത്രുക്കളുടെ നാശം പ്രദിപാദിക്കുന്നു. സൂര്യനിൽ നിൽക്കുന്ന ദൂതൻ യുദ്ധത്തിൽ മരിക്കുന്നവരുടെ മാംസം തിന്നുവാൻ പക്ഷികളെ ക്ഷണിക്കുന്നു. ക്രിസ്തുവും സൈന്യവും ഒരു വശത്തും മൃഗവും രാജാക്കന്മാരും അവരുടെ സൈന്യവും മറുവശത്തുമായി യുദ്ധത്തിനു തയ്യാറായി നിൽക്കുന്ന ചിത്രം, യോഹന്നാൻ ദർശിക്കുന്നത് 16-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന ഹെർമ്മ ഗദ്ദോൻ യുദ്ധമാണ്. മൃഗത്തെയും അതിനെ നമസ്ക്കരിക്കുകയും ചെയ്ത കള്ള പ്രവാചകന്മാരെ പിടിച്ചു കെട്ടി ഗന്ധകം കത്തുന്ന തീ പൊയ്കയിൽ ഇടുകയും ശേഷിച്ചവരെ നീതിയുടെയും ന്യായവിധിയുടെയും വാൾ കൊണ്ട് കൊല്ലുകയും ചെയ്തു. അവരുടെ മാംസം പക്ഷികൾ തിന്നു.

## ചോദ്യങ്ങൾ

1. മഹാവേശ്യ എന്നു നാമകരണം ചെയ്തിരിക്കുന്നത് ഏതു നഗരത്തെയാണ്?

2. പെരുവെള്ളം എന്നാലെന്ത്?

3. വേശ്യാവൃത്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?

4. 17-ാം അദ്ധ്യായത്തിൽ പറയുന്ന മൃഗത്തിന്റെ പ്രത്യേകത എന്ത്?

5. മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീയുടെ പ്രത്യേകതകൾ ഏവ?

6. സ്വർണ്ണപാനപാത്രത്തിലെ ആത്മീക അശുദ്ധതകൾ ഏവ?

7. കുഞ്ഞാടിനോടൊപ്പമുള്ള വിശുദ്ധരുടെ സവിശേഷതകൾ ഏവ?

8. 17-ാം അദ്ധ്യായത്തിൽ പറയുന്ന രാജാക്കന്മാരിൽ 8-ാമത്തെ ആൾ ആരാണ്?

9. ആരുടെ രക്തമാണ് മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ കുടിക്കുന്നത്?

10. ബാബിലോണിന്റെ പൈശാചിക അവസ്ഥകൾ ഏവ?

11. 18-ാം അദ്ധ്യായത്തിലെ പ്രധാന പ്രതിപാദ്യ വിഷയം എന്ത്?

12. സ്വർഗ്ഗത്തിലെ ദൂതന്റെ ആഹ്വാനം എന്തായിരുന്നു?

13. മാനുഷദേഹം, മാനുഷ പ്രാണൻ വ്യക്തമാക്കുക.

14. ബാബിലോണിന്റെ അധഃപതനത്തിൽ വിലപിക്കുന്നവർ ആരെല്ലാം?

15. ബാബിലോണിന്റെ അധഃപതനത്തിൽ ആനന്ദിക്കുന്നവർ ആരെല്ലാം?

16. ബാബിലോണിന്റെ അധഃപതനത്തിന്റെ കാരണങ്ങൾ ഏവ?

17. ബാബിലോണിന്റെ അധഃപതനത്തിൽ സ്വർഗ്ഗം ആഹ്ലാദിക്കുവാൻ കാരണം എന്ത്?

18. വിജയത്തിന്റെ ഗീതം എന്നറിയപ്പെടുന്ന വേദഭാഗം എഴുതുക.

19. നാശം സംഭവിച്ച നഗരത്തിന്റെ അവസ്ഥ വിശദീകരിക്കുക.

20. സ്വർഗ്ഗീയ ആരാധനയെ സൂചിപ്പിക്കുന്ന വേദഭാഗം എഴുതുക.

21. ഹാലേലുയ്യാ എന്ന വാക്കിന്റെ അർത്ഥമെന്ത്? പുതിയ നിയമത്തിൽ ഈ പദം രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ എഴുതുക?

22. കുഞ്ഞാടിന്റെ കല്യാണത്തെ സംബന്ധിച്ച് വിശദീകരിക്കുന്ന വേദഭാഗം എഴുതുക.

23. വിവാഹം എന്ന പ്രതീകത്തിലൂടെ വ്യക്തമാക്കുന്നതെന്തെല്ലാം?

24. വെളിപാടു പുസ്തകത്തിൽ പറയുന്ന 3 സ്ത്രീകൾ ആരെല്ലാം?

25. വെള്ള കുതിരപ്പുറത്തിരിക്കുന്ന ക്രിസ്തുവിനെ വിശദീകരിക്കുക?

26. ഹെർമ്മ ഗദ്ദോൻ യുദ്ധം എന്താണ് സൂചിപ്പിക്കുന്നത്?

27. കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നുള്ളത് എന്താണ്?


**BRIDE GROOM WANTED**

Orthodox Girl, Dentist, 26/154 cm From parents of God fearing orthodox boys of similar educational status.

Contact:
**9446434543**
**M4 ID: 4385722**

**BRIDE WANTED**

ഓർത്തഡോക്സ് യുവാവ് 28/175 cm, സിവിൽ എൻജിനീയറിംഗ് ഡിപ്ലോമാ മൾട്ടി നാഷണൽ കമ്പനിയിൽ ജോലി, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact:
**M4 ID: 4340689**
**9645466645, 9567476645**


## വിവാഹിതരായി




കിഴക്കയിൽ മാത്യു ജോണിന്റെയും മറിയാമ്മ മാത്യുവിന്റെയും മകൾ **മിൻസി റൂബി മാത്യുവും** കരിയാകുഴിയിൽ പരേതനായ റവ. ഫാ. ജോയി വർഗീസിന്റെയും മേരി റോയിയുടെയും മകൻ **ജോസ് കെ. ജോയിയും** തമ്മിൽ ജൂലൈ മാസം 2-ാം തീയതി പാലക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വിവാഹ മംഗള കർമ്മങ്ങൾ കാർത്താവിന്റെ കൃപയാൽ നടക്കപ്പെട്ടു.